# ഗുരുനാഥൻ.

പുസ്തകം 11 § 1106 മേടം § ലക്കം 9


## ഭാഷാസാഹിത്യവും വിമർശനവും.

II.

(ആർ. ഈശ്വരപിള്ള ബി. എ.)

പല മഹാന്മാരും മുമ്പേതന്നെ ഇതിനെ പ്രതീക്ഷിച്ചിട്ടുണ്ടെന്നുള്ളതിനു ലക്ഷ്യമുണ്ട്. സരസനായ മിസ്റ്റർ രാമക്കുറുപ്പ് അന്നത്തെ സാഹിത്യത്തിന്റെ പോക്കു കണ്ടിട്ട് അദ്ദേഹത്തിന് സഹജമായ ഫലിതരസത്തോടുകൂടി 'ചക്കീചങ്കരം' എന്ന ആക്ഷേപസൂചകമായ ഒരു നാടകം എഴുതീട്ടുള്ളതായി അറിവുണ്ട്. ഇന്നത്തെ നില അതിലും കടന്നതാണ്. കുറച്ചുകാലം മുൻപ് പരേതനായ മിസ്റ്റർ കുഞ്ഞിരാമൻ നായനാർ അക്കാലത്തെ സാഹിത്യത്തെ പ്രത്യേകിച്ചും നോവലുകളെ സൂക്ഷ്മദൃഷ്ട്യാ നിരീക്ഷണം ചെയ്തു ഫലിതോക്ത്യാ ചില ലേഖനങ്ങൾ എഴുതി പ്രസിദ്ധം ചെയ്തിട്ടുണ്ട്. ദിവംഗതനായ മിസ്റ്റർ. രാമകൃഷ്ണപിള്ളയും സാഹിത്യവിമർശനരൂപത്തിൽ ചിലതെല്ലാം എഴുതിയിട്ടുണ്ട്. അവയിൽ പലതും സൂക്ഷ്മജ്ഞാനം വിവേചനാബുദ്ധി, നിഷ്പക്ഷപാതിത്വം ഇവയെല്ലാംകൊണ്ട് സവിശേഷം ശോഭിക്കുന്നു. ഇവർ മൂന്നുപേരും ഇന്നുണ്ടായിരുന്നുവെങ്കിൽ ഉത്തമവിമർശകന്മാരായി പ്രശോഭിക്കുമായിരുന്നു. ഭാഷസാഹിത്യവും ഇത്രത്തോളം വഴിതെറ്റുകയില്ലായിരുന്നു. എന്നാൽ ഇന്നും ഇതിലേക്കു യോഗ്യതയുള്ളവർ ഇല്ലാതില്ല. പ്രഫസ്സർ മിസ്റ്റർ ശങ്കരൻ നമ്പ്യാർ ഒരു സാഹിത്യവിമർശകനു വേണ്ടതായ ഗുണങ്ങൾ ഉള്ള ഒരാളാണെന്നുള്ളതിനു തർക്കമില്ല. ഇപ്പോൾ സുപ്രസിദ്ധമായി തീർന്നിരിക്കുന്ന അദ്ദേഹത്തിന്റെ "അഭിനവകാവ്യാദർശം" ഖണ്ഡകാവ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നിശിതമായ ഖഡ്ഗധാരതന്നെയാണ്. തീക്ഷ്ണത അല്പം കൂടിപ്പോയില്ലയോ എന്നേ സംശയമുള്ളു. ഇതുപോലെ മറ്റു സാഹിത്യങ്ങളെ പറ്റിയും ഒരു നിരൂപണം അദ്ദേഹത്തിൽ നിന്നും ഉണ്ടായി കാണ്മാൻ പലരും കാത്തിരിക്കയാണ്. ഇദ്ദേ

ഹത്തിനെ കൂടാതെ ഇന്നു വിമർശനത്തിനു പലതുകൊണ്ടും യോഗ്യതയുള്ള ഒരാൾ മിസ്റ്റർ പി. കെ. നാരായണപിള്ളയാണ്. പക്ഷെ ഇദ്ദേഹം സായുധനാണെങ്കിലും, ഉജ്ജാപിത്തിരകൾ കൊണ്ടൊ മറ്റൊ മിക്കവാറും ഓങ്ങിപയ്യുകയാണ് ചെയ്യുന്നതു്. എങ്കിലും അതിനും അസാമാന്യമായ ശക്തിയുണ്ടെന്നു വേണം പറവാൻ. ഇനിയും ഇതിലേക്കു സമർത്ഥന്മാരായവർ പലരുമുണ്ടു്. എന്നാൽ അവർ കാര്യാന്തരങ്ങളിൽ ബദ്ധശ്രദ്ധന്മാരായിരിക്കുന്നതുകൊണ്ടു അവർക്കു ഇതിൽ തല്ക്കാലം ദൃഷ്ടിവയ്ക്കുവാൻ സൗകര്യമില്ലാതിരിക്കയാണ്. എന്നാൽ വിമർശനം ഒരു ദിവസം കൊണ്ടു പരിപൂർണ്ണതയെ പ്രാപിക്കുന്ന ഒരു കലയല്ല എന്ന് ഓർമ്മിക്കണം. സാഹിത്യവും വിമർശനവും സമപ്രസവങ്ങളുമല്ല. നിർമ്മാണശക്തി ഒട്ടവസാനിക്കുമ്പോളാണ് വിമർശകന്റെ ജോലി സാധാരണ ആരംഭിക്കുന്നതു്. ഗുണദോഷവിവേചനത്തിനു വേണ്ട സാഹിത്യസമൃദ്ധിയിൽ മാത്രമേ അതുത്ഭവിക്കാൻ തരമുള്ളൂ. ഭാഷാസാഹിത്യം ദ്രുതഗതിയിൽ വർദ്ധിക്കുന്നുണ്ടു്. വിമർശനം അതിന്റെ ഗതിയെ വീക്ഷിച്ചുംകൊണ്ടു പിന്നാലെ മന്ദം മന്ദം ചരിക്കുന്നുണ്ടെന്നു നമുക്കു സമാധാനമുണ്ടു്. മിസ്റ്റർ രാമക്കുറുപ്പു മുതലായവർ സൂക്ഷ്മദൃഷ്ട്യാ കണ്ട അതിന്റെ ആവശ്യം ഇന്നു ദ്വിഗുണീഭവിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് ഒരു വിമർശകസമിതിയോ മറ്റോ ഉണ്ടാകുമെന്നു തന്നെ നമുക്കാശിക്കാം. എന്നാൽ വിമർശകസ്ഥാനം ഏറ്റവും ഉത്തരവാദിത്വമുള്ള ഒന്നാണ്. ഭാഷാസാഹിത്യത്തിന്റെ ഗതിയെ നിയന്ത്രിക്കേണ്ടതു വിമർശകന്മാരുടെ ഹസ്തങ്ങളിലാണ്. അതുകൊണ്ടു് അവർക്കു അസാധാരണമായ പലഗുണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. അവർ ആദ്യമായി സാഹിത്യമർമ്മജ്ഞന്മാരും സാഹിത്യത്തിൽ വാസനയുള്ളവരും അസാമാന്യമായ പാണ്ഡിത്യവും ബുദ്ധിവൈഭവവും ഉള്ളവരുമായിരിക്കണം. ഇതിനും പുറമെ നിഷ്പക്ഷപാതിത്വം, ആർജ്ജവബുദ്ധി, അനസൂയ, സത്യസന്ധത മുതലായ സന്മാർഗ്ഗികഗുണങ്ങളും അത്യാവശ്യമാണ്. അലക്സാൻഡർ പോപ്പ് അദ്ദേഹത്തിന്റെ "വിമർശനം" എന്ന പദ്യപ്രബന്ധത്തിൽ ഉത്തമവിമർശകന്റെ ലക്ഷണങ്ങൾ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "അദ്ദേഹം ഉപദേശം നൽകുന്നതിനു സദാസന്തോഷമുള്ളവനും. എന്നാൽ അന്യരിൽ നിന്നു ജ്ഞാനംഗ്രഹിക്കുന്നതിൽ അനഹംകാരിയും. രാഗംകൊണ്ടോ ദ്വേഷംകൊണ്ടോ സത്യത്തിൽനിന്നു വ്യതിചലിക്കാത്തയാളും യുക്തിഹീനമായി മർക്കടമുഷ്ടിപിടിക്കാത്തവനും വിദ്വാനാണെങ്കിലും, സൗജന്യശീലനും, സൗജന്യമുണ്ടെങ്കിലും, സത്യനിഷ്ഠയുള്ളവനും, വിനയത്തോടുകൂടിയ ധീരനും, ദയയോടുകൂടിയ കർക്കശനും, തന്റെ സ്നേഹിതന്റെ കുറവുകളെ ചൂണ്ടിക്കാണിക്കുന്നതിനു ജാഗരൂകനും, തന്റെ ശത്രുവിന്റെ യോഗ്യതയെ സസന്തോഷം പ്രശംസിക്കുന്നതിനു സന്നദ്ധനും അന

വത്തിയായ വാസനയോടുകൂടിയവനും, എന്നാൽ അതിനാൽ കേവലം നിബന്ധനില്ലാത്തവനും, സാഹിത്യഗ്രന്ഥങ്ങളേയും മനുഷ്യനേയും കുറിച്ചു് സൂക്ഷ്മജ്ഞാനമുള്ളവനും, ഉദാരമതിയും, ദുരഭിമാനഹീനനും, സകാരണമല്ലാതെ പ്രശംസിക്കാത്തവനും ആയിരിക്കണം."

ഈ ഗുണങ്ങളെല്ലാം തികഞ്ഞതായ ഒരു മനുഷ്യനെ കാണ്മാൻ പ്രയാസമായിരിക്കാം. ഇതു് വിമർശകന്മാർ അവശ്യം വരിക്കേണ്ടതും അനുകരിക്കേണ്ടതുമായ ആദർശങ്ങൾ മാത്രമായി ഗണിക്കണമെന്നാണ് താല്പര്യം. ഇവിടെ വിവരിച്ചിട്ടുള്ള ചിത്തവൃത്തിയോടുകൂടിവേണം വിമർശകൻ സാഹിത്യഗ്രന്ഥങ്ങളെ സമീപിക്കാൻ എന്നുമാത്രമെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളു. വിമർശകനുവേണ്ടതായ സാധാരണ ഗുണങ്ങളെയാണ് ഇവിടെവിവരിച്ചതു്. ഇനിസാഹിത്യത്തിനു വേണ്ടതായുള്ള സാമാന്യഗുണങ്ങളിൽ ചിലതിനെപററിയും അല്പം പറയാം. മഹാകാവ്യം, കാവ്യം, ആഖ്യായിക, നോവൽ മുതലായവയ്ക്കു ചില പ്രത്യേകലക്ഷണങ്ങൾ കല്പിക്കപ്പെട്ടിട്ടുണ്ടു്. അവയെകുറിച്ചു് ഇവിടെ പ്രസ്ഥാവിക്കുവാൻ തുനിയുന്നില്ല. അതുവിദ്വാന്മാരും വിദഗ്ദ്ധന്മാരും ചെയ്തുകൊള്ളട്ടെ. ഇവിടെ സാധാരണ ഗദ്യപദ്യങ്ങൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങളിൽ പ്രധാനപ്പെട്ടവയെ മാത്രം ചൂണ്ടിക്കാണിക്കാമെന്നു വിചാരിക്കുന്നു. ഗദ്യങ്ങൾക്കും പദ്യങ്ങൾക്കും ശബ്ദഗുണം, അർത്ഥഗുണം, ഇങ്ങനെ രണ്ടുവിധംഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ശ്ലേഷം, ലാളിത്യം, ഗാംഭീര്യം, സൗകുമാര്യം, ഔദാര്യം, ഓജസ്സ്മുതലായവ, ശബ്ദഗുണങ്ങളും മാധുര്യം, പ്രൗഢത്വം, കോമളത്വം, ആശയസൗഷ്ഠവം അർത്ഥവ്യക്തി ഇവ അർത്ഥഗുണങ്ങളുമാകുന്നു. ഇതിനുപുറമെ പ്രസാദം, സൗഭാഗ്യം, യഥാസംഖ്യം, പ്രശസ്തത, പാകം, രാഗം ഇവ രണ്ടിനേയും ആശ്രയിച്ചുള്ള ഗുണങ്ങളുമാകുന്നു. ഇവയെല്ലാം ഗദ്യപദ്യസാഹിത്യങ്ങൾക്ക് അവശ്യം വേണ്ട ഗുണങ്ങളാണ്. ഇതിനു പുറമെ അലങ്കാരങ്ങളുടെ ഔചിത്യവും, വാചകങ്ങളുടെ ഘടനാരീതിയും അവയുടെ അന്യോന്യസംബന്ധവും മററും വിമർശനാവസരത്തിൽ ചിന്തിക്കേണ്ട വിഷയങ്ങളാണ് മേൽവിവരിച്ച ഗുണങ്ങളെ ഗ്രഹിക്കുന്നതിന് സാമാന്യജ്ഞാനമുള്ള വായനക്കാർക്കും സാധിക്കുന്നതാണ്. എങ്കിലും വായനക്കാർ അധികവും വിഷയത്തെ മാത്രം പിൻതുടരുന്നവരായിരിക്കുന്നതിനാൽ, ഭാഷയുടെ ഗുണദോഷങ്ങൾ അവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതു് അത്ര സാധാരണയല്ല. ഒരു കൃതിയെ സാഹിത്യദൃഷ്ട്യാ വീക്ഷിക്കുന്നവർ മാത്രമെ മേൽപറഞ്ഞ ശബ്ദാർത്ഥഗുണങ്ങൾ ഉണ്ടോ എന്നു ഗ്രഹിക്കാൻ സാധിക്കു. ഇപ്പോൾ ഒരുവിധം വിമർശനം നടപ്പുണ്ടു്. അതിനു നാം സാധാരണ പറയുന്ന പേർ "അഭിപ്രായം പറയുക" എന്നാണ്. ഇതു് സൂക്ഷ്മമായ ഒരു പരിശോധനയുടെ ഫലമല്ല. ഗ്രന്ഥം ആകപ്പാടെ നോ

ക്കിയിട്ടു 'നന്നായിരിക്കുന്നു' എന്നൊ 'ഇന്നിന്ന ദോഷങ്ങളുണ്ടു്' എന്നൊ ഒരു ഒഴുക്കൻമട്ടിൽ അഭിപ്രായം പുറപ്പെടുവിക്കയാണു് പതിവു്. ഇതു വിമർശനത്തിൻെറ ഒരു അവ്യക്തച്ഛായ മാത്രമാണു്. നിരൂപണബുദ്ധിയുടെ പ്രയോഗഫലമായി ഗണിക്കാൻ തരമില്ല. പലരിലും ഈ നിരൂപണബുദ്ധി വികസിക്കാതെയാണു കിടക്കുന്നതു്. ചിലൎക്കു് ഇതു ജാത്യാതന്നെ വളരെ കുറവായും കാണും. അല്പമായെങ്കിലും ഉണ്ടെങ്കിൽ അതു് നിരന്തരാഭ്യാസം കൊണ്ടു വികസിപ്പിക്കാവുന്നതുമാണു്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസരീതി അതിന്നനുകൂലമല്ലെന്നാണു് പലരുടേയും അഭിപ്രായം. നിൎമ്മാണബുദ്ധിയും, നിരൂപണബുദ്ധിയും അപൂൎവ്വങ്ങളായ അനുഗ്രഹങ്ങളാണു്. സാഹിത്യവിഷയത്തിൽ മാത്രമല്ല ഇതരലോകവ്യാപാരങ്ങളിൽ വിജയത്തിനും ഇവ ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ ആവശ്യങ്ങളായിട്ടുള്ളവയും ഉപയോഗപ്രദങ്ങളുമാണു്. യഥാർത്ഥസാഹിത്യകാരന്മാൎക്കിവ രണ്ടും കൂടാതെ കഴികയില്ല. വേറെ വിധത്തിൽ പറയുന്നതായാൽ ഇവ രണ്ടുമില്ലാത്തവർ സാഹിത്യകാരന്മാരായിരിക്കയില്ല. പക്ഷെ ഇന്നത്തെ സ്ഥിതി ഇതൊന്നുമല്ലതാനും. ഇന്നു ജനനനിയന്ത്രണം പ്രചാരത്തിൽ വന്നിരിക്കുന്ന കാലമാണു്. സാഹിത്യത്തിലും ദുസ്സന്താനങ്ങളെ ഉൽപാദിപ്പിക്കാതിരിക്കാൻ ഒരു നിയന്ത്രണശക്തി അത്യാവശ്യമായിട്ടാണിരിക്കുന്നതു്. എന്നാൽ അതത്ര എളുപ്പമായിട്ടുള്ള കാൎയ്യമാണെന്നു വിചാരിപ്പാൻ വഴിയില്ല. ഇന്നത്തെ ഭാഷാസാഹിത്യത്തെ ഉത്തമങ്ങൾ, മദ്ധ്യമങ്ങൾ, അധമങ്ങൾ ഇങ്ങിനെ മൂന്നു തരമായി തിരിക്കാം. ഉത്തമസാഹിത്യങ്ങൾ വിമർശനത്തിനു മീതെ നില്ക്കുന്നവയും, മദ്ധ്യമസാഹിത്യങ്ങൾ വിമർശനങ്ങൾക്കധീനമായിരിക്കുന്നവയും, അധമസാഹിത്യങ്ങൾ വിമർശനത്തിനു കീഴിൽ നില്ക്കുന്നവയുമാണു്. ഉത്തമസാഹിത്യങ്ങൾ വളരെ ചുരുക്കവും മദ്ധ്യമസാഹിത്യങ്ങൾ വളരെ അധികവും അധമസാഹിത്യങ്ങൾ അവധിയില്ലാത്തവയുമാണു്. ഉത്തമസാഹിത്യങ്ങളെ വിമർശിക്കേണ്ട ആവശ്യമേയില്ല. അധമസാഹിത്യങ്ങളെ വിമർശിക്കുന്നതു സാദ്ധ്യവുമല്ല. അതു് പ്രയോജനശൂന്യവും സമയദുൎവ്യയവും കൂടിയാണു്. അവ കാലത്തിൻെറ വിമർശനത്താൽ തന്നെ നശിച്ചുപോകുന്നു. അതുകൊണ്ടു് ഉത്തമസാഹിത്യങ്ങളും വിമർശനാനന്തരം ശേഷിക്കുന്ന മദ്ധ്യമസാഹിത്യങ്ങളും മാത്രമെ ഭാഷയിൽ സ്ഥായിയായി നില്ക്കുകയുള്ളു. എന്നാൽ സാഹിത്യങ്ങളെ ഇപ്രകാരം തരംതിരിക്കുന്നതിനു തന്നെ ഒരുവിധം വിമർശനം കൂടാതെ കഴികയില്ല. ഈ കാരണങ്ങളാൽ ഭാഷാസാഹിത്യത്തെ സംബന്ധിച്ചു പ്രാരംഭ ഘട്ടങ്ങളായി ഒരു വിമർശകസമിതിയും വിമർശനതത്വങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥവും സമിതിയുടെ ജിഹ്വയായി ഒരു മാസികയും തല്ക്കാലം ഉണ്ടായിരിക്കുന്നതു നന്നാണു്. ഇപ്പോൾ ആരംഭിച്ചാൽ മാത്രമെ അതു കാലാ

ന്തരത്തിൽ സമർത്ഥവും ഫലപ്രദവുമായി വരികയുള്ളൂ. ഭാഷാസാഹിത്യം ഇന്നു ലഗാനില്ലാത്ത കുതിരയെപ്പോലെ "വൽഗിത"ഗതിയെ അവലംബിച്ചിരിക്കയാണ്. ഇതാണ് നിയന്ത്രണത്തിനു പാററിയ കാലം. ദ്രുതഗതിയിൽ ഉത്ഭവിച്ചുകൊണ്ടിരിക്കുന്ന സാഹിത്യങ്ങൾ എല്ലാം വിമർശകസമിതിയുടെ ദൃഷ്ടിയിൽ പെട്ടു എന്നു വരികയില്ല. എന്നാൽ മുമ്പു പറഞ്ഞതുപോലെ ഇപ്രകാരം ഒരു ശാസനസ്ഥാനം ഉണ്ടെന്നുള്ള ഭയം ക്ഷുദ്രസാഹിത്യം അനായാസേന എഴുതിത്തള്ളുന്നവർക്കുണ്ടാവാൻ ഇടയുണ്ട്. ഇങ്ങിനെയൊക്കെയിരുന്നാലും ഭാഷയുടേയും ജനങ്ങളുടേയും പരിഷ്കാരത്തിന്റെ ഒരു ഘട്ടത്തിൽ സാഹിത്യവർദ്ധന ഒഴിച്ചുകൂടാത്ത ഒരു കാര്യമാണ്. ജനസമുദായം നവീനങ്ങളായ ചിന്തകൾ കൊണ്ട് ഉൽബുദ്ധമായും വിദ്യാഭ്യാസം കൊണ്ട് ഉന്മിഷിതമായും വരുന്തോറും നിർമ്മാണശക്തി പ്രവൎത്തിച്ചു തുടങ്ങുന്നതു സഹജമാണ്. ഇതിന്റെ ഫലമായി ഉത്ഭവിക്കുന്ന സാഹിത്യങ്ങളും ഏറക്കുറെ ഉണ്ടായിരിക്കും. ഇവയ്ക്കു വിമർശകൻ യഥായോഗ്യം സ്വാഗതം നൽകേണ്ടതു തന്നെയാണ്. എന്നാൽ കവി പറയുന്നതുപോലെ "അല്പജ്ഞാനം സദാ അപായകരമാണ്." ജ്ഞാനനിർഝരിയെ ഒന്നുകിൽ ധാരാളം പാനം ചെയ്യണം. അല്ലെങ്കിൽ സ്വാദുനോക്കാൻ പോകരുത്. സ്വാദുനോക്കുക മാത്രം ചെയ്താൽ തലയ്ക്കു ലഹരി പിടിക്കും. ധാരാളം പാനം ചെയ്താൽ ചൊരുക്കു തീരും. സാഹിത്യത്തിൽ പ്രത്യേകിച്ചും ഇതു പരമാർത്ഥമാണ്. അങ്ങിനെയുള്ളവർ ഗ്രന്ഥനിർമ്മാണത്തിനു തുനിയുന്നത് ക്ഷന്തവ്യമല്ലാത്ത ഒരു സാഹസമാണ്. അവരെ ഉപദേശിക്കേണ്ടതും ശാസിക്കേണ്ടതും ഉത്തമവിമർശകന്റെ ചുമതലയാണ്. ഭാഷയിൽ സാഹിത്യം വർദ്ധിക്കുന്നതു നന്നുതന്നെയാകുന്നു. പക്ഷെ അവ സാഹിത്യം എന്ന നാമം ധരിക്കുന്നതിനു യഥാർത്ഥത്തിൽ അർഹതയുള്ളവയായിരിക്കേണ്ടതാണ്. ഇങ്ങിനെയല്ലാത്തവ ഇന്നു ഭാഷയിൽ ഒട്ടധികം ഉണ്ടാകുന്നുണ്ട്. അവയുടെ സംഖ്യയെ കുറയ്ക്കുന്നതിന് ഒരു നിയന്ത്രണശക്തിയുടെ ആവശ്യം പ്രത്യക്ഷമായിരിക്കുന്നു. വിമർശനം ആവശ്യമാണെങ്കിലും വഴി തെററിയ വിമർശനം ഗുണത്തേക്കാൾ അധികം ദോഷത്തെയാണു ചെയ്യുന്നതു്. എന്നാൽ അബദ്ധഎഴുത്തുകാരേക്കാൾ അധികം ദോഷം ചെയ്യുന്നതു് അബദ്ധവിമർശകന്മാരാണ്. ക്ഷുദ്രകൃതി എഴുത്തുകാർ നമ്മുടെ ക്ഷമയെ ക്ഷീണിപ്പിക്കുന്നു. അബദ്ധവിമർശകന്മാർ നമ്മുടെ ബുദ്ധിയേത്തന്നെ വ്യതിചലിപ്പിക്കയാണു ചെയ്യുന്നതു്. അതുകൊണ്ട് വിമർശകസ്ഥാനം വഹിക്കുന്നവർ ബുദ്ധിവൈഭവം കൊണ്ടും സ്വഭാവഗുണംകൊണ്ടും അതിലേയ്ക്കു സർവ്വഥാ യോഗ്യന്മാരായിരിക്കണം. ഇങ്ങിനെയുള്ള മഹത്തുക്കൾ ഉൾപ്പെട്ട ഒരു സമിതിയാണ് ഇന്നു നമുക്കാവശ്യം. ഇങ്ങിനെ ഒരു സമിതിയെ സ്ഥാപിക്കയാണ് ഭാഷാഭിമാ

നികളുടെ ചുമതല. ഇതിനും പുറമെ വിമൎശനതത്വങ്ങളടങ്ങിയ ഒരു ഗ്രന്ഥവും വിമൎശനത്തിനായി പ്രത്യേകം ഒരു മാസികയും ആവശ്യമാണ്. സമിതിയിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന ചുമതല സാഹിത്യപരിഷത്തിനിരിക്കേണ്ടതാണ്. ഈ സംഗതി ഭാഷാഭിമാനികളുടെ ശ്രദ്ധയ്ക്കു് വിഷയീഭവിക്കുമെന്നു വിശ്വസിക്കുന്നു. ഭാഷാസാഹിത്യത്തിന്റെ ഒരു പ്രധാനമായ ആവശ്യത്തെ മാത്രമെ ഇവിടെ സ്പൎശിച്ചിട്ടുള്ളു. ഇതു കൂടാതെ സാഹിത്യത്തിന്റെ സംശോധനയ്ക്കും സംരക്ഷണത്തിനും അത്യാവശ്യങ്ങളായ മറ്റു പല കാൎയ്യങ്ങളും വേറെയും ഉണ്ടു്. നവീനാശയങ്ങളേയും പദങ്ങളേയും ആവാഹിച്ചു ഭാഷയെ പുഷ്ടിപ്പെടുത്തുക; ഭാഷാസാഹിത്യത്തിൽ നൂതനപ്രസ്ഥാനങ്ങൾ തുറക്കുക; ഇതരഭാഷകളിലുള്ള പ്രൗഢഗ്രന്ഥങ്ങളുടെ ഭാഷാന്തരീകരണം. അല്ലെങ്കിൽ അനുകരണം, ഭാഷാശൈലികൾ, ലോകോക്തികൾ ഇവയെ ശേഖരിച്ചു സൂക്ഷിക്കുക; ശാസ്ത്രീയമായും മറ്റുമുള്ള ആവശ്യത്തിലേക്കു് നൂതനപദങ്ങളെ സൃഷ്ടിക്കുക മുതലായി മറ്റു പലതും ചെയ്യേണ്ടതായിട്ടുണ്ടു്. ഇവയെക്കുറിച്ചു് ഇനി ഒരവസരത്തിൽ പ്രതിപാദിക്കാമെന്നു് ആശിക്കുന്നു.

# സദാചാരാഭ്യസനം

(എ. വി. കൃഷ്ണമേനോൻ എം. എ., ബി. എൽ., എൽ. ടി. സാമൂതിരി കാളേജ്)

“മനുഷ്യനിൽ അസ്പഷ്ടമായി ലയിച്ചുകിടക്കുന്ന പൂൎണ്ണതയെ സ്പഷ്ടമാക്കിത്തീൎക്കുന്നതാണ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം” എന്നു് വിവേകാനന്ദസ്വാമികൾ ചുരുക്കത്തിലും ഭംഗിയിലും പറഞ്ഞിട്ടുണ്ടു്. മനുഷ്യസ്വഭാവം പൂൎത്തിയാകുന്നതോടുകൂടി മനുഷ്യൻ പൂൎണ്ണതയെ പ്രാപിക്കും. സദാചാരാഭ്യസനത്തിന്റെ ഉദ്ദേശം ഈ സ്വഭാവത്തെ ഉല്ലാദിപ്പിച്ചു് ശക്തിപ്പെടുത്തി പൂൎത്തിയാക്കുകയാണെന്നാകുന്നു എന്റെ അഭിപ്രായം. ചെറുപ്പത്തിൽ തന്നെ നല്ല ശീലങ്ങൾ അഭ്യസിപ്പിക്കുന്നതിന്മേലാണ് സ്വഭാവത്തിന്റെ പരിപൂൎണ്ണത ആശ്രയിച്ചു നില്ക്കുന്നതു്. അതുകൊണ്ടു് ബാലന്മാൎക്കു് സന്മാൎഗ്ഗപരിശീലനം ഉണ്ടാക്കുന്നതു് സദാചാരാഭ്യസനത്തിന്റെ അടിസ്ഥാനമിടുകയായിരിക്കും. സാധാരണയായി പന്ത്രണ്ടും പതിനാറും വയസ്സിന്റെ മദ്ധ്യത്തിൽ ഉള്ള പ്രായക്കാരായിരിക്കും ഹൈസ്കൂൾവിദ്യാ

ത്ഥികൾ. തീർച്ചയായും ഈ ദശയിലാണ് നല്ല നടപടിയും സ്വഭാവവും ഉണ്ടാക്കി സ്ഥിരപ്പെടുത്തേണ്ടതും. അതുകൊണ്ട് ഹൈസ്കൂളുകളിലെ പാഠവിഷയപ്പട്ടികയിൽ സദാചാരാഭ്യസനം ഒരു മുഖ്യവിഷയമാക്കേണ്ടതാണെന്നു വെളിവാകുന്നുണ്ട്. മദിരാശി സർവ്വകലാശാലാ സൈനററ് യോഗത്തിൽ കാളേജ്ക്ലാസുകളിലും സദാചാരാഭ്യസനം നിർബന്ധമാക്കേണ്ടതാണെന്ന് ഒരു പ്രമേയം അവതരിപ്പിക്കയുണ്ടായി. പക്ഷെ, അതിലെ മിക്ക അംഗങ്ങളും ഇതുകൊണ്ട് വിശേഷാൽ ഗുണമൊന്നും ഉണ്ടാകുന്നതല്ലെന്നഭിപ്രായപ്പെട്ടതിൽ, ആ പ്രമേയം തള്ളപ്പെട്ടു. ഇതിനെപ്പററി വാഗ്വാദം ചെയ്യുവാൻ ഇവിടെ ഞാൻ ഒരുങ്ങുന്നില്ല.

മദിരാശി സംസ്ഥാനത്തിലെ സ്കൂളുകളിൽ സദാചാരാഭ്യസനം പാഠവിഷയമാക്കിത്തീർത്തിട്ട് അധികം കാലമായിട്ടില്ല. പക്ഷെ ഇംഗ്ലണ്ടിലും, അമേരിക്കയിലും ഇതിൻെറ പ്രാമുഖ്യത സമ്മതിക്കപ്പെട്ടിട്ട് വളരെക്കാലമായിരിക്കുന്നു. ഇക്കാര്യത്തിൽ അമേരിക്കക്കാരുടെ അഭിപ്രായമെന്തെന്ന്, അവിടത്തെ "മസ്സാചസ്സററ്സ് സ്റ്റേററ്ലാ" എന്ന പത്രത്തിൽനിന്ന് താഴെ ഉദ്ധരിച്ചിട്ടുള്ള വരികൾ വ്യക്തമാക്കുന്നതാണ്.

"വിദ്യാഭ്യാസത്തിനുവേണ്ടി തങ്ങളുടെ അധീനത്തിൽ ആക്കപ്പെട്ടിട്ടുള്ള ചെറുബാലന്മാരുടേയും യുവാക്കന്മാരുടേയും മനസ്സുകളിൽ താഴെ പറയുന്ന തത്വങ്ങൾ ബലമായി ധരിപ്പിക്കുവാൻ കഴിയുന്നതും ശ്രമിക്കുന്നതു് യുവജനവിദ്യാഭ്യാസത്തിന് ഏല്പ്പെട്ടിട്ടുള്ള സകല അദ്ധ്യാപകന്മാരുടേയും മുറയാകുന്നു:- ദൈവഭക്തിയുടേയും നീതിയുടേയും തത്വങ്ങൾ, പരിശുദ്ധമായ സത്യനിഷ്ഠ, സ്വരാജ്യസ്നേഹം, സാധാരണമായ ഗുണബുദ്ധിയും ദയയും, മനസ്സിൻെറ പാകത, മിതവ്യയം, ചാരിത്രശുദ്ധി, ക്രമം, മിതാനുഭോഗം ഇവയും മററു മനുഷ്യസമുദായത്തിനുവേണ്ട ഗുണങ്ങളും സദാചാരാഭ്യസനത്തിൽ ഉൾപ്പെട്ടതാകുന്നു."

1902-ലെ പുതിയ വിദ്യാഭ്യാസനിയമത്തിൽ ഇംഗ്ലണ്ടിലെ വിദ്യാഭ്യാസവിചാരകസഭയുടെ അഭിപ്രായവും താഴെ കാണിക്കുന്നു:-


"സന്മാർഗ്ഗപരിശീലനവിഷയത്തിൽ മാനേജർമാരും അദ്ധ്യാപകന്മാരും സ്കൂൾനടത്തിപ്പിൽ ന്യായപ്രകാരമുള്ള ശിക്ഷാക്രമങ്ങൾ ബുദ്ധിപൂർവ്വം ഏറ്റപ്പെടുത്തി നടത്തുവാൻ ശ്രമിച്ചിട്ടുണ്ടെന്ന് ഇൻസ്പെക്ടർമാരെ ബോദ്ധ്യപ്പെടുത്തുമെന്നു ഞങ്ങൾ കരുതുന്നു. ഈ ക്രമങ്ങൾ: കൃത്യസമയത്തു് സ്കൂളിൽ ഹാജരാകുവാനുള്ള ശീലം, അവരവരുടെ മുറകൾ ചെയ്യുന്നതിൽ വിമുഖത കാണിക്കാതെ കല്പനയനുസരിക്കാനുള്ള ശീലം, അന്യന്മാരെ ആദരിച്ചു ബഹുമാനിക്കുന്ന ശീലം, വാക്കിലും പ്രവൃത്തിയിലും സ്വാഭിമാനവും സത്യവും ബലികഴിക്കാതെയിരിക്കുവാനുള്ള ശീലം, മര്യാദയിൽ നടപ്പാനും അസഭ്യവാക്കുകൾ ഉപയോഗിക്കാതെയിരിക്കുവാനും ഉള്ള ശീലം, വൃത്തി

യിലും വെടിപ്പിലും നടപ്പാനുള്ള ശീലം ഇവയൊക്കെയാണ് അത്യാവശ്യമായിട്ടുള്ളവ."

"ശീലം നന്നാക്കാൻ കാലം വൈകിപ്പോയി" എന്ന് ഒരിക്കലും വരുന്നതല്ല. എല്ലാ ഹൈസ്കൂളുകളിലും സന്മാർഗ്ഗപരിശീലനം നിർബന്ധമായി വന്നിട്ടുള്ളതുപോലെ നമ്മളുടെ സ്കൂളുകളിലെ പാഠവിഷയപ്പട്ടികയിലും മാററങ്ങൾ വരുത്തിയിട്ടുണ്ട്. ഞാൻ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് സദാചാരാഭ്യസനം എന്ന ഒരു വിഷയം തന്നെ ഉണ്ടായിരുന്നില്ല. പക്ഷെ അന്ന് അതിൻെറ ആവശ്യം ഇത്ര ഉണ്ടായിരുന്നില്ല എന്നൂഹിക്കാം. പിന്നീട് വിദ്യാർത്ഥികളിൽ നടപടിദൂഷ്യങ്ങൾ ക്രമേണ അധികമായി വരികയാൽ, തന്നിവൃത്തിക്കുവേണ്ടി വല്ലതും ചെയ്യേണമെന്ന് വിദ്യാഭ്യാസാധികൃതന്മാൎക്കു തോന്നിയതുകൊണ്ടായിരിക്കാം അവർ ഇപ്രകാരം ഒരു നിശ്ചയം ചെയ്വാൻ നിർബന്ധിതരായിട്ടുള്ളത്. ഈ ഊഹം ശരിയായാലും തെററായാലും ഈ പുതിയ ഏൎപ്പാട് എത്രയും ഉചിതമായിരിക്കുന്നു. മനപ്പൂൎവ്വമായ ശ്രദ്ധയും ഉത്സാഹവും ഉള്ള ഒരു അദ്ധ്യാപകനാകുന്നപക്ഷം, തൻെറ ഭരണത്തിൽ ഉള്ള വിദ്യാൎത്ഥികൾക്കു ഈ സദാചാരാഭ്യസനംകൊണ്ട് വളരെ സ്ഥായിയായ ഗുണങ്ങൾ സിദ്ധിക്കാനുണ്ട്.

ഇപ്പോൾ നിലവിലുള്ള ഏൎപ്പാടുപ്രകാരം ഹൈസ്കൂളുകളിലെ മൂന്നു ഫോറങ്ങളിലും ഓരോ പിരിയേഡ് സദാചാരവിഷയത്തിനായി നിശ്ചയിച്ചിട്ടുണ്ട്. ഈ വിഷയത്തിലെ ഓരോ ഭാഗങ്ങളും സൂക്ഷ്മതയോടെ നിൎണ്ണയിക്കപ്പെട്ടിട്ടുണ്ട്. നാലാംഫോറത്തിൽ അവരവർ ചെയ്യേണ്ടുന്ന മുറകളെപ്പററിയും, അഞ്ചാംഫോറത്തിൽ സമുദായത്തോടു ചെയ്യേണ്ടുന്ന മുറകളേപ്പററിയും, ആറാംഫോറത്തിൽ ഒരു പൗരൻെറ മുറകളെപ്പററിയും അദ്ധ്യാപകന്മാർ പഠിപ്പിക്കണം. ഈ മുറകളിൽ സകല മനുഷ്യകൃത്യങ്ങളും അടങ്ങിയിട്ടുണ്ട്. എന്നാൽ, മനുഷ്യർ ദൈവത്തോട് അനുഷ്ഠിക്കേണ്ട മുറകളിൽ കുറേക്കൂടി ഗൌരവം കൂട്ടേണ്ടതായിരുന്നു എന്ന് ഞാൻ വിചാരിക്കുന്നു. മാനുഷശക്തിയെ അധികരിച്ചിട്ടുള്ള ഒരു മഹാശക്തി ലോകത്തെ ഭരിച്ചുവരുന്നുണ്ടെന്നും, ഈ മഹാശക്തിക്കാണ് ദൈവമെന്നു പറഞ്ഞുവരുന്നതെന്നും, അങ്ങിനെയുള്ള ദൈവത്തെ ഭയഭക്തിയോടെ കരുതിവരുന്നതു മനുഷ്യരുടെ ഏററവും ഉൽകൃഷ്ടമായ മുറയാണെന്നും ചെറുവിദ്യാർത്ഥികളെ ധരിപ്പിക്കയും വിചാരവിഷയമാക്കുകയും ചെയ്യേണ്ടതാണ്. സ്വഭാവനിൎമ്മാണത്തിൻെറ അസ്തിവാരം ദൈവത്തോടുള്ള ഭക്തിയും ഭയവും വിനയവും ആയിരിക്കണമെന്നാണ് എൻെറ അഭിപ്രായം. സകല മുറകളേയും മൂന്നു തലവാചകത്തിൻകീഴിൽ ഒതുക്കുന്നതായിരിക്കും അധികം എളുപ്പമാവുക. അതാവിത്: 1. ദൈവത്തോടുള്ള മുറകൾ, 2.

ഇതരന്മാരോടുള്ള മുറകൾ, 3. തങ്ങളോടു ചെയ്യേണ്ടും മുറകൾ. ഇതിൽ രണ്ടാമത്തേതിൽ സാമുദായികകൃത്യങ്ങളും രാഷ്ട്രീയകൃത്യങ്ങളും ഉൾപ്പെടും. മൂന്നാമത്തേതിൽ ശരീരാഭ്യാസം, മാനസികപരിഷ്കാരം, സന്മാർഗ്ഗപരിശീലനം ഈ മൂന്നും ഉൾപ്പെടും. വരച്ചുകാണിക്കുന്നതായാൽ ഈ വിഭജനം താഴെ കാണിക്കുംപ്രകാരമായിരിക്കും:—




നാലാംഫോറത്തിൽ ദൈവത്തോടും തങ്ങളോടും ഉള്ള മുറകളെപ്പറ്റിയും, അഞ്ചും ആറും ഫോറങ്ങളിൽ സാമുദായികവും രാഷ്ട്രീയവും ആയ മുറകളെപ്പറ്റിയും പഠിപ്പിക്കാവുന്നതാകുന്നു. പാഠവിഷയപ്പട്ടികയിൽ കൊടുത്തിട്ടുള്ളതും ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതും തമ്മിൽ അധികവ്യത്യാസമൊന്നുമില്ല. സ്വകൃത്യങ്ങളിൽ ദൈവത്തോടുള്ള മുറ എന്ന ഭാഗത്തിൽ പട്ടികയിൽ കൊടുത്തിട്ടുള്ളതിൽ അധികം നിഷ്കർഷ വെക്കണമെന്നു മാത്രമാണു ഞാൻ പറയുന്നതു്. ഈ കാര്യം എന്റെ അഭിപ്രായത്തിൽ, വളരെ ആവശ്യവുമാണു്.

പഠിപ്പിക്കുന്ന സമ്പ്രദായത്തെപ്പറ്റി പറകയാണെങ്കിൽ വിദ്യാർത്ഥികൾക്കു രസവും ശ്രദ്ധയും ഉളവാക്കുന്ന വിധത്തിൽ ഈ വിഷയം പഠിപ്പിക്കണമെന്നേയുള്ളു. മുഖ്യതത്വങ്ങൾ അടങ്ങിയ കഥകൾ, പ്രമാണപദ്യങ്ങൾ, വാക്യോദ്ധാരണങ്ങൾ, ലോകോക്തികൾ ഇവകൾ ഇടക്കിടക്കു് ഉപയോഗപ്പെടുത്തിക്കൊണ്ടു ഗുരുനാഥൻ കുട്ടികളുടെ ശ്രദ്ധ ഉണർത്തണം. ഇവകൾക്കു പുറമെ ലോകചരിത്രങ്ങളിൽനിന്നും, ജീവചരിത്രങ്ങളിൽനിന്നും സന്ദർഭോചിതമായ ഉദാഹരണങ്ങൾ എടുത്തു പറയാം. ഉദാഹരണമായി, സത്യനിഷ്ഠയുടെ മാഹാത്മ്യം പഠിപ്പിക്കേണ്ട ഘട്ടത്തിൽ ജീവിച്ചിരിപ്പുള്ള മഹാത്മജിയെ ചൂണ്ടിക്കാണിക്കാം. മഹാത്മജി ഇപ്പോഴത്തെ ഉന്നതപദവിയിൽ എത്തിയതു്, അദ്ദേഹത്തിന്റെ കറയില്ലാത്ത സ്വഭാവ

ഗുണം കൊണ്ടാണെന്നും, ഈ സ്വഭാവത്തിൽ ശോഭിച്ചു വിളങ്ങുന്നതു് അദ്ദേഹത്തിൻെറ സത്യനിഷ്ഠയും, അഹിംസാവ്രതവുമാണെന്നും വിദ്യാർത്ഥികൾക്കു പറഞ്ഞുകൊടുത്താൽ മതിയാവുന്നതാകുന്നു. ഇങ്ങിനെയുള്ള ഉദാഹരണങ്ങളുടെ സഹായത്താൽ വിദ്യാർത്ഥികളുടെ മനസ്സിൽ ഉന്മേഷവും, രസവും ഉണ്ടാക്കിത്തീർക്കാവുന്നതാണെന്നുള്ളതിൽ സംശയമില്ല. ഇങ്ങിനെ സദാചാരപാഠവിഷയത്തിൽ സാധാരണയായി കുട്ടികൾ കാണിക്കുന്ന അശ്രദ്ധയും ഉന്മേഷക്കുറവും കളവാനായി, പുസ്തകങ്ങളിൽ നിന്നു് സന്ദർഭോചിതമായ വാക്യങ്ങൾ ഉദ്ധരിച്ചും, പുരാണകഥകളേയും പഴഞ്ചൊല്ലുകളേയും അവസരംപോലെ ഉപയോഗിച്ചും പാഠവിഷയം വിദ്യാർത്ഥികളുടെ മനസ്സിൽ തട്ടുന്നുണ്ടോ എന്നു് ഇടക്കിടക്കറിയണം. വിദ്യാർത്ഥികളുടെ മനസ്സിൽ ഈ വിഷയം ഒരു ചലനവും ഉണ്ടാക്കുന്നില്ലെങ്കിൽ ഇതുകൊണ്ടു് യാതൊരു പ്രയോജനവും ഇല്ല. സ്കൂൾ ഇൻസ്പെക്ടർ പരിശോധനക്കു വരുന്ന ആഴ്ചയിലല്ലാതെ മററു സമയങ്ങളിലെല്ലാം സദാചാരവിഷയത്തിന്നു വെച്ചിട്ടുള്ള സമയത്തു മററുവിഷയങ്ങളാണു് അദ്ധ്യാപകന്മാർ എടുത്തുവരുന്നതെന്നു് എത്രയോ പരസ്യമായ ഒരു പരമാർത്ഥമാണു്. ഇതിന്നു മുഖ്യകാരണം കുട്ടികളെ ശ്രദ്ധിപ്പിക്കുന്നതിലുള്ള പ്രയാസമാണു്. വേറെ ഒരു കാരണം സദാചാരം പരീക്ഷാവിഷയമല്ലാത്തതാണു്. ഇവിടെയുള്ള മിക്ക സ്കൂളുകളും പരീക്ഷകളിൽ എത്ര കുട്ടികൾ ജയിച്ചിട്ടുണ്ടെന്നു നോക്കിയിരിക്കയല്ലാതെ വിദ്യാഭ്യാസത്തിൻെറ ഒന്നാമതായും മഹത്തായും ഉള്ള സ്വഭാവപരിഷ്കരണോദ്ദേശത്തെ സ്മരിക്കുന്നതേയില്ല. ഈ അവസ്ഥ പ്രകൃതത്തിൽ ഞാൻ എടുത്തു പറഞ്ഞുവെന്നേയുള്ളൂ. എൻെറ സ്വന്തപരിചയം പറകയാണെങ്കിൽ, സദാചാരവിഷയം എടുക്കുന്ന സമയങ്ങളിൽ, കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുന്നതിൽ എനിക്കു് ഒരിക്കലും പ്രയാസം നേരിട്ടിട്ടില്ല. മററു വിഷയങ്ങൾ എടുക്കുമ്പോഴെല്ലാം ഗുരുനാഥൻ മുന്നൊരുക്കം ചെയ്യുന്നതു് ആവശ്യമായിരിക്കുന്നതുപോലെ തന്നെ ഈ വിഷയം എടുക്കുമ്പോഴും അതു ആവശ്യമാണു്. ഈ വിഷയം എടുക്കുവാൻ ഭാവിക്കുന്നതിന്നു മുമ്പായി ഗുരുനാഥൻ യാതൊരു ഒരുക്കങ്ങളും ചെയ്യേണ്ടതില്ലെന്നുള്ള ഒരു ധാരണ തീരെ തെററാണു്. യാതൊരു ഒരുക്കവും കൂടാതെ ഈ വിഷയം പഠിപ്പിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലെന്നു് എനിക്കു തീർച്ചയായിട്ടറിയാം. ഈ തത്വം അദ്ധ്യാപനശാസ്ത്രത്തിൻെറ മൂലതത്വമായിട്ടെടുക്കാം. ഈ തത്വത്തിൽനിന്നു് ഒരൊഴിവു സദാചാരപാഠവിഷയത്തിന്നു മാത്രം കല്പിച്ചിട്ടില്ല. ഈ വിഷയത്തിൻെറ ഗുണം മുഴുവനും അദ്ധ്യാപകനെ ആശ്രയിച്ചാണു നില്ക്കുന്നതു്. അദ്ദേഹം എല്ലാ പാഠത്തിന്നും ഒരു പ്രത്യക്ഷ ഉദാഹരണമായിരിക്കണം. താൻ പഠിപ്പിക്കുന്ന കുട്ടികൾ യഥാർത്ഥമായി അനുകരിക്കുകയും വേണം. അദ്ദേഹം കൊടുക്കു

ന്ന ഉപദേശങ്ങളേക്കാൾ അധികം കുട്ടികൾക്ക് ഉത്സാഹജനകമായിത്തീരുന്നത് തന്റെ സജീവമായ ഉദാഹരണമാകുന്നു. ശ്രേഷ്ഠഗുണബഹുമാനം, സ്വാശ്രയം, മനോനിയമനം, ആത്മത്യാഗസന്നദ്ധത, പ്രയാസഘട്ടത്തിലും സത്യനിഷ്ഠ, കൃത്യബോധസ്ഥൈര്യം, ധർമ്മനീതിയിൽ ഗൗരവം, പരോപകാരപ്രസക്തി എന്നീ ഗുണങ്ങൾക്കു പുറമെ കൃത്യനിഷ്ഠാബോധവും, മഹത്തായ സാന്മാർഗ്ഗികനിലയും, നന്മചെയ്യുന്നതിനു തീവ്രമായ ആഗ്രഹവും കുട്ടികളിൽ പ്രതിഫലിപ്പിക്കാൻ ഉള്ള ശക്തി ഗുരുനാഥനുണ്ടായിരിക്കണം. ഈ മഹൽകൃത്യനിർവ്വഹണത്തിൽ ഗുരുനാഥൻ രക്ഷിതാക്കന്മാരുടെയും മാതാപിതാക്കന്മാരുടേയും സഹകരണവും ആനുകൂല്യവും ആവശ്യപ്പെടണം. ഇവർ തങ്ങളുടെ കുട്ടികളെ സ്ക്കൂളിലേയ്ക്കു അയക്കുന്നതോടുകൂടി തങ്ങൾക്ക് അവരോടുള്ള കൃത്യം നിറവേററിക്കഴിഞ്ഞിട്ടില്ലെന്ന് അവരെ ധരിപ്പിക്കണം. ഇങ്ങിനെയായാൽ, സ്ക്കൂളിൽനിന്നു പഠിപ്പിക്കുന്ന സന്മാർഗ്ഗശീലവും, വീട്ടിൽ നിന്നറിയുന്ന സദ്വൃത്തിയും കൂടി യുവജനസ്വഭാവം പൂർണ്ണതയെ പ്രാപിച്ച്, അവർ സമുദായത്തിലെ ശ്രേഷ്ഠാംഗങ്ങളും, രാജ്യത്തിലെ ഉത്തമപൗരന്മാരും ആയിത്തീരുവാൻ ഇട വരും. അതുകൊണ്ട്, ഈ ഉദ്ദേശസാദ്ധ്യത്തിനായി എല്ലാ ഗുരുനാഥന്മാരും, കുട്ടികളുടെ രക്ഷിതാക്കന്മാരും സഹകരിക്കുകയും, സൗഹാർദ്ദനിലയിൽ വർത്തിക്കയും ചെയ്യേണ്ടതാണ്. വിദ്യാഭ്യാസകാര്യത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മൾക്കെല്ലാവർക്കും വലിയ ഒരു ഭാരവാഹിത്വം ഉണ്ട്. അതിൽ നിന്നൊഴിയുവാൻ നമുക്കു പാടില്ലാത്തതാകുന്നു. നമ്മുടെ പക്കൽ ഭരമേല്പിക്കപ്പെട്ട യുവാക്കളുടെ സ്വഭാവഗുണം നമ്മളുടെ മുഖ്യഉദ്ദേശമായിരിക്കണം. പണ്ട് ഗുരുകുലത്തിലെ ഗുരുനാഥന്മാർ ചെയ്തുവന്നപോലെ നമ്മളുടെ ഭാവിപൗരന്മാരാകാനിരിക്കുന്ന യുവജനങ്ങളോടാണ് പെരുമാറേണ്ടത്. നമ്മളിൽ അവർക്ക് വിശ്വാസം ജനിപ്പിക്കണം. ആ യുവജനങ്ങളെ ഭാരതഭാതാവിന്റെ സത്സന്താനങ്ങളാക്കിത്തീർത്ത് ആ മാതാവിനെ വേണ്ടപോലെ ശുശ്രൂഷിച്ച് സമാധാനവും ഐശ്വര്യസമൃദ്ധിയും ഉണ്ടാക്കുമാറാകട്ടെ.

## ബലവത്തായ മനോന്മുഖത എങ്ങിനെ അഭ്യസനത്തെ പ്രേരിപ്പിക്കും?,

സന്നദ്ധത അഭ്യസനത്തെ സഹായിക്കുന്നു എന്നു നാം കണ്ടുവല്ലോ. മനോബന്ധങ്ങളിൽ ചിലവ നിശ്ചിതമായ ഒരു ലക്ഷ്യത്തെ ലാക്കാക്കി ക

ർമ്മം ചെയ്യുന്നതിന് സന്നദ്ധമായാൽ അപ്പോൾ അതിന്റെ സംതൃപ്തിയ്ക്കു മനസ്സ് ഉന്മുഖമായി എന്നു പറയാം. ഓടി രക്ഷപ്രാപിക്കേണ്ട ഒരപകടം നേരിട്ടു എന്നു വിചാരിക്കുക. രക്ഷയ്ക്കു് ഉചിതമായ സകല വൃത്തികൾക്കും അപ്പോൾ സന്നദ്ധതയുണ്ടാകുന്നു. മനസ്സും ജീവനും ശരീരവും പലായനപരമായി വർത്തിക്കുന്നു. മററൊരവസരത്തിൽ ചില പുതിയ സംഗതികളറിയുന്നതിൽ മനസ്സു പ്രവർത്തിച്ചു എന്നു വരാം. ചിലപ്പോൾ ഒരുവനെ ഒന്നു ഗ്രഹിപ്പിക്കുന്നതിന് ശ്രമിച്ചു എന്നു വന്നേക്കാം. എല്ലാ അവസരങ്ങളിലും വൃത്തിയുടെ പരമലക്ഷ്യത്തെ മുൻനിറുത്തി മാത്രമെ മനോന്മുഖതയെ നിർണ്ണയിപ്പാൻ നിർവ്വാഹമുള്ളു. വിവിധങ്ങളായ പല മനോബന്ധങ്ങളുടെ സന്നദ്ധത അതിൽ അന്തർഭവിച്ചിട്ടുണ്ട്. മനസ്സ് ഏതാണ്ടു പരിപൂർണ്ണമായി ഒന്നിൽ പ്രവർത്തിക്കുമ്പോൾ മാത്രമെ മനസ്സ് ഉന്മുഖമായി എന്നു പറയാവൂ. മനോബന്ധങ്ങളിൽ ഒന്നിനെ നിമിത്തീകരിച്ച് സന്നദ്ധത ഉളവാകുന്നു. പരമലക്ഷ്യത്തിന്റെ സമ്പ്രാപ്തിക്കുള്ള ഒരു നിശ്ചിതലാക്കത്രെ മനോന്മുഖത.

നിങ്ങൾ ഒരു ദിവസം ബസാറിലേയ്ക്കു പോയി എന്നു വിചാരിക്കുക. മകൾകൂടി നിങ്ങൾ ഒരുമിച്ചു പുറപ്പെട്ടു. നിങ്ങൾ കയറണമെന്നു വിചാരിക്കുന്നതല്ലാത്ത പല ഷാപ്പുകളിലും അവൾ നില്ക്കാൻ മോഹിച്ചു എന്നു വരാം. പാവകളേയും, മററു കൗതുകവസ്തുക്കളേയും കാണുന്നതിൽ അവൾക്കു താല്പര്യം ഉണ്ടായിരിക്കും. അത്യാവശ്യമുള്ള ചില സാധനങ്ങൾ കണ്ടെത്തുവാനാണ് നിങ്ങളുടെ ശ്രമം. ഇവിടെ രണ്ടുപേരുടേയും മനോന്മുഖത ഭിന്നിച്ചിരിക്കുന്നു. അതിനാൽ രണ്ടുപേരുടേയും നിരീക്ഷണവും ഭിന്നരീതിയിൽ ആയിപ്പോകുന്നു.

"നാളെ ഷാപ്പിൽ പോയി ഒരു സാരി വാങ്ങാം. നിന്റെ ഇഷ്ടമനുസരിച്ചു വാങ്ങിക്കൊള്ളു" എന്ന് മകളോടു പറഞ്ഞാൽ ഇപ്പോൾ മുതൽ നാളെ വരെ അവൾ സാരിയെക്കുറിച്ചു ചിന്തിക്കാതിരിക്കുമോ? ആരെങ്കിലും സാരിയെപ്പററി സംസാരിച്ചാൽ അവൾ അതിൽ ശ്രദ്ധിക്കാതിരിക്കുമോ.?

മുറിയിൽനിന്നു ജാലകത്തിൽകൂടി വെളിയിലേയ്ക്കു നോക്കിയപ്പോൾ ഒരു പൂച്ചയെ കണ്ടു എന്നു വിചാരിക്കുക. അതു് ഒരു പട്ടിയേയൊ പക്ഷിയേയൊ നോക്കുന്നതെന്ന് നിങ്ങൾക്കു പറയാമോ? പക്ഷി കാണാതിരിക്കത്തക്കവണ്ണം അതിനെ അതിശാന്തമായി പൂച്ച വീക്ഷിക്കുന്നു. അതിന്റെ മേൽ ചാടിവീഴുവാൻ പൂച്ച സന്നദ്ധമാണ്. പക്ഷിയെപ്പിടിക്കുന്നതിനു പൂച്ചയുടെ സർവ്വാവയവവും സന്നദ്ധമാക്കിയിരിക്കുന്നു. പൂച്ച ഒരു പട്ടിയേയാണു വീക്ഷിക്കുന്നതെങ്കിൽ, ശത്രുബാധയാൽ പൂച്ച പീഡിതയായി കാണപ്പെടുന്നു. അതിനാൽ രക്ഷയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതായി

കാണാം. അതിന്റെ പുറത്തുള്ള രോമങ്ങളെല്ലാം എതിർത്തിരിക്കും. പൂച്ചയ്ക്കു പക്ഷിയോടും പട്ടിയോടും ഉള്ള മനോഭാവം ഒന്നായിരിക്കുന്നില്ല. തരം കിട്ടുന്ന പക്ഷം പക്ഷിയെ പിടികൂടണമെന്നുറച്ച് ശരീരമനസ്സുകളെ പൂച്ച സന്നദ്ധമാക്കുന്നു. പട്ടിയുടെ ആക്രമണത്തിൽ നിന്ന് സ്വയരക്ഷ നേടുവാൻ സന്നദ്ധമായ ശരീരമനസ്സുകളെ സജ്ജീകരിക്കയത്രെ പൂച്ചയുടെ മറേറ വിധമായാലുള്ള ശ്രമം.

ഒരു ലക്ഷ്യത്തിൽ മനസ്സുറപ്പിക്കുക, അതു സാധിക്കുന്നതിന് സന്നദ്ധനാവുക, മറെറല്ലാററിലും കർമ്മവിമുഖനാവുക എന്നീ മൂന്നു ഗുണങ്ങളുടെ സംയുക്തനിലയ്ക്ക് ഐകാഗ്ര്യം എന്നു പറയുന്നു. ലക്ഷ്യത്തെ അതിദാർഢ്യത്തോടെ നിർണ്ണയിച്ച് അതിന്റെ സമ്പാദനത്തിന് അതിതീവ്രമായി സമുദ്യമിക്കയും ചെയ്താൽ അവൻ ആ അവസരത്തിൽ ആ കർമ്മം ചെയ്യുന്നതിന് അസാധാരണനൈപുണ്യം പ്രദർശിപ്പിക്കുന്നതായിരിക്കും. അത്യാവശ്യമുള്ള സകലത്തെയും വെറുത്ത് അങ്ങിനെ ഒരു ശീലം സമ്പാദിക്കണമെന്നില്ല. അതു പക്ഷെ ദുഷ്പ്രകടമായേക്കാം. എങ്കിലും ഈ സ്വഭാവം ഒരു പരിധിയിലോളം വികസിപ്പിക്കുന്നതു് ഉത്തമമായിരിക്കും.

നിഗമനം ചെയ്യുന്ന ലക്ഷ്യത്തെ ആശ്രയിച്ച് വിജയം സ്ഥിതിചെയ്യുന്നു. ഒരു കുട്ടിയുടെ വിജയം എന്നു പറയുന്നതെന്താണ്.? അവനു നല്ലതെന്നു തോന്നുന്ന ഒന്ന്, മററുള്ളവർക്കു അതിലുള്ള അനുമോദനം, സർവ്വപ്രധാനമായി ആ ഒന്ന് ഉദ്ദേശിച്ചപോലെ ഫലദായകമാവുക, ഇവ മൂന്നും ചേർന്നാൽ ലക്ഷ്യനിഗമനം ശുഭമായി. അപ്പോൾ അവനു വിജയം സ്വാധീനവുമത്രെ. ഇതു് ഒരു പ്രത്യക്ഷോദാഹരണം മൂലം വിശദപ്പെടുത്താം. പാഠശാലകളിൽ ഉപയോഗിക്കുന്ന ഗ്ലോബ് കണ്ടിട്ടു കൗതുകം തോന്നിയ ഒരു കുട്ടിക്ക് അതുണ്ടാക്കണമെന്നു താല്പര്യമുണ്ടായി. അവൻ അതിന്റെ നിർമ്മാണസാധനങ്ങൾ എന്തെല്ലാമെന്നും രീതി എന്തെന്നും അന്വേഷിച്ചു. അതിനെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ള പുസ്തകങ്ങൾ വായിച്ചു. സാധനങ്ങൾ സംഭരിച്ചു. നിർമ്മാണത്തിനുള്ള ശ്രമവും തുടങ്ങി. അദ്ധ്യാപകന്മാരും മററു ഗുരുജനങ്ങളും ഉപദേശംകൊണ്ടും അനുമോദനം കൊണ്ടും അവനു വേണ്ട പ്രോത്സാഹനം നൽകി. പണി പൂർത്തിയാക്കി. അവൻ അതു് സ്കൂളിലേയ്ക്കു സമ്മാനിക്കയും ചെയ്തു. ഇവിടെ ലക്ഷ്യനിർണ്ണയം പരിപൂർണ്ണവിജയത്തിൽ കലാശിച്ചു.

ഗ്ലോബ് ഉണ്ടാക്കുവാൻ ഇഷ്ടപ്പെടാത്ത ഒരു കുട്ടിയെക്കൂടി പരീക്ഷിച്ചുനോക്കുക. അദ്ധ്യാപകൻ "നിങ്ങൾ ഒരു ഗ്ലോബ് ഉണ്ടാക്കണം." കുട്ടി:– "അതല്ലാതെ വല്ലതുമൊന്ന് ആയാൽ പോരെ." അദ്ധ്യാപകൻ:–

"ഒരു ഗ്ലോബ് തന്നെ." എപ്പോഴയ്ക്ക് അതു ചെയ്തു തീക്കണം; അതു കൊണ്ട് വല്ല ഉപയോഗവും ഉണ്ടാകണമൊ എന്നൊന്നും ആ കുട്ടി ചിന്തിക്കുന്നതേയില്ല. അദ്ധ്യാപകനെ വല്ല വിധത്തിലും തൃപ്തിപ്പെടുത്തണം. ഈ അഹിതവൃത്തിയിൽനിന്ന് ഒഴിയണം എന്നു മാത്രമെ അവൻ വിചാരിക്കുന്നുള്ളൂ.

നമ്മുടെ പാഠശാലകളിൽ ഈമാതിരിയിൽ എത്ര പാഠങ്ങൾ നടക്കാറുണ്ട്? രണ്ടാംതരത്തിലല്ലാതെ ഒന്നെങ്കിലും നിവ്ഹിക്കുന്നുണ്ടോ? പാഠശാലാജീവിതം കഴിഞ്ഞു പുസ്തകം അടച്ചാൽ ജീവാവസാനം വരെ അതു നോക്കാത്തവർ നമ്മുടെ കൂട്ടത്തിൽ ധാരാളം കാണുന്നില്ലെ.? പരീക്ഷ കഴിയുന്നതുവരെ അവർ ഗ്രന്ഥാവലംബികളായിരിക്കുന്നു. അവിടേയും ലക്ഷ്യം വിജയത്തെ മാത്രം ലാക്കാക്കുന്നു.

ഗ്ലോബ് ഉണ്ടാക്കുവാൻ സ്വമനസ്സാലെ കുതുകിയായ കുട്ടി അതിൻെറ വിജയത്തിന് ഹൃദയപൂവ്വം യത്നിക്കുന്നു. നിവ്ഹണവേളയിൽ അവനു സംതൃപ്തിയോ വെറുപ്പോ ഉണ്ടാകുന്നതു്.? ഗ്ലോബിൻെറ മാതൃകയ്ക്കു പൂണ്ണത്വം വരുന്നതുതന്നെ അവൻെറ ചാരിതാത്ഥ്യവും. അവനു സിദ്ധിക്കുന്ന ഓരോ വിജയവും മാതൃകയോടടുപ്പിക്കുന്നു. ഇങ്ങിനെ അവനിൽ ഈ കമ്മം ദൃഢമൂലമായി ഭവിക്കുന്നു. വിജയവും സംതൃപ്തിയും കമ്മത്തെ അനുഗമിച്ചാൽ അതിൽ അവൻ കുശലിയായി ഭവിയ്ക്കും. പരാജയവും വെറുപ്പും ഉണ്ടാക്കുന്ന കമ്മം ചെയ്യരുതെന്നും പഠിക്കും.

ഉദ്ദേശവും ലക്ഷ്യവും കമ്മം ചെയ്യുമ്പോൾ ബലിഷ്ഠമെങ്കിൽ അതിനുള്ള സന്നദ്ധതയും ബലിഷ്ഠമായിരിക്കും. അതിനെ പ്രതിരോധിക്കുന്ന സവ്വത്തേയും വെറുക്കുന്നതിനും നാം സന്നദ്ധരാണ്.

ഒരു മനുഷ്യന് കമ്മം ചെയ്യുന്നതിനുള്ള ശക്തിയും സന്നദ്ധതയും ഇത്രയുണ്ടെന്നറിവാൻ ഉത്തമമായ ഒരു മാഗ്ഗമുണ്ട്. കമ്മവേളയിൽ അവനു നേരിടുന്ന വിഷമങ്ങളെന്തെല്ലാം, അവയെ തരണംചെയ്വാൻ ചെയ്യുന്ന ശ്രമങ്ങളേതെല്ലാം എന്ന് അന്വേഷിച്ചാൽ മതിയാകുന്നതാണ്. സംയുക്തവും ബലിഷ്ഠവും ആയ ഉദ്ദേശം ഒരുവനുണ്ടെങ്കിൽ അവൻ ഏതു വിഷമത്തേയും നേരിടും. അവൻെറ ഉദ്ദേശം ഭിന്നദേശങ്ങളിലെങ്കിൽ വിഷമദശ്നം തന്നെ അവന് സുന്ദഹമായിരിക്കയില്ല.

ഉദ്ദേശവും മനോന്മുഖതയും പരിപൂണ്ണമെങ്കിൽ താഴെ പറയുന്ന ഗുണങ്ങൾ സിദ്ധമായിരിക്കുന്നതാണ്. തീവ്രയത്നം, വിജയസമ്പാദനത്തിനുള്ള സകല ലക്ഷണങ്ങൾ, അഭ്യാസംകൊണ്ടു സിദ്ധിക്കുന്ന വ്യവസ്ഥിതി,

ഉൽകൃഷ്ടമായ അഭ്യസനം ഇവയാണ് ആ ഗുണങ്ങൾ.

ഭാരതീയജനങ്ങൾ ക്രിയാനിർവഹണത്തിന് അശേഷവും ശേഷി കുറഞ്ഞവരല്ല. ഭാരതമോ ആ ശേഷിക്കനുയോജ്യമായ സമ്പദൈപുല്യമുള്ളതുമത്രെ. പക്ഷെ ശേഷിയേയൊ സമ്പത്തിനേയൊ ഉപയോഗിക്കുന്ന ശീലം അവരിൽ കാണുന്നില്ല. കുത്സിതരൂപത്തിൽ മാത്രം നടത്തിപ്പോരുന്ന ഒരു സാഹിത്യവിദ്യാഭ്യാസം അതിൻെറ വാസ്തവരൂപത്തെ അശേഷവും സ്പൃശിക്കുന്നില്ല. ജീവിതത്തോട് അനുസന്ധാനം ചെയ്യാത്ത ഒരഭ്യാസത്തിനും വിദ്യാഭ്യാസമെന്ന പേരിടാവുന്നതല്ല. ഇവിടത്തെ പാഠശാലകളിൽ ഉത്തരവാദിത്വബോധമെന്തെന്നറിയുന്നതുവരെ കാര്യക്ഷമവും ഉത്തരവാദിത്വബോധവും ഉള്ള ഒരു ശീലം വിദ്യാർത്ഥികളിൽ സൃഷ്ടിപ്പാൻ സാധിക്കുകയില്ല. പരീക്ഷ എന്ന ഏർപ്പാടിൽ ഉള്ള ഭ്രമം കുറച്ച് ഉദ്ദേശവും സ്ഥാനവും നിർദ്ദേശിച്ച് ഒരു പാഠപദ്ധതി സ്വരൂപിക്കുന്നതായാൽ നമ്മുടെ നാട്ട് അത്യന്തം പരിതാപകരമായ ഒരു നിലയിൽനിന്ന് മോചിക്കുവാനുള്ള പ്രാരംഭഘട്ടം തരണംചെയ്തതായി വിശ്വസിക്കാം.

## ഗവൎമ്മെണ്ടിൻെറയും പൗരാവലിയുടേയും ശ്രദ്ധക്ക്

# വിദ്യാഭ്യാസനവീകരണം.

(പി. ആർ. നീലകണ്ഠൻനായർ.)

## I.

പാൽക്കടലും ശക്കരക്കടലും ഭാരതീയരുടെ അന്ധവിശ്വാസസൃഷ്ടങ്ങളെന്നും അവയെ കുടിച്ചു വററിക്കുന്നതിന് അവരുടെ വിദ്യാഭ്യാസം ഇംഗ്ലീഷുഭാഷയിൽക്കൂടി ആയിരിക്കണമെന്നും നൂറു സംവത്സരങ്ങൾക്കു മുമ്പു നടന്ന ഒരു വാദകോലാഹലത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടു. ഈ അന്ധതയെ അകററുവാനും പാൽക്കടൽ വരട്ടുവാനും ഉദിച്ചുയൎന്ന പാശ്ചാ

ത്ത്യവിദ്യാഭ്യാസദിവാകരൻ ഏതു മൗലികതത്വത്തിൽ പ്രതിഷ്ഠിതനാണ്.?

മനുഷ്യരെല്ലാവരും പാപികളായിട്ടാണ് ഇരിക്കുന്നത്. ദുസ്സത്വപ്രകൃതികളായി കോപശാപങ്ങൾക്കു പാത്രീഭൂതരായി ഭൂജാതം ചെയ്യുന്ന മനുഷ്യൻ നിരന്തരമായ വൈദികോപദേശം കൊണ്ടു മാത്രം സുകൃതിയാകുമെന്ന വിശ്വാസം യൂറോപ്പിൽ സർവത്ര പരന്നിരുന്ന ഒരു കാലം ഉണ്ടായിരുന്നു. നമ്മുടെ പാശ്ചാത്യവിദ്യാഭ്യാസാരംഭം ഈ കാലത്തിൽനിന്നു ഭിന്നമല്ല. വിശ്വാസം ശൂന്യമൊ വന്ധ്യമൊ എന്തെങ്കിലുമാകട്ടെ. പുണ്യോല്ക്കരപരിണതിയാണ് മനുഷ്യജന്മമെന്നും ജന്മാവകാശം ഭാരതഭൂവാണെങ്കിൽ അതിന്റെ അഗ്രിമസ്ഥാനമായി എന്നും വിശ്വസിച്ചിരുന്ന ഭാരതമാതാവ് സ്വസന്തതികൾ പാപികളാണെന്നു വിശ്വസിച്ചതു് കഷ്ടം തന്നെ.

ദുസ്സത്വപ്രകൃതിയും പാപസങ്കേതവുമായ അസ്ഥിവാരത്തിൽ പണിയിച്ചിരുന്ന വിദ്യാഭ്യാസസൗധം പൊടിഞ്ഞു നിലം പററികഴിഞ്ഞു. പക്ഷെ അതിൽ വളന്ന ഇംഗ്ലീഷുപള്ളിപ്പിള്ളേരാണ് അന്ന് ഇൻഡ്യയെ ഭരിച്ചിരുന്നതു് എന്ന പരമാത്ഥം ഇവിടത്തെ വിദ്യാഭ്യാസതത്വത്തെ ഭഞ്ജിച്ചില്ല. ബാലഹൃദയം വെള്ളക്കടലാസു പോലെയാണെന്നും അതിൽ യാതൊന്നും എഴുതീട്ടില്ലെന്നും യൂറോപ്പുദേശക്കാർ ഒരു തത്വദശനം ചെയ്തു. ജ്ഞാനിയായ അദ്ധ്യാപകൻ അതിൽ എഴുതുകയാണ് വിദ്യഭ്യാസമെന്ന പ്രമാണവും സിദ്ധവല്ക്കരിച്ചു. വെറും ബ്ളാങ്ക്ഷീററാണ് ബാലഹൃദയമെന്ന മനസ്സിന്റെ മാനദണ്ഡം കൊണ്ടളന്നു കുറിച്ച ഒരു സങ്കുചിതസ്ഥലത്താണ് ഇന്നു നാം സ്ഥിതിചെയ്യുന്നതു്.

കഴിഞ്ഞ ലോകമഹായുദ്ധത്തിനു ശേഷം പാശ്ചാത്യലോകത്തിന്റെ മനോഗതിയ്ക്കു വലിയ മാററം സംഭവിച്ചിട്ടുണ്ടു്. ഇങ്ങിനെയുള്ള മാററങ്ങളിൽ വിദ്യാഭ്യാസത്തിന്റെ അടിത്തറയ്ക്കാണ് വലിയ ഭംഗം നേരിട്ടിരിക്കുന്നതു്. അതു് ദുസ്സത്വപൂണ്ണമോ, പാപസങ്കുലമൊ ആയ ഒരു സ്ഥലത്തല്ല പടുത്തു കയറേറണ്ടതു്. അതു് അലിഖിതകായിതത്തിലുമല്ല പണി തുടരേണ്ടതു്. നാനാവിധവാസനകളും സംഗ്രഹീതമായിരിക്കുന്ന ബീജകോശത്തിൽ ലഘുവായ ബാഹ്യചോദനംകൊണ്ടു് പ്രസ്ഫുടമായി പ്രവൃത്തിപരമാക്കുന്ന ജോലിയത്രെ വിദ്യഭ്യാസമെന്നു് ഉച്ചൈസ്തരം ഉൽഘോഷിച്ചുകഴിഞ്ഞു. ബാലഹൃദയം ഒരു വിത്തിനോടു തുല്യമെന്നും അവർ സമ്മതിക്കുന്നു.

വിദ്യാഭ്യാസാധികൃതരേ, അദ്ധ്യാപകന്മാരേ, നിങ്ങളുടെ പുരാത

നഗുരുക്കന്മാർ—ജ്ഞാനികൾ—ഈ തത്വത്തെ അനേകായിരം കൊല്ല ങ്ങൾക്കു മുമ്പ് കണ്ടറിഞ്ഞു സ്വാനുഭൂതിയിൽ വരുത്തി പ്രഖ്യാപനം ചെയ്തിട്ടില്ലേ? ഒരു പേരാലിൻെറ അണുപ്രായമായ വിത്തിൽ വേടുകളും ശാഖകളും ഉപശാഖകളും സൂക്ഷ്മരൂപത്തിൽ ലയിച്ചിരിക്കുന്നതു് അവർ അന്തർവീക്ഷണംകൊണ്ടു് ദർശിച്ചിട്ടില്ലേ.? മയിലിൻെറ മുട്ടയിൽ നാനാ വർണ്ണശോഭിതമായ പിഞ്ഛികയുടെ ലാഞ്ഛനവും അവർ ദർശിക്കാതിരുന്നി ട്ടില്ല. വാസനാബദ്ധനായ ജീവൻ കർമ്മനിവൃത്തിക്കു് ഉചിതദേഹവും അ ന്വേഷിച്ചു സദാ സഞ്ചരിക്കുന്നു. ഗർഭസ്ഥമായ ജീവൻ അവിടെ വച്ചു തന്നെ സംസ്കാരത്തിൻെറ ഒരു പ്രധാനഭാഗം നിർവഹിക്കുന്നു. ഈ വക തത്വങ്ങളെ അടിസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ള ആധുനികവിദ്യാഭ്യാസ നിർദ്ദേശങ്ങളെ കൈക്കൊള്ളുന്നതിനു് ഇവിടെ കാണുന്ന വൈമനസ്യം ആ രേയും ആശ്ചര്യപരതന്ത്രരാക്കുന്നതാണു്.

ആധുനികവിദ്യാഭ്യാസരീതിയെ തുടരുന്നതിനുള്ള മനസ്സാ ന്നിദ്ധ്യം നമ്മെ വിട്ടു നില്ക്കുന്നതിനു പല കാരണങ്ങളുമുണ്ടായേക്കാം. അ വയിൽ ഏററവും പ്രാധാന്യമുള്ളതു നാം അസ്വതന്ത്രരെന്നുള്ളതാണു്. അടിമത്വമനോഭാവം വെടിഞ്ഞു് സ്വാതന്ത്ര്യം, ഉത്തരവാദിത്വബോധം ഉള്ളവരും ആകുന്നതിനു് ആ രീതിയിലുള്ള വിദ്യാഭ്യാസംകൊണ്ടു് ഭാവി പൗരരെ സൃഷ്ടിച്ചില്ലെങ്കിൽ വിപ്ലവംകൊണ്ടു് പ്രകൃതി പ്രതീകാരം ചെയ്യു ന്നതായിരിക്കും.

വൃത്തി, സൃഷ്ടി, ചിന്ത, അദ്ധ്യയനം, ഭരണം എന്നീ പഞ്ചഭൂതങ്ങ ളാണു് വിദ്യാഭ്യാസശരീരത്തിൻെറ അവയവങ്ങളായിരിക്കേണ്ടതു്. ഇവ ഓരോന്നിലും അഞ്ചു് തരണഘട്ടങ്ങളുണ്ടു്. പ്രാരംഭപ്രചോദനം, വൈ ഷമ്യദർശനം, ഔചിത്യബോധം, നവീനമാർഗ്ഗദർശനം, കർമ്മപ്രസക്തിയു ടെ പുനസ്സംഗമം എന്നിവ കടന്നാൽ ഉദ്ദേശം, നിഗമനം, സർഗ്ഗം, സ്ഥി തി ഇവയോടു ചേർന്നു പഞ്ചീകരണം പൂർണ്ണവുമായി. ഇവയെക്കുറിച്ചു് സ വിസ്തരം പ്രസ്താവിച്ചുകൊള്ളാം.

വിദ്യാഭ്യാസവിഷയത്തിൽ നമ്മുടെ നാടു് (തിരുവിതാംകൂർ) മുന്ന ണിയിൽ നില്ക്കുന്നു എന്നു കേൾക്കുന്നതു് ശ്രവണമധുരമായ ഒരു പ്രസ്താവ നയാണു്. ഇന്നത്തെ അഭ്യസ്തവിദ്യർ സർഗ്ഗബുദ്ധികളല്ലെന്നു വന്നിട്ടുള്ളതു കൊണ്ടു് അഭ്യസിക്കുന്ന വിദ്യയുടെ സ്വഭാവം വ്യക്തമാണല്ലോ. ഇന്നു് ബിരുദധാരികളായ പലരും, സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചു എന്ന സാ ക്ഷ്യപത്രവാഹകരായ ഒട്ടനവധി ആളുകളും തൊഴിലില്ലായ്മ കൊണ്ടു് അല ഞ്ഞു തിരിയുന്നതു തൊഴിലറിവാൻ പാടില്ലായ്കകൊണ്ടാണെന്നാണു പറ യേണ്ടതു്. ഒരു 'ടാക്കിസിനിമ'യേക്കാൾ വിദ്യാഭ്യാസം കൊണ്ടു് അധികഗു ണം ഇന്നത്തെ നിലയ്ക്കു് സിദ്ധിക്കുന്നില്ല.

നവീകരണസംരംഭം പലപ്പോഴും പരിഹാസ്യമാകാറുണ്ട്. എങ്കിലും ആശയശുദ്ധിയോടും ആദൎശമഹിമയോടും ചെയ്യുന്ന കൎമ്മം നിഷ്ഫലമാകയില്ലെന്നു വിശ്വസിക്കുകതന്നെ.

ഇവിടെ ഇന്നത്തെ രീതിയിൽ വിദ്യാഭ്യാസവകുപ്പിനെ, ഭരണസമിതി, അദ്ധ്യാപകന്മാർ, പാഠശാലകൾ, വിദ്യാൎത്ഥികൾ, പാഠ്യവിഷയങ്ങൾ എന്നിങ്ങനെ അഞ്ചിനമാക്കി തിരിച്ചു പ്രതിപാദിക്കാമെന്നാണു വിചാരിക്കുന്നത്.

ഡയറക്ടർ വിദ്യാഭ്യാസവകുപ്പിൽ സൎവ്വാധിപത്യം ഉള്ള ഒരാളാണ്. മലയാളം പഠിക്കുന്ന ആൺകുട്ടികളുടെ പള്ളിക്കൂടങ്ങൾക്ക് ഒരു ചീഫ് ഇൻസ്പെക്ടറും 21 അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരും, പെൺകുട്ടികളുടെ പള്ളിക്കൂടങ്ങൾക്ക് ഒരു ഇൻസ്പെക്ടറസ്സും 6 അസിസ്റ്റൻറ് ഇൻസ്പെക്ടറസ്സുകളും, ഇംഗ്ലീഷുപള്ളിക്കൂടങ്ങൾക്ക് ഒരു ഇൻസ്പെക്ടറും 3 അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരും ഉണ്ട്.

മലയാളംസ്കൂൾ ഇംഗ്ലീഷുസ്കൂൾ എന്നോ, ആൺപള്ളിക്കൂടം പെൺപള്ളിക്കൂടം എന്നോ വിഭജിക്കുന്നതായാലും രണ്ടിനമെന്ന് എണ്ണാവുന്ന ഈ വകുപ്പിനെ രണ്ടുംകൂടി സ്വീകരിച്ച് നാലിനമാക്കിയാലും പരിശോധനയ്ക്കു സാധാരണ ആറു ഇനക്കാരും ചിലപ്പോൾ ഏഴു പരിശോധനയും വേണ്ടിവരുന്നു. ആൺകുട്ടികളേയും പെൺകുട്ടികളേയും ഒന്നിച്ചു പഠിപ്പിക്കാം. ഒരേ ജാതി വിഷയങ്ങൾ അഭ്യസിപ്പിക്കാം. ഇന്നത്തെ പ്രവൃത്തിരംഗമെന്ന് അഭ്യസ്തവിദ്യർ അഭിമാനിക്കുന്ന ഉദ്യോഗമണ്ഡലത്തിൽ എവിടേയും പുരുഷന്മാൎക്കും (മുമ്പേതന്നെ ഉണ്ട്) സ്ത്രീകൾക്കും പ്രവേശിക്കാം. സമാജങ്ങളിൽ സ്ത്രീകളുടെ പ്രസംഗമില്ലെങ്കിൽ അവ അംഗഭംഗമുള്ളതായേ ഗണിക്കുന്നുള്ളു. ഇവയെല്ലാം ഒരു ശുഭഭാവിയുടെ ശകുനങ്ങളെന്നതിനു സംശയവുമില്ല. ആൺപള്ളിക്കൂടം പരിശോധിക്കാൻ പെൺഇൻസ്പെക്ടറസ്സോ പെൺപള്ളിക്കൂടം പരിശോധിക്കാൻ ആൺഇൻസ്പെക്ടറൊ ആയാലുള്ള ദോഷമെന്തെന്നു മനസ്സിലാകുന്നില്ല. പള്ളിക്കൂടങ്ങൾ തന്നെ ആൺ, പെൺ എന്നു പേരിട്ടു രണ്ടിനമായി തിരിക്കുന്നതുതന്നെ അബദ്ധമാണ്. കൈ, കാൽ എന്നീ ശബ്ദങ്ങൾ രണ്ടെണ്ണത്തെ കുറിക്കുന്നപോലെ തന്നെ സ്ത്രീ, പുരുഷൻ എന്നീ രണ്ടും ചേൎന്ന് ഒന്നായി പ്രവൎത്തിച്ചെങ്കിലേ ലോകാഭ്യുദയം സുസാധമാവുകയുള്ളൂ.

ഇംഗ്ലീഷ്, മലയാളം എന്ന വിശേഷണങ്ങൾകൊണ്ടു പാഠശാലകളെ തരംതിരിക്കുന്നുണ്ട്. അതു് എങ്ങിനെയെങ്കിലും കുറച്ചുനാൾകൂടി നിലനിന്നുകൊള്ളട്ടെ. ഏറെനാൾ ഈ രണ്ടു പേരിനും കൂടി നിലനില്പില്ലെന്നും ഉടനേതന്നെ ഒന്നിൻെറ തിരോധാനം അസ്വതന്ത്ര ചിന്തക്കു വിഷയം അല്ലെന്നും ഉള്ളതുകൊണ്ടാണ് അതിൻെറ ക്ഷണികതയെ നിരാ

ജകം ചെയ്യുന്നതു്.

ഈ രണ്ടുവക പാഠശാലകൾക്കും ഭരണാധികാരികളൊ പരിശോധകന്മാരൊ ഭിന്നിച്ചവരായിരിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നതു് ഏതു തോതിനെ അവലംബിച്ചെന്നറിയുന്നില്ല. ഒരേ യോഗ്യതയുള്ളവരെത്തന്നെയാണു് രണ്ടുദ്യോഗത്തിനും നിയമിക്കുന്നതു്. ഈ നിയമനംകൊണ്ടു് രണ്ടായിപ്പിരിയുന്ന വിദ്യാഭ്യാസവകുപ്പിനു് വലിയ നഷ്ടം നേരിട്ടിട്ടുണ്ടെന്നു് അനുഭവം സാക്ഷ്യം വഹിക്കുന്നു. കല്യാണസൗഗന്ധികം ആട്ടക്കഥയിൽ ധർമ്മപുത്രരോടു സംവാദം ചെയ്യുന്ന ഭീമസേനൻ പാഞ്ചാലിയോടു് സൗഗന്ധികസുമസംഭാഷണത്തിനു യോഗ്യനല്ലെന്നു ആട്ടക്കാർ പറയാറുണ്ടു്. വീരരസം ആടിയ നടനു ശൃംഗാരം ആടുവാൻ സാധിക്കയില്ലെന്നാണു് അവർ പറയുന്ന ന്യായം. അങ്ങിനെയുള്ള വല്ല രസവൈഷമ്യങ്ങളും ഇവിടെയും ഉണ്ടോ എന്നറിയുന്നില്ല.

അസിസ്റ്റൻറ് ഇൻസ്പെക്ടർമാരും ഇൻസ്പെക്ടറസ്സുകളും പ്രായേണ നിരാശയോടെ വർത്തിക്കുന്നവരാണു്. മലയാളപാഠശാലകളിലെ അദ്ധ്യാപകന്മാരിൽനിന്നു പകന്നതോ അധികാരലാഭത്തിന്റെ കവർച്ച മൂലം പററിയ പ്രായോപവേശം കൊണ്ടുണ്ടായതോ ഈ ദുരവസ്ഥയെന്നു സംശയമാണു്.

അദ്ധ്യാപകന്മാരുടെ ഇടയിലുള്ള നിസ്സാരവഴക്കുകൾ തീക്കുക, ചുരുങ്ങിയ കാലത്തേയ്ക്കു് ചിലരെ അദ്ധ്യാപകരായി വാഴിക്കുക, അധികാരസ്ഥാനങ്ങളിൽ നിന്നു കൂടക്കൂടെ ചോദിക്കുന്ന കാര്യങ്ങൾക്കു സമാധാനം പറക മുതലായ ഡിപ്പാർട്ടുമെൻറുജോലികൾ നിർവഹിക്ക എന്നിങ്ങനെ സാമാന്യമായി കഴിഞ്ഞുകൂടുന്നു.

കൈയ്യടക്കം പഠിച്ച ചില ആഫീസുജോലിക്കാരുടെ ചെപ്പിലും, വൈതാളികരുടെ സ്തുതിഗീതങ്ങളിലും, കർണ്ണജപരുടെ ദംശനത്തിലും പെട്ടു് കഴിഞ്ഞുകൂടുന്ന വിദ്യാഭ്യാസധുരന്ധരന്മാർ അഭ്യസനത്തെ ഫലോന്മുഖമാക്കുന്നതിനോ അദ്ധ്യാപകരുടെ നിലതു് വെ ഉയർത്തുന്നതിനോ യാതൊരു ശ്രമവും ചെയ്യുന്നതായി കാണുന്നില്ല. പക്ഷെ സമയദൗർല്ലഭ്യം ഈ വക വിഷയങ്ങളിൽ പ്രവർത്തിപ്പിക്കുന്നില്ലെന്നാണെത്രെ സമാധാനത്തിനുള്ള മാർഗ്ഗം.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ സർവാധിപതിയായി ഒരാളെയും അനുഗ്രഹത്തെ സഹായിപ്പാനും ഉപദേശിപ്പാനും നിയന്ത്രിപ്പാനും ഒരു കൗൺസിലും ഉണ്ടായിരിക്കണം. കാളേജുകളേയും, കൃഷിവ്യവസായസഹകരണഡിപ്പാർട്ടുമെൻറുകളേയും പൊതുജനങ്ങളേയും പ്രതിനിധീകരിക്കുന്നൊന്നാണു് ഈ കൗൺസിൽ. പരിശോധനയുടെ ആവശ്യത്തിനും അഭ്യസനം കാര്യക്ഷമമാക്കുന്നതിനും വേണ്ടിടത്തോളം ഇൻസ്പെക്ടർമാരെ നിയമിക്കാം. അവരെ ഉചിതസഹായംകൊണ്ടും പ്രാദേശികആവശ്യങ്ങളുടെ

ഉൽബോധനംകൊണ്ടും കാൎയ്യനിൎവ്വഹണത്തിന് ഒരു പ്രാദേശികബോൎഡു സ്വരൂപിക്കേണ്ടതാണ്. ഡയറക്ടർ എന്നൊ, സൎവ്വാധിപതി എന്നൊ, മന്ത്രി എന്നൊ പേരിടാവുന്ന ആ സ്ഥാനത്തെ സഹായിപ്പാൻ നിയുക്തരായ പൊതുജനങ്ങൾ അതാതു ദിക്കിലുള്ള അദ്ധ്യാപകന്മാരെ ചേൎത്ത് ഒരു സംഘം സ്വരൂപിക്കയും പാഠശാലകളേയും അദ്ധ്യയനത്തിൽ നേരിടുന്ന ജയാപജയങ്ങളേയും ചിന്തിച്ച് പരിഹരിക്കാവുന്നവയെ അങ്ങിനെ ചെയ്തും അല്ലാത്തവയെ അധികാരസ്ഥാനത്തു നിവേദിച്ചും പാഠശാലകളുടെ അഭിവൃദ്ധി സാധിക്കാവുന്നതാണ്.

ഇന്നത്തെ ഭരണസമിതിയുടെ എണ്ണവും ചിലവും നോക്കുന്നതായാൽ ഒരു വലിയ സംഖ്യയാണ പ്രത്യക്ഷപ്പെടുന്നത്. അതു കുറയ്ക്കുന്നതായാൽ കാൎയ്യങ്ങൾക്കു ഭംഗിയും നന്മയും ചിലവിന്നു കുറവും വരുന്നതാണ്. അസിസ്റ്റൻറ് ഇൻസ്പെക്ടർ എന്ന ഉദ്യോഗത്തിനുള്ള ശമ്പളത്തോതിൽ മുപ്പത്തഞ്ചു പേർ ഇന്നുണ്ട്. ഇൻസ്പെക്ടർ എന്ന ഉദ്യോഗത്തിനുള്ള ശമ്പളത്തോതിൽ മൂന്നു പേരുമുണ്ട്. ആകെ പതിനായിരത്തോളം രൂപ പ്രതിമാസം ചിലവും വരുന്നു. ഇംഗ്ലീഷുഹൈസ്കൂൾ ഹെഡമാസ്റ്റർമാരുടെ ഗ്രേഡിൽ 25 ഇൻസ്പെക്ടർമാരെ നിയമിച്ച് എല്ലാ പാഠശാലകളുടേയും പരിശോധനയ്ക്കു വ്യവസ്ഥ ചെയ്യുന്നത് ഒരിക്കലും ദോഷകരമായി വരുന്നതല്ല. പാഠശാലകളുടെ എണ്ണവും സഞ്ചരിക്കേണ്ട അകലവും കണക്കാക്കി ഇരുപത്തഞ്ചു ഡിസ്ട്രിക്ടുകളാക്കി ഭാഗിക്കയും ഓരോന്നിൽനിന്നും ഗ്രാൻറ് സ്കൂൾമാനേജരന്മാർ ഉൾപ്പെട്ട ഒരു പൊതുജനസംഘം ഇൻസ്പെക്ടരെ സഹായിക്കുന്നതിനു രൂപീകരിക്കയും ചെയ്യണം. ഈ കൗൺസിലിലെ അംഗങ്ങൾ അഞ്ചു മുതൽ പത്തു വരെ ആകാവുന്നതാണ്.

ഡയറക്ടർ എന്നോ സെക്രട്ടറി എന്നോ പേരുള്ള ഒരു ഉദ്യോഗസ്ഥൻ വിദ്യാഭ്യാസഡിപ്പാർട്ടമെൻറിൻെറ അദ്ധ്യക്ഷനും നേരിട്ടു ഗവണ്മെൻറിനോട് ഉത്തരവാദിത്വമുള്ളവനും ആയിരിക്കും. അവിടേയും ഒരു കൗൺസിലിൻെറ ആവശ്യമുണ്ട്. കൃഷി വ്യവസായം സഹകരണം എന്നു തുടങ്ങിയ വിഷയങ്ങൾ വിദ്യാൎത്ഥികളെ പരിശീലിപ്പിക്കേണ്ടതാകയാൽ അവയുടെ അദ്ധ്യക്ഷന്മാരുടെ വിദഗ്ദ്ധോപദേശം വിദ്യാഭ്യാസാദ്ധ്യക്ഷന് ആവശ്യമത്രെ. അതിനും പുറമെ വിദ്യാഭ്യാസവിഷയത്തിൽ പ്രത്യേകം പ്രാവീണ്യം സിദ്ധിച്ചിട്ടുള്ളവരേയും കൗൺസിൽ അംഗങ്ങളാക്കണം. നാട്ടിൻെറ നാനാഭാഗങ്ങളിലുമുള്ള പണ്ഡിതന്മാരേക്കൊണ്ട് സ്വരൂപിച്ചിരിക്കുന്ന കൗൺസിൽ സാരമായ ഉപദേശത്തിനു ശക്തമായിരിക്കും.

# നർത്തകി.

(പ്രേമചന്ദ്രൻ)

## IV.

മാസം ഒന്നു കഴിഞ്ഞു. കുമാർസാഹിബ് താരാദേവിയെ ദിവസത്തിൽ പലപ്രാവശ്യവും സന്ദർശിച്ചുതുടങ്ങി. മുഹൂർത്തമാത്രമായ വിരഹവും അസാദ്ധ്യമായിരിക്കുന്നു. ദിവസംപ്രതി പുതിയ കാര്യപരിപാടി അനുസരിച്ച് കാര്യം നടക്കുന്നു. നദിയിൽക്കൂടി ഒരുദിവസം വള്ളംകളി, മറെറാരു ദിവസം സംഗീതസദസ്സ്, മൂന്നാമത്തു ഉദ്യാനവിഹാരം, എന്തിന് ഏറെ താമസിയാതെ കുമാർസാഹിബ് താരാദേവിയുടെ വലയിൽ പെട്ടു എന്ന് ആ നഗരവാസികളെല്ലാമറിഞ്ഞു. അദ്ദേഹത്തിൻെറ ധനം അവൾ ചോർത്തുന്നു എന്ന് സംസാരവുമായി. പക്ഷെ താരയ്ക്കു് കുമാർസാഹിബിൻെറ പ്രണയം ലോകത്തിലുള്ള സകല സമ്പത്തിനേക്കാൾ മഹിമയേറിയതായിരുന്നു. അവളുടെ നേത്രങ്ങൾക്ക് അദ്ദേഹം വിഷയമായാൽ പിന്നെ അവൾക്കു് ഒന്നിലും ആഗ്രഹമില്ല.

അദ്ദേഹത്തോടുള്ള പ്രണയസമാഗമം ഒരു മാസത്തോളം കഴിഞ്ഞിട്ടും അവളുടെ അന്തരാത്മാവിൻെറ ക്രന്ദനത്തിന് ഒരു മറുപടിയും ഇതുവരെ ലഭിച്ചിരുന്നില്ല.

ദിവസംതോറും കുമാർ തൻെറ അനുരാഗത്തെ നിഷ്കളങ്കം, അനവദ്യം, പരിശുദ്ധമെന്നെല്ലാം വിശേഷിപ്പിക്കാറുണ്ടെങ്കിലും വിവാഹമെന്ന ശബ്ദം അദ്ദേഹത്തിൻെറ അധരങ്ങളെ സ്പർശിച്ചിരുന്നില്ല. ദാഹംകൊണ്ടു പരവശനായ ഒരുവൻ വെള്ളമൊഴിച്ച് സർവ്വത്തേയും സ്വാധീനമാക്കുന്നു. ഇതത്രെ താരയുടെ നില. ദാഹശാന്തി ചെയ്യല്ലാതെ മററു സുകുമാരവസ്തുക്കളിൽ മനസ്സു വ്യാപരിക്കയില്ല. തൃഡാർത്തനു വെള്ളത്തോളം വിലയുള്ള ഒരു വസ്തുവും ഇല്ല. അവൾ ഇഛിക്കുന്നു എങ്കിൽ ജീവനെക്കൂടി ബലികഴിപ്പാൻ കുമാർ സന്നദ്ധനെന്ന് അവൾക്കറിയാം. പിന്നെ എന്തുകൊണ്ടു് വിവാഹത്തിൽ അദ്ദേഹം മൗനം ദീക്ഷിക്കുന്നു.? ഒരു എഴുത്തുമൂലമെങ്കിലും ഇതു തുറക്കരുതേ? അവളെ ഒരു ഗണികയായി വച്ചുകൊള്ളുവാനാണോ അദ്ദേഹം ഇഛിക്കുന്നതു്? അങ്ങിനെ ഒരു മാനഹാനി അവൾക്കു സഹിപ്പാൻ സാധിക്കയില്ല. അവൾ അഗ്നിയിൽ ചാടി ശരീരം ദഹിപ്പിക്കുന്നതിനും സന്നദ്ധയാണ്. ഗണികാപദം എന്നാലും അവൾ വരിക്കയില്ല. ചില കാലങ്ങൾക്കു മുമ്പു് വല്ല കോടീശ്വര

ന്മാരുമായി ഇടപെട്ട് അവരുടെ പണം അപഹരിച്ചിട്ടുണ്ടായേക്കാം. പക്ഷെ പ്രണയം പ്രണയത്തെ കാമിക്കുന്നു. കുമാർസാഹിബുമായി മാനഹാനിയോടെ ജീവിക്കാൻ അവൾ ആശിക്കുന്നില്ല. മറുവശം എന്തെന്നു നോക്കുക.

ഈ പുതിയ അനുരാഗവിജൃംഭണത്തെ കുമാർസാഹിബിൻെറ ബന്ധുജനങ്ങളും ഗുണകാംക്ഷികളും അറിയാതിരിക്കുന്നില്ല. എങ്ങിനെയെങ്കിലും കുമാർസാഹിബിനെ താരാദേവിയുടെ അധീനത്തിൽനിന്നകററുവാൻ അവർ ശ്രമിക്കുന്നുണ്ട്. അദ്ദേഹത്തിന്നുചിതമായ ഒരു വിവാഹബന്ധംകൊണ്ട് ഇതു വേർപെടുത്താമെന്നവർ ആശിക്കുന്നു. ഇതു് അവൎക്കു സാധിക്കയും ചെയ്യും. ഈ നടിയെ കുമാർ വിവാഹംചെയ്യുമെന്ന് അവർ ഭയപ്പെട്ടിരുന്നില്ല. പക്ഷെ അദ്ദേഹത്തിൻെറ സ്വത്തിൽ ഒരു ഭാഗം അവൾക്ക് കൈമാററം ചെയ്യുകയോ, അഥവാ അനന്തരാവകാശിയായി അവളുടെ സന്താനങ്ങളെ നിയമിക്കയോ ചെയ്യേക്കുമെന്ന് അവർ സംശയിച്ചിരുന്നു. നാനാവശത്തുനിന്നും ഇതിൽനിന്നും വിരമിപ്പാൻ ശക്തി പ്രയോഗിച്ചിരുന്നു. യൂറോപ്പ്യൻസ്നേഹിതന്മാർകൂടി ന്യായമായ ഒരു വിവാഹം ചെയ്തു് നടിയെ ഉപേക്ഷിപ്പാൻ ഉപദേശിച്ചു.

ഒരു ദിവസം സായാഹ്നവേളയിൽ കുമാർ താരയുമെന്നിച്ച് വിഹരിച്ചുകൊണ്ടിരുന്നു.

കുമാർ:– ദേവീ നിങ്ങളോട്ട എനിക്ക് ഒരപേക്ഷയുണ്ട്. അതു് ഒരിക്കലും നിരസിക്കരുതു്.

അവൾ:– അതെന്താണ് പറയൂ. എന്തെങ്കിലും അങ്ങു പറഞ്ഞതു് ഞാൻ ഉപേക്ഷിച്ചിട്ടുണ്ടോ?

നിൎമ്മലകണ്ഠനിൽ നിന്നും പുറപ്പെട്ട അഭിമതം കേട്ട മാത്രയിൽ സന്തോഷംകൊണ്ട് താണ്ഡവം ചെയ്ത താര അദ്ദേഹത്തിൻെറ പാദങ്ങളിൽ നമസ്കരിച്ചു. സന്തോഷാശ്രുക്കൾ പൊഴിച്ചു.

V.

താരാദേവി പൂൎവ്വസ്ഥിതിയെ പ്രാപിച്ച്:– "ഞാൻ എൻെറ ആശയെ പിൻവലിച്ചിരുന്നു. ദീൎഘവും കഠിനവുമായ ഒരു പരീക്ഷണത്തിന് എന്നെ അങ്ങു പാത്രമാക്കി."

അനുചിതവും ത്യാജ്യവുമായ എന്തോ ചിലതു കേൾക്കുന്നപോലെ തോന്നി. കുമാർ ജിഹ്വയെ ദന്തം കൊണ്ടമൎത്തി.

"താരാ, അതു് നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല. നിങ്ങൾ

എന്നെ സ്വീകരിക്കുമെന്നറിഞ്ഞിരുന്നെങ്കിൽ നമ്മുടെ ആദ്യസമാഗമദിവസം തന്നെ ഞാനിതു പറയുമായിരുന്നു. ഞാൻ എന്നെത്തന്നെ നല്ലവണ്ണം ഒന്നു പരിശോധിച്ചു. ഞാനൊരിക്കലും ഭവതിക്കു ചേർന്നവനല്ല. നിങ്ങൾക്ക് എന്തെല്ലാം ഗുണങ്ങളുണ്ട്. എനിക്കോ.................. ഞാൻ എങ്ങിനെയുള്ളവനെന്ന് നിങ്ങൾക്കറിയാം. നിങ്ങളുടെ സാഹചര്യത്തിന് എൻെറ ജീവിതത്തെ വിനിയോഗിക്കുവാനും, എൻെറ ഇച്ഛയെ നിറവേറുന്നതു് നിങ്ങളുടെ ഹിതമനുസരിച്ചാകട്ടെ എന്നും ഞാനുറച്ചു. ഇതായിരുന്നു എൻെറ മനോരാജ്യം. എനിക്കു വല്ല യോഗ്യതയുമുണ്ടെന്നു വിചാരിക്കുന്നു എങ്കിൽ അതു ഞാൻ നിങ്ങളെ അനുരാഗപരവശത്തോടെ സ്നേഹിക്കുന്നു എന്നു മാത്രമാണ്. സാഹിത്യസംഗീതങ്ങളിലും, അദ്ധ്യാത്മവിഷയത്തിലും നിങ്ങൾക്കുള്ള ജ്ഞാനം എനിയ്ക്കു് എത്തിനോക്കുവാൻപോലും സാധിക്കുന്നില്ല. ഞാൻ എൻെറ അജ്ഞതയെ ഓർത്തു ലജ്ജിക്കാറുണ്ട്. ഞാൻ നിങ്ങളെ ഒരു മനുഷ്യലോകസാധാരണമായി എണ്ണുന്നില്ല നിങ്ങൾക്ക് അല്പമൊരു ദേവകലയുണ്ട്. സന്തോഷംകൊണ്ട് എനിക്കു ഭ്രാന്തു വരാത്തതെന്തുകൊണ്ട്? എൻെറ ഭാഗ്യത്തിന് അത്ര സന്തോഷിപ്പാൻ വകയുണ്ട്.

ഹൃദയത്തിൽ നിക്ഷിപ്തമായിരുന്ന അദ്ദേഹത്തിൻെറ അഭിമതങ്ങൾ സന്ധ്യാസമയംവരെ സംസാരിച്ചുകൊണ്ടിരുന്നു. ഇത്ര വാചാലതയോടെ അദ്ദേഹം ഇതിനുമുമ്പു സംസാരിച്ചിട്ടില്ല.

താര നമ്രമുഖിയായിരുന്ന് ഇതെല്ലാം കേട്ടു. അവളുടെ മുഖത്തു് സന്തോഷത്തിനു പകരം ദൈന്യത, പാശ്ചാത്താപം, ലജ്ജ എന്നിവ മുദ്രണം ചെയ്തിരുന്നു. ഇദ്ദേഹം വളരെ ശുദ്ധൻ, നിഷ്കപടശീലൻ, വിനീതൻ, വിശാലഹൃദയൻ സംശയമില്ല.

"എൻെറ സുഖം സമുദയം ചെയ്യുന്ന ആ പ്രഭാതം എന്നാണ്. അതു് ദീർഘകാലത്തേയ്ക്കു നീട്ടരുതേ." എന്ന് കുമാർ അഭ്യർത്ഥിച്ചു.

നിർമ്മലകണ്ഠൻെറ അകൈതവപരിശുദ്ധിയാൽ നിശ്ശേഷം പരാജിതയായ താര മർമ്മഭേദകസ്വരത്തിൽ:— "നിയമത്തെ നാം എങ്ങിനെ ലംഘിയ്ക്കും. അതിനുള്ള ഉപശാന്തി എന്ത്?"

"അതിനെക്കുറിച്ചു വിഷമിക്കേണ്ട. ഞാൻ വക്കീലന്മാരോടാലോചിച്ചുകഴിഞ്ഞു ന്യായാനുസരണം നമ്മെ സംഘടിപ്പിക്കാൻ നിയമമുണ്ട്. അതിനെ "സിവിൽവിവാഹനിയമം" എന്നു പറയുന്നു.

അടുത്ത ആഴ്ചയിൽ അതു് നടത്തുകതന്നെ. നിങ്ങൾക്കു സമ്മതമല്ലേ.?

താര അവളുടെ തല കുനിച്ചു. ഒന്നും പറയുന്നതിന് അവൾ ശക്തയല്ല.

"അന്നു രാവിലെ ഞാൻ നിങ്ങളെ ആ ശുഭകമ്മത്തിന് കൂട്ടിക്കൊണ്ടു പോകും. തയ്യാറായിരിക്കണേ."

അവൾ അപ്പോഴും നമ്രശിരസ്കയായിത്തന്നെ ഇരുന്നു. ഒരു വാക്കുപോലും പറവാൻ അവൾ ശക്തയല്ല. കുമാർ യാത്രപറഞ്ഞു പിരിഞ്ഞു. പക്ഷെ താര പിന്നേയും അവിടെത്തന്നെ ഇരുന്നു. ഒരു പ്രതിമയെന്നപോലെ അവൾ നിശ്ചഞ്ചലയായി കാണപ്പെട്ടു.

## VI.

അനുരാഗപൂൎണ്ണമായ തന്റെ ഹൃദയം ആരാധിക്കുന്ന പുരുഷനെ വിവാഹകമ്മം കൊണ്ട് ബന്ധിക്കുവാൻ ഉദ്ദേശിക്കുന്ന ആ ശോഭനദിനത്തിന്റെ തലേന്നാൾ അവൾ സ്വവസതിയിൽ ഇരിക്കുന്നു. അവളെ അറിയുന്ന സകലരും മംഗളാശംസകൾ അയക്കുന്നു. നാടകക്കമ്പനിയോട് സംഘടിച്ചിട്ടുള്ള സകലരും സ്വശക്തിക്കനുസരണമായി പാരിതോഷികം എത്തിച്ചുകൊടുക്കുന്നു. കുമാർസാഹിബ് വിചിത്രവേല ചെയ്യിച്ചിട്ടുള്ള ഒരു പേടകം നിറച്ച് പലതരത്തിലും വിവിധരുചിയിലുമുള്ള ആഭരണങ്ങൾ അവൾക്കു സമ്മാനിച്ചു. അദ്ദേഹത്തോടനുഭാവമുള്ള ചില ദസ്സഹിതന്മാരും പാരിതോഷികങ്ങളയച്ചിട്ടുണ്ട്. പക്ഷെ അവളുടെ മുഖത്ത് വിലാസത്തിന്റെ ഒരു കിരണംപോലും കളിയാട്ടുന്നില്ല. അവൾ അധഃകൃതയും ദുഃഖിതപ്പയും ആയി കാണപ്പെടുന്നു. ഒരേ ഒരു പ്രശ്നം കഴിഞ്ഞ നാലു ദിവസങ്ങളിലായി അവളെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്നു. "കുമാർ സാഹിബിനോട് വഞ്ചന അനുഷ്ഠിക്കണമോ." അദ്ദേഹമോ, പ്രണയം അവതരിച്ചവനാണ്. സ്വകുടുംബമഹിമയെ അവൾക്കുവേണ്ടി ബലികഴിച്ചു. പ്രിയതരമായ ബന്ധുമിത്രങ്ങളുടെ ബന്ധം ഖണ്ഡിച്ചു. ഹിമകണം പോലെ നിമ്മലഹൃദയമുള്ളവൻ; പവ്വതശൃംഗം പോലെ സ്ഥിരനും കോമളനും. ഒരങ്ങിനെയുള്ള ഒരുവനെ അവൾ വഞ്ചിക്കുമോ? ഇല്ല. അവൾ അത്ര നീചയല്ല. അനവധി യുവാക്കന്മാരെ അവൾ വശീകരിച്ചു. പലരേയും അവൾ വഞ്ചിക്കയും ചെയ്തിട്ടുണ്ട്. അവളുടെ ഹൃദയം അന്ന് ഇത്ര ചഞ്ചലമായിട്ടില്ല. അവളുടെ ആത്മാവ് ഇത്ര ഉപാലംഭം ആചരിച്ചിട്ടില്ല. മറെറാരുവനിൽ നിന്നും ഇങ്ങനെ ഒരു പ്രണയബന്ധം ഉണ്ടായിട്ടില്ലെന്നുള്ളതുകൊണ്ട് ഈ യുക്തികൾക്കു വല്ല ബലവുമുണ്ടോ?

കുമാർസാഹിബിന്റെ ജീവിതത്തെ ഇവൾ സുഖപൂൎണ്ണവും ശാന്തമാക്കുമോ? ആക്കു നിശ്ചയം. അവൾ അങ്ങിനെ ചെയ്യും. ഈ കാ

ന്‍ത്യത്തിൽ അവൾക്ക് യാതൊരു സംശയവുമില്ല. അകളങ്കഭക്തിക്ക് ദൃഷ്ടാന്തമായി എന്തൊരു വസ്തുവാണുള്ളത്. പ്രകൃതിയെ വഞ്ചിപ്പാൻ ഒരുവനു സാദ്ധ്യമാകുമോ.? മദ്ധ്യാഹ്നസൂര്യന്റെ കിരണങ്ങളെപ്പോലെ അസ്തമയസൂര്യന്റെ കിരണങ്ങൾ അത്ര ജാജ്ജ്വല്യമാണോ.? അസാദ്ധ്യം.

ചൈതന്യപ്രവാഹസമൃദ്ധി, പ്രസന്നത, ഉല്ലാസം, മനോഹാരിത്വം, ആത്മവിസ്മൃതി, ആത്മത്യാഗം, ആത്മവിശ്വാസം എന്നിത്യാദി ഗുണങ്ങളുടെ സമൂഹരൂപം സമ്മേളിച്ചുള്ള യുവദശ അവൾക്ക് എവിടെ സമ്പ്രാപ്തമാകും. ഇല്ല. ഒരിക്കലും സിദ്ധിക്കയില്ല. എത്ര ആഗ്രഹിച്ചാലും കുമാർസാഹിബിന്റെ ജീവിതത്തെ സുഖപൂണ്ണമാക്കുവാൻ സാധിക്കയില്ല.

ഹാ, കഷ്ടം! ഇങ്ങിനെയുള്ള ഒരു സ്ഥാനത്ത് താര ഇതിനുമുമ്പു ജീവിച്ചിട്ടുണ്ടോ.? അനുചിതവും അപ്രകൃതവുമായ മാൗത്തെ സ്വീകരിച്ച് അദ്ദേഹത്തെ ഈ വ്യാമോഹത്തിൽ എന്തിന് അകപ്പെടുത്തുന്നു. ഈ നിലയിൽ അവളുടെ ചിന്താഗതി എത്തിയാൽതന്നെ താൻ ഒരു ചായമിട്ട പാവയാണെന്നും യൗവ്വനം തന്നെ വിട്ടിട്ടു കാലം കുറെ ആയി എന്നും തുറന്നു പറവാൻ അവൾ എങ്ങിനെ ശക്തയാകും.

നേരം അദ്ധ്രാത്രിയായി. ഈ ദാരുണചിന്തയാൽ ഹതജീവയായ താര മേശക്കരികെതന്നെ ഇരിക്കുന്നു. അവളുടെ മുമ്പിൽ വിവാഹസമ്മാനം കൂട്ടിയിരിക്കുന്നു. പക്ഷെ അവയെ ഒന്നു നോക്കുവാൻപോലും അവൾക്കു മനസ്സുവന്നില്ല. അല്പദിവസങ്ങൾക്കു മുൻപുവരെ അവയ്ക്കുവേണ്ടി അവൾ മരിക്കും. വാദ്ധ്ക്യത്തെ മാജ്ജനംചെയ്യുന്ന സാധനങ്ങളെ അന്വേഷിക്കയും അണയാൻ ഭാവിക്കുന്ന യുവദശാദീപത്തെ പോഷിപ്പിക്കയും ചെയ്യുന്നതു് അവളുടെ മഹനീയശ്രമമായിരുന്നു. ഇന്നാകട്ടെ അവയെല്ലാം അവൾ വെറുത്തു. പ്രേമം സത്യമത്രെ. സത്യവും അസത്യവും ഒന്നിച്ചു പൊറുക്കയില്ല.

ആ സ്ഥലം വിട്ടു വല്ല ദിക്കിലും പോയി ആരുമറിയാതെയുള്ള ജീവിതം നയിച്ചാലെന്തു്.? എന്നീ ചോദ്യം പല ഉരുവും, അവൾ ജപിക്കാറുണ്ടായിരുന്നു. കുമാർസാഹിബ് വിവാഹം ചെയ്തു കുറെ കഴിയുമ്പോൾ തിരിച്ചുവന്ന് വസ്തുതയെല്ലാം അദ്ദേഹത്തെ ധരിപ്പിക്കാം. അങ്ങിനെ ചെയ്യുന്നതു് പക്ഷെ അദ്ദേഹത്തിനു വലിയ സങ്കടമാകയില്ലെ.? ദൈവത്തിനറിയാം. അദ്ദേഹത്തിന് എന്തു വരുമോ? മറെറാരു മാർഗ്ഗവും അവൾ കാണുന്നില്ല. സങ്കടത്തിലും ദുരിതത്തിലും തന്നെ തന്റെ ജീവിതം കഴിക്കേണ്ടി വരുമെന്നവൾ ഉറച്ചു. അവൾ ഏതു ദുരിതവും അനു

ഭവിപ്പാൻ ഉറച്ചു. ഒരിക്കലും അവൾ സ്വാൎത്ഥരഹിതമായും ഹൃദയപൂൎവ്വമായും തന്നോടു പ്രണയം പ്രാൎത്ഥിച്ച ഒരുവനെ വഞ്ചിക്കുകയില്ല. ദൈവികമായ ഈ പ്രേമത്തിന്റേയും അതിന്റെ അസംപ്രാപ്തിയുടേയും ചിന്ത തന്നെ അവളെ സന്തുഷ്ടയാക്കും. അവൾ മറെറാന്നും ഇനി ചെയ്യുകയില്ല.

ഈ അവസരത്തിൽ പരിചാരിക വന്നു്:- അമ്മേ വരു, വല്ലതും കഴിക്കു. മണി പന്ത്രണ്ടായി, ഒന്നും കഴിച്ചില്ലല്ലൊ.

"എനിക്കു് ഒന്നും ഇന്നു വേണ്ട. നീ അത്താഴം കഴിച്ചോ."

പരിചരിക:- "എന്നെ മറക്കരുതെ. നാളെ ഞാനും ഒന്നിച്ചു പോരുന്നുണ്ടു്."

"കൊള്ളാം വസ്ത്രങ്ങൾ എല്ലാം ഒരുക്കീട്ടുണ്ടോ."

"ഓ, എനിക്കെന്തിനാണു് പുതിയ തരങ്ങൾ. അമ്മ ഉടുത്തിട്ടിരിക്കുന്നതു ധാരാളമായി."

പരിചാരിക പോയ ഉടനെ താര മണി നോക്കി. ഒ! മണി പന്ത്രണ്ടായി. ഇനി നേരംവെളുക്കാൻ ആറു മണിക്കൂറേയുള്ളൂ. കുമാർസാഹിബ് രാവിലെ എത്തും. വിവാഹം നടത്തുവാൻ എന്നെ കൊണ്ടുപോകയും ചെയ്യും. ഹാ ദൈവമേ! ഇക്കാലം വരെ അനുഭവിച്ചിട്ടില്ലാത്ത ഒരു വ്യാമോഹത്തിൽ അവളെ അങ്ങു വലയ്ക്കുന്നതെന്തിനു്?

താര അവളുടെ ആഭരണങ്ങളും വിലപിടിച്ച വസ്ത്രങ്ങളും ഉപേക്ഷിച്ചു. ഒരു ശുഭ്രവസ്ത്രം എടുത്തുടുത്തു. മുഖം ചൂടുവെള്ളം ഉപയോഗിച്ചു് സോപ്പിട്ടു കഴുകി, കണ്ണാടിയുടെ പുരോഭാഗത്തെത്തി.

ഹാ! ആ സൗന്ദൎയ്യമെവിടെ? പ്രേക്ഷകരെ വ്യാമോഹിപ്പിച്ച ആ കൃത്രിമവേഷം എവിടെ. ആകൃതിയെല്ലാം ശരിതന്നെ. സൗന്ദൎയ്യമെവിടെ? അവൾക്കു് ചെറുപ്പമാകുവാൻ കഴിയുമോ.?

ഇതാ ഇനി അധികം അവിടെ അവൾക്കു താമസിക്കാൻ സാധിക്കയില്ല. അനവധാനതയോടെ മേശപ്പുറത്തു ചിതറിക്കിടക്കുന്ന ആഭരണങ്ങൾ അവൾക്കു് കഠിനമായ വേദനയുണ്ടാക്കി. വഞ്ചനയും, കൃത്രിമവുമായ ജീവിതം അവൾക്കു് ഇനി സഹിക്കാൻ അരുതു്.

സുഖസാമഗ്രി കൊണ്ടു് പൂൎണ്ണമായ ആ ഗൃഹം ഒരു അഗ്നികുണ്ഡം പോലെ തോന്നി.

എവിടേയ്ക്കാണ് പോകേണ്ടതെന്ന പ്രശ്നമാണ് അവളെ അട്ടത്തു കുഴക്കുന്നതു്. റെയിൽവഴി പോകുന്നതു് ശുഭമല്ല. അട്ടത്ത ദിവസങ്ങളിൽ കുമാർ പിന്തുടന്നേക്കും. അവൾ ഒരു പുതിയ മാർഗ്ഗം കണ്ടെത്തി. അതു് ആരും അത്ര എളുപ്പം അറികയില്ല.

താരയുടെ ഹൃദയം അഭിമാനംകൊണ്ടും ചരിതാൎത്ഥത കൊണ്ടും നിറഞ്ഞു. അവളിൽ വ്യസനത്തിൻേറയൊ നിരാശയുടേയൊ ലക്ഷണമൊന്നുമില്ല. അവൾ കുമാർസാഹിബിനെക്കാണുവാൻ തിരിച്ചുവന്നു എന്നു വരുന്നക്കാം. അപ്പോൾ അവരുടെ സമാഗമം പക്ഷെ സ്വാതന്ത്ര്യത്തോടെ ആയേക്കാം. അവൾ ഇപ്പോൾ സ്വീകരിക്കുന്ന വഴി കൎത്തവ്യപ്രേരിതമാണ്. അതു് പ്രേമം കാണിച്ചുകൊടുത്തതുമത്രെ. അപ്പോൾ നിരാശക്കൊ വെറുപ്പിനൊ ഇടമെവിടെ.?

ഉടനെതന്നെ അവൾക്ക് മറ്റൊരു ശങ്ക ഉദിച്ചു. കുമാർ തന്നെ അന്വേഷിച്ച് വിഫലമായാൽ വല്ല സാഹസവും ചെയ്തുപോയാലൊ. ഈ ചിന്ത അവളുടെ ഹൃദയത്തിൽ ദാരുണവേദന ഉളവാക്കി. അല്പനേരത്തേയ്ക്ക് കൎത്തവ്യമൗഢ്യം അവളെ ബാധിച്ചു. ഉടനെ മേശയുടെ സമീപത്തെത്തി, താഴെ കാണുന്ന ഒരെഴുത്തെഴുതി അവിടെ വച്ചു.

പ്രിയതമ,

എനിക്കു മാപ്പു തരണമേ, ഞാൻ അങ്ങേയ്ക്കു് അർഹയല്ല. അങ്ങു സീകരിക്കത്തക്ക അർഹത എനിക്കില്ല. ഞാൻ എൻെറ ജീവിതത്തിൽ സ്മരിപ്പാൻ പോലും അവകാശമില്ലാത്ത പ്രേമം എന്തെന്ന് അങ്ങു എന്നെ കാണിച്ചുതന്നു. എനിക്കത്രെയും മതി. എൻെറ അന്ത്യദശയിൽ അങ്ങ് എന്നെ പ്രേമപാത്രമാക്കിയതുകൊണ്ട് ഞാൻ സന്തുഷ്ടയായിക്കൊള്ളാം. ക്ഷണികങ്ങളും മൃഗീയവുമായ വികാരശാന്തിയേക്കാൾ ഉൽകൃഷ്ടമായ പ്രേമചിന്ത ചാരിതാൎത്ഥ്യജനകമാണ്. ഞാൻ തിരിച്ചു വന്ന് അങ്ങയെ കണ്ടുകൊള്ളാം. പക്ഷെ അതു് അങ്ങു വിവാഹിതനായി ജീവിക്കുന്ന കാലത്തായിരിക്കും. ഇതത്രെ എൻെറ പുനഃസന്ദൎശനത്തിനുള്ള അവസരം. പ്രിയതമ, അങ്ങ് എന്നോടു കോപിക്കരുതേ. അങ്ങ് എനിക്കു ദാനമായി തന്ന ആഭരണങ്ങൾ എൻെറ പേക്ക് അങ്ങയുടെ ഭാവിഭാൎയ്യയ്ക്കു കൊടുക്കണെ. ഞാൻ അവയെ ഇവിടെത്തന്നെ വച്ചിരിക്കുന്നു. അങ്ങയുടെ പ്രേമചിഹ്നമായി അന്ന് എനിക്കുതന്ന കണ്ഠസരം ഞാൻ എടുക്കുന്നു. എന്നെ അന്വേഷിക്കരുതു്. ഞാൻ കൃപ്പകൂപ്പിയോടെ അൎത്ഥിക്കുന്നു. ഞാൻ അങ്ങയുടേതാണ് എന്നും അങ്ങിനെ ആയിരിക്കയും ചെയ്യും.

അങ്ങയുടെ താര.

എഴുത്തു് പൂർണ്ണമാക്കി മേശപ്പുറത്തു വച്ചു. കണ്ഠസരം എടുത്തണിഞ്ഞു് മുറിക്കു വെളിയിൽ കടന്നു. നാടകക്കെട്ടിടത്തിൽനിന്നും സംഗീതം പ്രവഹിക്കുന്നു. മുഹൂർത്തനേരത്തേയ്ക്കു് പാദങ്ങൾ അവളെ തടഞ്ഞു. അവളുടെ പതിനഞ്ചു കൊല്ലത്തെ ബന്ധം-ഇതാ ഇന്നു വിടുന്നു. ഒരു ഗ്ലാനത അവളെ ബാധിച്ചു. അപ്പോൾ മാനേജർ അവൾക്കഭിമുഖമായി വരുന്നു. അവളുടെ ഹൃദയം തുടിച്ചുതുടങ്ങി. അവൾ ഒരു ഭിത്തിയോടു ചേന്നു മറഞ്ഞു. മാനേജർ പോയ ഉടനെ അവൾ യാത്ര തുടന്നു. അനവധി തെരുവുകളും ഇടവഴികളും കടന്നു് ഗംഗാതീരത്തേയ്ക്കുള്ള റോഡിൽ അവൾ എത്തി.

ഗംഗാതടം സമ്പൂർണ്ണശാന്തം. കുറെ സന്ന്യാസിമാർ അഗ്നികുണ്ഡത്തിനുമുമ്പിൽ ഇരിപ്പുണ്ടു്. തീർത്ഥാടനക്കാർ അങ്ങുമിങ്ങും കിടന്നുറങ്ങുന്നു. ഗംഗ മർമ്മരശബ്ദത്തോടെ മുന്നോട്ടുനീങ്ങുന്നതുകണ്ടാൽ ഒരു വെളുത്ത സർപ്പം ഇഴഞ്ഞു പോകയാണോ എന്നുതോന്നും. ഒരു ചെറിയ കടത്തുവള്ളം അവിടെയുണ്ടു്. കടത്തുകാരൻ അതിൽ കിടന്നു മയങ്ങുന്നു.

താര:- "വള്ളക്കാര, എന്നെ അക്കരെക്കൊണ്ടു വിടാമൊ?"

വള്ളക്കാരൻ:- ഏയ്; ഈ അസമയത്തു് വള്ളം വിടുകയില്ല.

താര അവനു ഇരട്ടിക്കൂലി കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. ഉടനെ അവൻ വള്ളം കെട്ടഴിച്ചു തുഴയുമായി തയാറായി.

എവിടെക്കാണാവോ പോകേണ്ടതു്.

"എനിക്കക്കരെ ഒരു ഗ്രാമത്തിൽ പോകണം".

"മററു ആരേയും ഈ അസമയത്തു ഞാൻ കയറവുന്നില്ല."

"കൊള്ളാം നീ എന്നെത്തന്നെ കൊണ്ടുപോയാൽ മതി."

താര ബോട്ടിൽ തന്റെ സ്ഥാനം ഉറപ്പിച്ചു. വള്ളക്കാരൻ തക്കത്തിനൊത്തു് വള്ളവും വിട്ടു. ഒരു മനോരാജ്യപ്രയാണം ചെയ്യുന്നപോലെ ബോട്ടു മന്ദമായി പൊയ്ക്കൊണ്ടിരുന്നു.

ദവീയസിയായ ഒരു വൃക്ഷാഗ്രത്തിൽ ഏകാദശിച്ചന്ദ്രൻ കൗമുദീനിർമ്മിതനൗകയിൽ സീമാവിഹീനമായ നീലതരംഗത്തെ തരണം ചെയ്യാൻ ഒരുങ്ങുന്നപോലെ കാണപ്പെട്ടു.

# രണ്ടാം അഫ്ഗാൻയുദ്ധം.

## കാരണങ്ങൾ.

(മേജർ ബി. ഡി വാസു ഐ. എം. എസ്സ്.)

### 4.

പ്രോഗ്രാമിന്റെ പ്രായോഗികക്ഷമതയെ റഷ്യാക്കർ പൂൎണ്ണമായി വിശ്വസിച്ചതുകൊണ്ടു് റഷ്യൻ ടർക്കിസ്ഥാനിലെ ഗവൎണ്ണർ അഫ്ഗാനിസ്ഥാനിലെ അമീറുമായി ഒരു മൈത്രിയെ ഉറപ്പിക്കുവാൻ ശ്രമിച്ചു. ഒരു റഷ്യൻസന്ദേശത്തെ സ്വീകരിച്ച അമീറിനെയും കുറ്റപ്പെടുത്തുവാനില്ല. 'രണ്ടു ലോഹഘടങ്ങളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്ന ഒരു മൺകുട'മത്രെ അഫ്ഗാനിസ്ഥാൻ. ഒരു ഇരിമ്പുകുടം അതിനെ തകൎക്കുവാനുറച്ചു. മറേറതാകട്ടെ എന്തു ചെയ്യണമെന്നുറച്ചിട്ടില്ല. റഷ്യൻഇരിമ്പുപാത്രം തന്നോടെന്തുചെയ്യാനാണു് ഒരുങ്ങുന്നതെന്നറിവാൻ മൺകുടത്തിന്നു് ആശയുണ്ടാകുന്നതിൽ വല്ല അത്ഭുതവുമുണ്ടോ? ഇംഗ്ലീഷുകാർ അമീറിനെ ഉപേക്ഷിച്ചു. കാബൂൾരാജധാനിയിൽനിന്നു് ഏജന്റിനെ പിൻവലിച്ചുകഴിഞ്ഞു. റഷ്യ മിത്രഭാവനയോടെ രക്ഷാവാഗ്ദാനം ചെയ്വാൻ ഇച്ഛിക്കുന്നു എങ്കിൽ അതിനെ അവലംബിക്കയല്ലാതെ അമീറിനു മറെറന്തു ഗതിയാണുള്ളതു്. അഫ്ഗാൻജനങ്ങൾ റഷ്യക്കാരെ മനസാ ബഹുമാനിച്ചിരുന്നതുപോലെ ഇംഗ്ലീഷുകാരെ ചെയ്തിരുന്നില്ല. ഒരു ഇംഗ്ലീഷുകാരന്റെ ജീവിതാവധി ഒരു മാസത്തിൽ കവിഞ്ഞു് ഷേർ ആലിയുടെ കാലത്തു നിലനിന്നിരുന്നില്ല. ഇന്നു ജീവിക്കുന്ന തലമുറകളിൽ പലരുടേയും സ്മൃതിപഥത്തിൽ നിന്നു് തോക്കും വാളുംകൊണ്ടു് അഫ്ഗാനിസ്ഥാനോടു് ഇംഗ്ലീഷുകാർ ചെയ്ത അപരാധങ്ങൾ മാഞ്ഞു പോയിട്ടില്ല. ഇംഗ്ലീഷുയോധന്മാർ അഫ്ഗാനിസ്ഥാനെ ദ്രോഹിച്ചു നശിപ്പിച്ചതു് എങ്ങിനെയെന്നു് ഇന്നു ജീവിക്കുന്നവരിൽ പലരും ഓൎക്കുന്നുണ്ടു്. 'പ്രതീകാരം മധുരിക്കുന്നു' എന്നു് ഇംഗ്ലീഷുകാരും, 'പ്രതീകാരം ദീൎഘസമയത്തേയ്ക്കു് ഉറങ്ങുമെങ്കിലും മരിക്കയില്ല' എന്നു് ഇററലിക്കാരും പറയാറുണ്ടു്. അഫ്ഗാൻനിയമസംഹിത രക്തത്തിന്നു് രക്തവും കണ്ണിന്നു കണ്ണും അനുശാസിക്കുന്നു. സ്വബന്ധുക്കളിലൊ സ്നേഹിതന്മാരിലൊ മാനഹാനിയൊ മരണമോ വരുത്തിക്കൂട്ടുന്ന ഒരുവനോടു പ്രതികരിച്ചില്ലെങ്കിൽ അഫ്ഗാന്മാരുടെ ഇടയിൽ അവൻ ആണല്ലെന്നത്രെ ഗണിച്ചുപോരുന്നതു്. അതിനാൽ അഫ്ഗാനിസ്ഥാനിൽ കൂടക്കൂടെ അഹിഭയമുണ്ടാകാറുണ്ടു്. ഗാസികലാപമെന്നു് ഇംഗ്ലീഷുപത്രങ്ങൾ റിപ്പോർട്ടു

ചെയ്തിരുന്നതു് പ്രതീകാരത്തിനുള്ള മറെറാരു പേരല്ലെങ്കിൽ പര്യായം മാത്രമായിരുന്നു. ഗാസികലാപത്തിൽ പെട്ട എല്ലാ ശത്രുക്കളും ഇംഗ്ലീഷുകാരായിരുന്നു എന്നു് സത്യാന്വേഷണം ചെയ്തു് അവിടെ സഞ്ചരിച്ച ഒരാൾ അറിയുന്നുണ്ടു്. അഫ്ഗാനിസ്ഥാനിലെ ആ ഗ്രാമത്തിൽ അനവധി ഹിന്ദുക്കൾ താമസിക്കുന്നുണ്ടു്. അവർ ഒരിക്കലും മതഭ്രാന്തരായ ഗാസികലാപക്കാരാൽ മൃതരായിട്ടില്ല. ഹിന്ദുക്കൾ ഇംഗ്ലീഷുകാരേക്കാൾ മഹമ്മദീയദൃഷ്ട്യാ അധികം അവിശ്വാസികളാണു്. ഇംഗ്ലീഷുകാർ ക്രിസ്ത്യാനികളാകകൊണ്ടു് അവരുടെ വേദത്തിൽ (കൊറാനിൽ) വിവരിച്ചിട്ടുള്ള ഒരു ജനവർഗ്ഗമാണു്. ഗാസികലാപകർത്താവിൻെറ ബന്ധുക്കളേയൊ സ്നേഹിതന്മാരേയൊ അഫ്ഗാൻയുദ്ധത്തിലോ ഫ്രൺടിയർപ്രയാണത്തിലൊ ഇംഗ്ലീഷുകാർ വധിച്ചിട്ടുണ്ടായിരിക്കണം. അതിനാൽ അവർ ചില ഇംഗ്ലീഷുകാരെയെങ്കിലും വധിച്ചു് ഒരു ഗാസിയുടെ അനശ്വരത്വം സമ്പാദിച്ചതായിരിക്കും. അനേകഗാസികളുടെ ആവിർഭാവത്തിനു ഫ്രൺടിയർ ഭരണനിയമവും ഉത്തരവാദിത്വം വഹിക്കുന്നില്ലെ എന്നു് സംശയിക്കുന്നു. ആ നിയമപ്രകാരം അനവധി പട്ടാണിമാരെ തൃപ്തികരമായ തെളിവു കൂടാതെ ജീവിതാവധി മാനഹാനി, നാടുകടത്തൽ, വധം എന്നീ വിധത്തിൽ ശിക്ഷിച്ചിട്ടുണ്ടു്. ഫ്രൺടിയർ ഭരണനിയമത്തിൻെറ ദുരുദ്ദേശ്യഷ്ഠിതങ്ങളും ഗാസികളുടെ സംഘടനയും മേയോപ്രഭുവിൻെറ വധത്തിനു് നിദാനീഭൂതങ്ങളായ ഉദാഹരണങ്ങളാണു്.

നാത്ത്ബ്രൂക്ക് സമ്മതിച്ച പ്രകാരം അഫ്ഗാൻകാർ ഇംഗ്ലീഷുകാരോടു് ശത്രുത്വം വർത്തിക്കുന്നുണ്ടെന്നറിഞ്ഞിരിക്കെ ഒരു ഇംഗ്ലീഷ്റസിഡൻറിനെ അവിടേക്കയക്കണമെന്നതു് ആപൽക്കരമെന്നു മുമ്പേതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. എങ്കിലും അവക്കു റഷ്യക്കാരോടു് ഒരു ശത്രുത്വവുമുണ്ടായിരുന്നില്ല. അതിനാലത്രെ റഷ്യൻസന്ദേശകക്കു സവ്വത്ര ശുഭസഞ്ചാരം ചെയ്യാൻ സംഗതിയായിട്ടുള്ളതു്.

അമീർ റഷ്യക്കാരോടു് സന്ദേശത്തിൻെറ ആവശ്യത്തെ പ്രാർത്ഥിച്ചിരുന്നില്ല. റഷ്യൻടക്കിസ്ഥാനിലെ ഗവൺണർജനറൽ ഒരു സന്ദേശം അയപ്പാൻ അനുവാദം ചോദിച്ചു. അമീർ വലിയ കുഴപ്പത്തിലായി. സ്വദേശിയായൊരു ഏജൻറിനെയാണു് ലിട്ടൻ കാബൂളിൽ അനുവദിച്ചിരുന്നതെങ്കിൽ അമീർ നിശ്ചയമായി ഇൻഡ്യഗവൺമെൻറിൻെറ അനുവാദം ചോദിച്ചതിനു ശേഷമെ റഷ്യൻസന്ദേശത്തെ സ്വീകരിക്കയുള്ളു. അത്രതന്നെയല്ല, റഷ്യയുമായി യാതൊരു ഇടപാടും ചെയ്കയില്ലെന്നുകൂടി വാഗ്ദാനം ചെയ്തുമായിരുന്നു. ഇംഗ്ലണ്ടും റഷ്യയും തമ്മിലുള്ള നിശ്ചയമനുസരിച്ചു് അഫ്ഗാനിസ്ഥാൻ തങ്ങളുടെ അധികാരസീമയെ വിട്ടുകിടക്കുന്ന രാജ്യമാക

കൊണ്ട് അഫ്ഗാൻ രാജ്യഭരണവിഷയത്തിൽ ഇടപെടുന്നതല്ലെന്നു സമ്മതിച്ചിരുന്നു.

റഷ്യയുടെ സന്ദേശം അഫ്ഗാനിസ്ഥാനിൽ കടക്കുന്നതിനുമുമ്പുതന്നെ അമീർ എല്ലാപ്രഭുക്കന്മാരേയും വിളിച്ചുവരുത്തി അവരോടാലോചിച്ചു. നേതാക്കന്മാരുമായി ആലോചിച്ചതിനുശേഷം റഷ്യയുമായി ഒരു സഖ്യം ചെയ്യുന്നതല്ലെന്ന് അമീർ നിശ്ചയിച്ചു.

റഷ്യക്കാർ കാബൂളിൽ എത്തിയവൎത്തമാനം ലിട്ടൻ കേട്ടമാത്രയിൽ തന്നെ സ്റ്റേററ്സെക്രട്ടറിക്ക് അനന്തരകരണീയമെന്തെന്ന് കമ്പിയടിച്ചു ചോദിച്ചു. ഈ കാലത്തു സാലിസ്ബറിയുടെ സ്ഥാനത്തെ അലങ്കരിച്ചിരുന്നത് ക്രാൻബ്രൂക്കായിരുന്നു. റഷ്യൻസന്ദേശത്തേ ഒരു ഇംപിരിയൽ പ്രശ്നമെന്നനിലയിൽ ഇംഗ്ലണ്ടുതന്നെ ഇടപെടുന്നതോ, അമീറും ഇൻഡ്യാഗവൺമേൻറുമെന്നനിലയിൽ ഇടപെടുന്നതോ ആശാസ്യമെന്നു ചോദിച്ചു. രണ്ടാമത്തെ അഭിപ്രായമാണ് സ്വീകരിക്കേണ്ടതെങ്കിൽ ഹോം ഗവൺമെൻറിൻേറ സമ്മതത്തോടുകൂടി ഉടനെ ഒരു ബ്രിട്ടീഷ് പ്രതിനിധിയെ (ഒരു യൂറോപ്യനെ)കാബൂളിൽ നിർബന്ധമായി സ്വീകരിപ്പിക്കണം. ലിട്ടൻേറ കമ്പിയിൽ ഇങ്ങിനെ അവസാനിപ്പിച്ചിരിക്കുന്നു:— പരിപൂൎണ്ണമായ ഈ ഔദാസീന്യം തുടൎന്നുകൊണ്ടുപോകുന്നതായാൽ കാര്യങ്ങൾ മുന്നോട്ടുപോകുന്നതു വിഷമവും ഇൻഡ്യയിലുള്ള നില അപകടപൂൎണ്ണവുമായേക്കും. ഒരു ബ്രിട്ടീഷുദ്യോഗസ്ഥനെ നിർബന്ധപൂർവ്വം അവിടെ അവരോധിക്കുന്നതിനുമുമ്പു സംഗതികളുടെ വാസ്തവസ്ഥിതിയെ നല്ലപോലെ അന്വേഷിക്കുന്നമെന്ന് ക്രാൻബ്രൂക്ക് മറുപടി അയച്ചു. പക്ഷെ വൈസറായി സംഗതികളുടെ വസ്തുത അന്വേഷിക്കാതെ ഉടനെ കൎമ്മം ആരംഭിക്കണമെന്നു പിന്നെയും അറിവിച്ചു.

ഈ പ്രശ്നം ഇംപീരിയലായി നിവൎത്തിക്കേണ്ടതായിരുന്നു എന്ന് തോന്നുന്നുണ്ട്. 1878 ജൂൺ 13-ാംനു-യാണ് ബർലിൻകാൺഗ്രസ്സ് നടന്നത്. അതു ബാഹ്യമോടികൊണ്ട് അൎത്ഥശൂന്യമായ ഒരു അടിയന്തിരമായിരുന്നു എങ്കിലും റഷ്യയുടെ സകലാഭീഷ്ടങ്ങളും സമ്മതിച്ചു കൊടുത്തിരുന്നു. ബർലിൻഉടമ്പടി നടന്നതിൽപിന്നീട് ഏതാനും ആഴ്ചവട്ടങ്ങൾ കഴിഞ്ഞതിനു ശേഷമാണ് ഇംഗ്ലണ്ടിലെ ഹോം ഗവണ്മെൻറും ഇൻഡ്യാവൈസറായിയും റഷ്യൻസന്ദേശം കാബൂളിലേക്കയച്ച വിവരം അറിഞ്ഞതു്. റഷ്യ ഉടമ്പടിലംഘനം ചെയ്തതാണെങ്കിൽ ആ കാൎയ്യം ഇമ്പീരിയൽ ഗവണ്മെൻറു തന്നെയാന്വേഷിക്കേണ്ടതു്. ബ്രിട്ടീഷ്അധികാരസീമ

യിൽ പെട്ടു കിടക്കുന്ന അഫ്ഗാൻകാൎയ്യങ്ങളിൽ റഷ്യക്കു പ്രവേശിക്കേണ്ട ആവശ്യമില്ലായിരുന്നു.

ഈ പ്രശ്നത്തെ ഇമ്പീരിയലായി നിരൂപണം ചെയ്യണമെന്ന് ക്രാൻബ്രൂക്ക് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ കാബൂളിൽ ഒരു ബ്രിട്ടീഷ്പ്രതിപുരുഷനെ സ്വീകരിക്കുവാൻ അമീർ നിർബന്ധിതനാകത്തക്ക വണ്ണം ക്രാൻബ്രൂക്ക് ഭാഗ്യദോഷംനിമിത്തം പ്രേരിതനായി. ഇംഗ്ലണ്ടിലെ വിദേശകാൎയ്യാലയത്തിൽ നിന്നും ഈ കാലത്ത് റഷ്യയോടു ചില പൂൎവ്വപക്ഷങ്ങളും ഉണ്ടായി. മാൾട്ടായിലേയ്ക്കു് ഇംഗ്ലീഷുകാർ ഒരു ഇൻഡ്യൻസൈന്യത്തെ അയച്ചതുനിമിത്തം റഷ്യ സൈനികമായും താന്ത്രികമായും വേണ്ട കരുതലുകൾ ചെയ്വാൻ അവകാശപ്പെട്ടുന്നുണ്ടെന്ന് 1878 ആഗസ്റ്റ് 14-ാംനു- സെൻറ് പീറ്റേഴ്സ് ബർഗിൽ താമസിക്കുന്ന ഇംഗ്ലീഷു സ്ഥാനാപതിയ്ക്കു് റഷ്യൻവിദേശമന്ത്രി അറിവു കൊടുത്തു.

ഇംഗ്ലണ്ടുമായി യുദ്ധം ചെയ്യണമെന്നുദ്ദേശിച്ചുതന്നെ കാബൂളിലേക്കയച്ച സന്ദേശം, ബർലിൻ ഉടമ്പടി മൂലം ഉപേക്ഷിച്ചതായി റഷ്യൻവിദേശമന്ത്രി ബ്രിട്ടീഷുകാൎക്ക് 1878 സെപ്തംബർ 8-ാംനു- എഴുതി അയച്ചിരുന്നു. "സാർചക്രവൎത്തിയെ സംബന്ധിക്കുന്ന ഒരഭിപ്രായം ഇങ്ങിനെ ആയിരുന്നു. വിദേശരാജാക്കന്മാൎക്കോ സമീപരാജാക്കന്മാൎക്കോ വല്ല സന്ദേശങ്ങളുമയക്കുന്നതിൽനിന്നും ചക്രവൎത്തി തൻെറ അവകാശത്തെ അവഗണിക്കുന്നതല്ല."

സന്ദർഭവശാൽ റഷ്യ ചെയ്തിട്ടുള്ള സകല സംഗതികളും ന്യായീകരിക്കത്തക്കതാണെന്ന് 1878 ഡിസംബർ 10-ാംനു- പ്രഭുസമിതിയിൽ ചെയ്ത പ്രസംഗമദ്ധ്യേ അന്നു പ്രധാനമന്ത്രിയായിരുന്ന ബക്കൺസ് ഫീൽഡ്പ്രഭു സമ്മതിക്കയുണ്ടായി.

കാബൂളിൽ ഒരു ബ്രിട്ടീഷുറസിഡണ്ടിനെ അമീർ സ്വീകരിക്കണമെന്ന് ലിററൺ സ്വേച്ഛാധികാരമായി നിൎദ്ദേശിച്ചിരുന്നതു് അന്നത്തെ സ്റ്റേററുസെക്രട്ടറിയായ ക്രാൻബ്രൂക്ക് അനുവദിക്കകയും ചെയ്തു. ഈ വിധമുള്ള ഒരു നിയമനം സ്വീകരിക്കുന്നതിൽ അമീറിനുള്ള മനോഭാവമെന്തെന്ന് അന്വേഷിക്കേണ്ട ആവശ്യമില്ലെന്നുതന്നെ വൈസറായി ഉറച്ചു. "മൺകുടത്തോടു്" ആദരവു കാണിക്കുന്നതു തൻെറ പ്രഭാവത്തിന് ഹാനികരമെന്നു കൂടി അദ്ദേഹം വിചാരിച്ചുപോയി. മദ്രാസ്കമാൻഡർ ഇൻചീഫായ സർനവിൽ ചേംബർലിൻ കാബൂളിലേയ്ക്കു് എൻവോയി ആയി അയക്കപ്പെട്ടു.

ഒരു സൈന്യമെന്നു തോന്നത്തക്കവണ്ണം അനവധി അനുചരന്മാ

രേയും അയച്ചിരുന്നു. പ്രതിനിധിയുടെ നിയമനത്തേയും സന്ദർശനത്തെ കുറിച്ച് അമീറിനുള്ള ലിട്ടന്റെ സന്ദേശവുംകൊണ്ട് ആററമഹമ്മദിന്റെ മുമ്പേ ഏജൻറായിരുന്ന നവാബ് ഗുലാം ഹുസ്സൻഖാനെ മുമ്പേകൂട്ടിത്തന്നെ അയച്ചിരുന്നു. ഈ പ്രാധാന്യമുള്ള ഉദ്യോഗത്തിന് ഇതിലധികം ചീത്തയായ ഒരാളെ നിയമിക്കാനില്ല. ഗുലാം ഹുസ്സൻഖാൻ ബ്രിട്ടീഷ് ഏജൻറായിരുന്ന കാലത്തുതന്നെ അമീറിന്റെ സകലവിധ അപ്രീതിക്കും പാത്രമായിട്ടുണ്ട്. 1878 ആഗസ്റ്റ് 14-ാംനു- സിംലായിൽനിന്നും വൈസറായി എഴുതിയ എഴുത്തുംകൊണ്ടാണ് ഖാൻ യാത്ര തിരിച്ചത്. ആ എഴുത്തിൽ ലിട്ടൻ ഇങ്ങിനെ എഴുതിയിരുന്നു:-

മിത്രമായ ഒരു അധികാരശക്തിയുടെ പ്രതിപുരുഷൻ എന്ന നിലയിൽ അയക്കുന്ന എൻവായിയും അദ്ദേഹത്തിന്റെ അനുചരസംഘവും അങ്ങയുടെ രാജ്യത്തിൽ കൂടി കടന്നു യാത്ര ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ പദവിക്കനുയോജ്യമാംവണ്ണം ഉചിതസംഭരണം കൊണ്ടും മാർഗ്ഗസംരക്ഷണം കൊണ്ടും ഉചിതവും ആവശ്യവുമായ ഏർപ്പാടുകളെല്ലാം യാതൊരമാന്തവും കൂടാതെ അങ്ങയുടെ ഉദ്യോഗസ്ഥന്മാരും സർദാറന്മാരും ചെയ്തുകൊടുക്കണമെന്നും കാണിച്ച് ഉടനെ ഒരു ഉത്തരവു കൊടുക്കണമെന്നു താല്പര്യപ്പെടുന്നു.

അഫ്ഗാൻഅതിരുകളിൽ ഉള്ള ഗവർണ്ണർമാരുമായി അമീറിനെ ദ്രോഹിപ്പാനുള്ള ആലോചന ചെയ്യുന്നതിനു വേണ്ട വ്യവസ്ഥകൾ ലിട്ടൻ ഈ കാലത്തു നടത്തുകയും ചെയ്തുകൊണ്ടിരുന്നു.

'ആപത്തുവരുമ്പോൾ കൂട്ടത്തോടെ.' ബ്രിട്ടീഷ് 'ഇരിമ്പുകലം' ഷർ ആലിയെ ഒരു വശത്തുനിന്നും ഞെരുക്കിക്കൊണ്ടിരുന്ന ആ കാലത്ത് അദ്ദേഹത്തിന്റെ പ്രിയപുത്രന്റെ ദേഹവിയോഗം കൊണ്ടുള്ള സങ്കടവും അനുഭവിക്കേണ്ടി വന്നു. ഷർ ആലി തന്റെ അവകാശിയായി വാഴിച്ചിരുന്ന അബ്ദുള്ളജാൻ, 1878 ആഗസ്റ്റ് 17-ാംനു- മരിച്ചു.

മകൻ മരിച്ചിട്ട് നാല്പതു ദിവസം തന്നെ കഴിഞ്ഞിട്ടില്ല. അപ്പോൾ മനന്നാറെ വുത്തിട്ടുള്ള ഗുലാംഹുസ്സൻ വൈസറായിയുടെ എഴുത്തും കൊണ്ട് ഒരു രഹസ്യസന്ദർശനത്തിനയപ്പെക്കിച്ചു. സെപ്തംബർ 8-ാംനു- ലിട്ടൻ അമീറിന്റെ ഉദ്യോഗസ്ഥന്മാരെ ചെംബർപിൻ പെഷവാറിൽ നിന്നും 16 ാംനു- പുറപ്പെട്ടുമെന്ന് അറിയിച്ചിരുന്നു. അതിൽ 'ഈ സന്ദർശനത്തിന്റെ ഉദ്ദേശം മൈത്രീസ്ഥാപനമാണ്. പക്ഷെ സുഖസഞ്ചരത്തെയൊ മാർഗ്ഗസ്വാതന്ത്ര്യത്തെയൊ നിരസിക്കുന്നതായാൽ ആ പ്രവൃത്തി ശത്രുഭാവനയായി ഗണിക്കുന്നതാണ്' എന്നു കാണുന്നു.

# വിമൎശനവീഥി.

## വേലുത്തമ്പിദളവ.

ഗ്രന്ഥകൎത്താവ്, ശ്രീമാൻ കൈനിക്കര എം. പത്മനാഭപിള്ള ബി. എ., എൽ. ടി. ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, കരുകച്ചാൽ.

മുദ്രണശാല, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

വില അണ പന്ത്രണ്ടു്.

നാടകമെന്ന ശബ്ദശ്രവണത്തിൽ ശാകുന്തളം, ഉത്തരരാമചരിതം എന്നു തുടങ്ങി, ഗദ്യപദ്യാത്മകമായി, ശുഭപരിണാമിയായിരിക്കുന്ന ദശരൂപകങ്ങളിൽ ഒന്നെന്ന പ്രതീതിയാണ് സാമാന്യമായി കേരളീയൎക്കുണ്ടാകുന്നതു്. എന്നാൽ ഈ ഗ്രന്ഥം ഗദ്യാത്മകവും ശോകപരിണാമിയും ആണെന്നുള്ളതുകൊണ്ടു് ഇതൊരു നവ്യപ്രസ്ഥാനം എന്നു് വിശദമാണല്ലൊ. ഇതിഹാസപുരാണങ്ങളിൽ നിന്നു സ്വീകരിച്ച ഇതിവൃത്തങ്ങളിൽ പ്രതിഷ്ഠിതങ്ങളായ നാടകം അലൗകികങ്ങളായ വേഷരംഗനടനങ്ങളെക്കൊണ്ടു് തല്കൎത്താവിന്റെ പ്രവൎത്തനപരിധിയ്ക്കു് വിസ്തൃതി നല്കിയിരുന്നു. ഈ നവ്യപ്രസ്ഥാനത്തിൽ ഒരു ചരിത്രവസ്തുതയാണ് ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നതു്. അത്രതന്നെയല്ല, ഇന്നത്തെ വൃദ്ധസമിതിയുടെ പിതാമഹന്മാർ ഈ രംഗത്തിന്റെ ദൃക്സാക്ഷികളുമായിരുന്നിട്ടുണ്ടു്. ഇൻഡ്യയെ ശൃംഖലാബന്ധം ചെയ്ത 'സബ്സിഡിയറിസിസ്റ്റ'മെന്ന കരാളസൎപ്പദംശനം ജീവരക്തപ്രസരണനിദാനമെന്നു് ഭാവിസന്തതികളെ സ്വീയകൎമ്മം കൊണ്ടു് ദൎശനം ചെയ്യിച്ച ഒരു ധീരോദാത്തനിലാണ് ഈ ഇതിവൃത്തം പരിഭ്രമണം ചെയ്യുന്നതു്. ഈ കാരണങ്ങളാൽ കഥാബന്ധസൃഷ്ടിക്കു് നാടകകൎത്താവു സ്വീകരിച്ച അസംസ്കൃതവസ്തു, സ്വഭാവത്തിലും ഉന്നതത്തിലും ജീവിതഭാഗധേയത്തെയും, സംഗ്രാമധീരതയെയും വിശദീകരിക്കുന്നുണ്ടു്. പക്ഷെ ഇതിവൃത്തമഹിമ ഗ്രന്ഥകൎത്താവിനെ അസ്വതന്ത്രനും ആക്കി.

നാടകനിൎമ്മിതിയ്ക്കു് ആവശ്യവിജ്ഞേയങ്ങളായ ചില പ്രമാണങ്ങളുടെ സാമാന്യജ്ഞാനം കൂടാതെ ഒരു നാടകത്തെ ശരിയായി ആസ്വദിക്കുന്നതു തന്നെ അസാദ്ധ്യമാണ്, എല്ലാ നാടകങ്ങളിലെയും ഇതിവൃത്തം ഒരു സമരസംരംഭത്തിൽ നിന്നു് ഉദയം ചെയ്യുന്നു. രണ്ടു വിരുദ്ധവ്യക്തികളിലൊ, വികാരങ്ങളിലൊ, കൗതുകങ്ങളിലൊ ഉണ്ടാകുന്ന സംഘാതമെന്നും ഇ

തിനെ പറയാം. സാമാന്യരീതിയിൽ ഈ സംഗ്രാമം മൂർത്തിസ്വീകരണം ചെയ്ത നായകനേയും പ്രതിനായകനേയും അവലംബിച്ച് നന്മതിന്മകൾ തമ്മിലായേക്കാം. ഇതിന്റെ രൂപം മററു പല വിധത്തിലുമാകാം. വിധിവിലാസത്തോടൊ, പരിതഃസ്ഥിതികളോടൊ നായകൻ പടവെട്ടിയെന്നു വരാം. സാമുദായികനിയമങ്ങളോടൊ ആചാരങ്ങളോടൊ ആയേക്കാം. ബാഹ്യശക്തികളോടൊ ആന്തരവികാരങ്ങളോടൊ സ്വാത്മനാ ചെയ്യുന്ന പോരാട്ടവുമാകാം. ഈ പോരാട്ടം തന്നെ കഥയുടെ നട്ടെല്ലായിനിന്നേക്കാം. ഇതിവൃത്തം കലഹാരംഭത്തിൽ ഉദയംചെയ്തു രണ്ടുംകൂടി ഒന്നിച്ചവസാനിക്കയും ചെയ്യും. പരിസമാപ്തിയിൽ നന്മ, തിന്മയെയും നേരെ മറിച്ചും വിജയിക്കുന്നതായും കാണാം.

പൌരസ്വാതന്ത്ര്യത്തെ നിഹനിക്കുന്ന ഏകാധിപത്യം ദുർമ്മോഹികളും സ്വൈരാലോലുപരുമായ കുബുദ്ധികളുടെ തായാട്ടിനു വശഗനായ ഒരു ക്ഷീണസത്വത്തെ ആശ്രയിച്ചാൽ അവിടെ വിപ്ലവം അസന്നിഗ്ദ്ധമെന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നു. "സ്വയംഭൂ" എന്നഭിമാനിക്കുന്ന ചില ദേവന്മാരുടെ സന്നിധിക്കു മാഹാത്മ്യവും ശക്തിയും ഉണ്ടെന്നു വിശ്വസിക്കുന്നവർകൂടി അവിടെ മുളച്ചുണ്ടാകുന്ന കൂണിനെ ആരാധിക്കാറില്ലല്ലൊ.

കാർത്തികതിരുനാൾ നാടുനീങ്ങിയതിനു ശേഷം കേശവദാസന്റെ ദീർഘദൃഷ്ടിയെപ്പോലും ധൂസരമാക്കുവാൻ പുറപ്പെട്ട നമ്പൂരിസേവകന്റെ കോമരമായിമാത്രം തുള്ളിയിരുന്ന ബാലരാമവർമ്മ ഭരണം കൈയേററു കുറെ കഴിഞ്ഞപ്പോൾ മാത്തൂത്തരകനും ചെട്ടിയും കൂടി ചേർന്നു ജനാവലിയുടെ സമ്പത്തും സ്വാതന്ത്ര്യവും ഒരുപോലെ നശിപ്പിച്ചു. മാർത്താണ്ഡവർമ്മയുടെ സൈനികഭരണം കൊണ്ടും രാമരാജാവിന്റെ ശാന്തഭരണം കൊണ്ടും മങ്ങിവിളങ്ങിയിരുന്ന പൌരുഷം ഫ്രഞ്ചുറവല്യൂഷൻകാലത്തു നെപ്പോളിയനിൽ എന്ന പോലെ വേലുത്തമ്പിയിൽ ഉണർന്നു. ജനഹിതത്തെ പ്രതിനിധീകരിച്ചിരുന്ന തന്റെ ഇഷ്ടാനുസരണം രാജപരിസരം ശുദ്ധമായപ്പോൾ ദോഷശമനം ചെയ്യാത്ത രോഗിയുടെ ഉപദ്രവമൊഴിച്ചിട്ടു ശുശ്രൂഷകസ്ഥാനം തമ്പി കൈയേററു. 'സർവംഭക്ഷ്യാമി' എന്ന ഒരു ശക്തി ഇവിടെ വേരുറച്ചിട്ടുണ്ടു. അതിനോടു സമരമോ സമരസമോ വേണ്ടതെന്നു ചിന്തയിൽ രണ്ടാമത്തേതുതന്നെ ഉചിതമെന്നു കരുതി ചിലതെല്ലാം ചെയ്തു. സ്വജനങ്ങൾക്കു അഹിതകാരണവുമായി. ഈ നിലയിൽ ഉണ്ടായ ഒരു കലഹം കൊണ്ടു നാടകം അവതരിക്കുന്നു.

മേജർ, പപ്പുപിള്ള, സർവാധി ഇവർ ഒരു കാട്ടിൽ ഒത്തുകൂടി തമ്പിയോടുള്ള മത്സരം വെളിപ്പെടുത്തുന്നു. തമ്പിയെ വിധിപ്പാനും വേണ്ട

വ്യവസ്ഥ ചെയ്തതായി തെളിയുന്നുണ്ട്. അവിടെ വച്ചു നടന്ന കലഹത്തിൽ മേജർ ഒഴികെ മററു രണ്ടുപേരും വധിക്കപ്പെട്ടു. ഈ സംഭവം കഥാഗതിയെ സൂചിപ്പിക്കുന്ന ഒന്നായിട്ടു ഇരിക്കുന്നുള്ളു. കഥാഗാത്രത്തെ താങ്ങി നിറുത്തുന്ന ഒരു തൂണായി പരിണമിക്കുന്നില്ലെന്ന് അന്ത്യഭാഗംകൊണ്ടു വ്യക്തപ്പെടും. തമ്പി ആലപ്പുഴയ്ക്കു പോകുമെന്നുറച്ച് വധിപ്പാൻ ആലോചിക്കുന്ന ഒരു ദുരാലോചനാസംഘത്തിൽ തന്നെ മേജർ അല്പാല്പം നിരാശ പ്രദർശിപ്പിക്കുന്നുണ്ട്. ധൂമകേതുവിന്റെ ആവിർഭാവം കണ്ടുകൊണ്ട് സഞ്ചരിക്കുന്ന മാർഗ്ഗമദ്ധ്യേ റസിഡൻറും ദളവായുമായി നടക്കുന്ന വഴക്കിൽ ദളവയുടെ പക്ഷം ചേർന്ന് സംസാരിക്കുന്നു. ഒടുവിൽ ആറാംമൊഴിയിൽ വച്ചു തമ്പിയെകണ്ടു യുദ്ധത്തിനും പോകുന്നു. വേലുത്തമ്പി റസിഡണ്ടിന്റെ പക്ഷം ചേർന്നു രാജാവിനേയും രാജ്യത്തേയും ദ്രോഹിക്കുന്നതായി സംശയിച്ചതാണു ഈ ക്രൂരരുടേയും ശത്രുതയ്ക്കു കാരണമെന്നു തോന്നിപ്പോകുന്നുണ്ട്.

കഥാബന്ധത്തെ ഉത്തമകോടിയിൽ ആക്കിത്തീർക്കുന്നതു് വേഷവിധാനസാമർത്ഥ്യം കൊണ്ടാണ്. സ്വീയഭാഷണം കൊണ്ടും പരകീയഭാഷണം കൊണ്ടും ഒരു വേഷത്തിന്റെ സ്വഭാവം മുഴുവനും വെളിപ്പെടുത്തേണ്ടതായിട്ടാണ് നാടകസ്വഭാവം സ്ഥിതിചെയ്യുന്നതു്. ആഖ്യായികകളിൽ തൽകർത്താവിനു വിശദീകരണസ്വാതന്ത്ര്യമുണ്ട്. നാടകകർത്താവ് കഥയ്ക്കു സംഗ്രഹണം ഉണ്ടായിരിയ്ക്കുവാൻ സദാ ശ്രദ്ധിയ്ക്കേണ്ടതുമാണ്. വേഷങ്ങൾ മൂലമുള്ള വിശദീകരണവും സംഗ്രഹണവും ഒരുപോലെ ശ്രദ്ധിക്കേണ്ടി വരുമ്പോൾ കഥയ്ക്കു് അത്യാവശ്യമില്ലാത്ത രംഗങ്ങളും. വേഷങ്ങളും അതിൽ സ്ഥാനം പിടിച്ചേക്കും. അപ്പോഴാണ് വ്യഥാസ്ഥൂലതയെന്ന ദോഷം ആരോപിക്കേണ്ടതു്. പ്രകൃതനാടകത്തിൽ മൂന്ന്, ഏഴ്. പതിമൂന്ന് എന്നീ രംഗങ്ങളിൽ ലക്ഷ്മിഅമ്മയുടെ കഥ അവതരിപ്പിച്ചിരിക്കുന്നതു് നീലമ്പിള്ളയെ ശുദ്ധി ചെയ്യപ്പെടുക്കുവാൻ മാത്രമെ സാധിക്കുന്നുള്ളു. അതിന്ന് കുഞ്ചുക്കുട്ടിപ്പിള്ള മതിയായിരുന്നില്ലേ? അംബികയുടെ സൃഷ്ടി നന്നായിട്ടുണ്ടെന്നു പറയുന്നവരോട് ഞങ്ങളും യോജിക്കാതിരിക്കുന്നില്ല. പക്ഷെ വേലുത്തമ്പിയുടെ ഗുണമഹിമയെ ഈ ബന്ധം ധൂസരമാക്കുന്നില്ലേ എന്നു സംശയിക്കുന്നുണ്ട്. മഹാരാജാവിന്റെ പ്രേമഭാജനങ്ങളോ ഗണികാസംഘമൊ ദളവയെ ആത്മനാഥനായി വരിക്കുന്നതു് 'അനുരാഗത്തിനു കണ്ണില്ല' എന്ന പ്രമാണത്തെ അടിസ്ഥാനമാക്കി ആയിരിക്കാം. കുഞ്ചുക്കുട്ടിപ്പിള്ള 973-നു മുമ്പു മരിച്ചതായി ചില രേഖകൾ ഉണ്ട്. അദ്ദേഹം ആലങ്ങാട്ടുമായി ചില ബന്ധമുള്ള ആളാണ്. പറവൂരും ആലങ്ങാട്ടും തിരുവിതാംകൂറിനോടു ചേർന്നതിനു ശേഷമാണ് കുഞ്ചുക്കുട്ടിപ്പിള്ള തിരുവന

ന്തപുരത്തു സ്ഥിരതാമസം ഉറപ്പിച്ചത്. ടിപ്പുവിന്റെ പടയ്ക്കു ശേഷം അദ്ദേഹം അധികനാൾ ജീവിച്ചിരുന്നില്ല. ഈ പരമാർത്ഥം 'രാമരാജാബഹദൂറി'ൽ അല്പം സൂചിപ്പിച്ചിട്ടുമുണ്ട്. ആ കുഞ്ചുക്കുട്ടിപ്പിള്ള തന്നെ ഇവിടെ ചാടിവീണതു് ദേശകാലവ്യവസ്ഥയെ അവഗണിച്ചു് പാശ്ചാത്യകവികളിൽ ചിലരെ അനുകരിച്ചായിരിക്കുമോ, അതോ ഈ കുഞ്ചുക്കുട്ടിപ്പിള്ള വേറെ ഒരു സൃഷ്ടിയോ എന്നു മനസ്സിലാകുന്നില്ല.

കഥാബന്ധത്തിനു്, വേഷവിധാനവും അതിനു സംഭാഷണവും ഗുണപരഭാഗ്യം വരുത്തുന്നതാണ്. ഓരോ വേഷങ്ങളും സംസാരിക്കുമ്പോൾ അവരുടെ സ്വഭാവവും പരിതസ്ഥിതികളും അഭിവ്യഞ്ജിക്കണം. അതിൽ ഗ്രന്ഥകർത്താവിന്റെ സാമർത്ഥ്യം അഭിനന്ദനീയമായിട്ടുണ്ട്. അപൂർവ്വമായി തെക്കരെക്കൊണ്ട് മദ്ധ്യതിരുവിതാംകൂർഭാഷ സംസാരിപ്പിച്ചുപോയതു് സ്വപരിചയം അറിയാതെ കൈകേറിയതായിരിക്കും. ഈ ഭാഗത്തു് അല്പമായ മറെറാരു ന്യൂനത കാണുന്നുണ്ട്. അംബികയും തമ്പിയുമായുള്ള സംഭാഷണത്തിലൊ, അംബികയും തമ്പുരാനുമായുള്ള സംഭാഷണത്തിലൊ ശൃംഗാരരസം അശേഷവും സ്ഫുരിക്കുന്നില്ല. അവിതർക്കിതോത്തരഛായ ഇവിടെ നല്ലപോലെ കാണുന്നുമുണ്ട്. സംഭാഷകന്റെ വാക്കിൽ നിന്നു വ്യഞ്ജിക്കുന്നതും എന്നാൽ ഉദ്ദേശിച്ചിട്ടില്ലാത്തതും ആയ അർത്ഥം സ്വീകരിച്ചു് ഉത്തരം പറയുന്ന രീതിയാണിതു്:-

ദളവ:- അംബികെ, വാപ്പടവെട്ടാൻ ഇവനാളല്ല.

അംബിക:- പോരെങ്കിൽ ഞാൻ ഒരു വായാടിയാണെന്നുകൂടി.

ദളവ:- ഞാൻ തോററു. ഇനി വന്ന കാര്യം പറയു.

അംബിക:- എന്താ എന്നെ പറഞ്ഞയക്കാൻ ധൃതിയായൊ.

ഈ ജാതി സംഭാഷണത്തിനും ഒരു സ്ഥാനം നാടകത്തിലുണ്ട്. പക്ഷെ ഇതു് അവസരോചിതമല്ലെന്നു തോന്നുന്നു.

സംഭാഷണത്തിൽ നാടകകർത്താക്കന്മാക്ക് ഒരു സ്വാതന്ത്ര്യമുണ്ട്. ആഖ്യായികാകർത്താക്കൾ സ്വാഭിപ്രായംകൊണ്ട് വിശദീകരിക്കുന്നതിനു പകരം നാടകകർത്താക്കൾ കഥയിലെ വേഷങ്ങളെക്കൊണ്ട് ആത്മഗതം, പ്രകാശം, ജനാന്തികം, അപവാരിതം, ആകാശഭാഷിതം ഇങ്ങിനെ അഞ്ചുപായങ്ങൾ സ്വീകരിപ്പിക്കുന്നു. ഈ തന്ത്രം കഴിയുന്നതും കുറയ്ക്കേണ്ടതാണ്. വേഷവിധാനംകൊണ്ട് അസാദ്ധ്യമെന്നു തോന്നുന്ന അപൂർവ്വഘട്ടത്തിൽ ഇവ സാധുവാണ്. അതുംതന്നെ വളരെനേരത്തേയ്ക്കു തുടരുന്നതു്

ഭംഗിക്കുറവാകുന്നു. അഞ്ചിനങ്ങളിലായി നീണ്ടുനീണ്ടുള്ള നാട്യോക്തി ഒരു പക്ഷെ ആഖ്യായിക തന്നെ ആയേക്കാം. വേലുത്തമ്പി, ലക്ഷ്മിഅമ്മ, അംബിക ഇവരുടെ ആത്മഗതം കുറച്ചധികമാണ്. ആകാശഭാഷണം എന്ന ഇനത്തിൽ ചേക്കാവുന്ന വേലുത്തമ്പിയുടെ പ്രഭാഷണം വികാരജനകം തന്നെ എങ്കിലും അതിൻെറ ദൈർഘ്യം പ്രേക്ഷകരുടെ ക്ഷമയെ ഒരു പക്ഷെ പരീക്ഷിച്ചേക്കും. ഇരുപത്തിഒന്നാംരംഗം നാടകത്തിൻെറ ഒരു അനുബന്ധം മാത്രമാണ്. അവിടെക്കാണുന്ന സംഭാഷണം നീലംപിള്ളയുടേയും അംബികയുടേയും ആകാശഭാഷണത്തിൽ തന്നെയാണ് ചേക്കാവുന്നതെങ്കിലും അതിന് 'സാളിലക്കി' എന്ന ഇംഗ്ലീഷുപേരാണ് അധികം പററിയതു്.

നാടകകർത്താക്കൾ അവശ്യം ആദരിക്കേണ്ട അഞ്ചു സന്ധികൾ ആഖ്യായികയ്ക്കും നാടകത്തിനുമുണ്ടു്. വേലുത്തമ്പിദളവയുടെ ജീവചരിത്രം മുഴുവനും നിർദ്ദിഷ്ടനാടകത്തിനു് ആവശ്യമെന്നു തൽക്കർത്താവു കരുതുന്നില്ല. അതിനാൽ താൻ സ്വീകരിക്കുന്ന കഥാഭാഗത്തെ പ്രേക്ഷകന്മാരെ അറിയിച്ചു് അവരിൽ ജിജ്ഞാസ ഉണർത്തുന്നതാണ് ആദ്യത്തെ സന്ധി. ഇതിന് മുഖം എന്നു പറയുന്നു. ജയിൽവാസം അനുഭവിച്ചിരുന്ന ഉപജാപസംഘത്തിൽ പെട്ട രണ്ടാളുകളുടെ ദുരാലോചനയാണ് പ്രകൃതനാടകത്തിൽ മുഖസന്ധിയായി ഗണിക്കാവുന്നതു്. വേലുത്തമ്പിദളവയെ വധിക്കുന്നതിനു ചെയ്യുന്ന ശ്രമങ്ങളും വൈഫല്യവും ഇടക്കിടെ കാണുന്ന പ്രേക്ഷകന്മാർ ശങ്കമാനരായി കുഴങ്ങുന്നു. ഈ ഭാഗമത്രെ ആശങ്കാസന്ധി. ഇരുകക്ഷികളുടേയും ശ്രമം ഇന്ന പരിണതിയിലെത്തുമെന്ന് അറിയുന്ന ഘട്ടത്തിനു പ്രതീക്ഷയെന്നും പേരിടാം. പിന്നീടു് ഫലത്തോളം എത്തുന്ന ഘട്ടത്തിന് വിമോചനമെന്നു പറയുന്നു. അതിനുശേഷം ഉള്ള പരിണതഫലത്തിനു നിർവ്വഹണം എന്നും സിദ്ധാന്തിച്ചിരിക്കുന്നു. പൗരസ്ത്യാചാര്യന്മാർ ഇവയെ മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവ്വഹണം എന്ന് അഞ്ചായി പിരിച്ചു് അറുപത്തിനാലു ഉപവിഭാഗങ്ങൾ കല്പിച്ചിരിക്കുന്നു. പാശ്ചാത്യർ വിമോചനസന്ധിയിൽ വന്നു ചേരുന്ന അനുകൂലപ്രതികൂലഭാവങ്ങൾ കൊണ്ടു് ആശങ്ക, പ്രതീക്ഷ, വിമോചനം എന്നിങ്ങനെ പല ഉരു ആവർത്തിക്കുന്നു.

പ്രകൃതനാടകത്തിൻെറ സന്ധിനിർണ്ണയത്തിന് ഒരുങ്ങുമ്പോൾ പല വൈഷമ്യങ്ങളുമുണ്ടു്. ധൂമകേതുവിൻെറ ഉദയം കണ്ടു ക്ഷീണിച്ച തമ്പി, ചെട്ടിയാരെ വധിക്കയും നീലമ്പിള്ളയുമായി നേരിടുകയും ചെയ്യുന്നതു വരെ ആശങ്കാസന്ധി നീണ്ടുനില്ക്കുന്നു. അതിനു മുമ്പുതന്നെ കഥയ്ക്കു് മററൊ

രു ഗതി വന്നുചേരുന്നു. ഉടമ്പടി പുതുക്കിക്കഴിഞ്ഞു് ഏറെത്താമസിക്കു ന്നതിനുമുമ്പു് റസിഡൻറു കപ്പക്കുടിശ്ശിക ചോദിച്ചുതുടങ്ങി. അന്നുമുതൽ വളർന്നുവന്ന ആശങ്കാദളവാപദം ഉപേക്ഷിക്കുന്ന എഴുത്തുംകൊണ്ടു് കഞ്ചുക്കുട്ടിപ്പിള്ള റസിഡണ്ടിനെ കാണുന്നതുവരെ നിലനില്ക്കുന്നു. അന്നു് പ്രതീക്ഷയിൽ എത്തി. പിന്നീട്ടുള്ള വിമോചനം പല വിമർശനങ്ങളും കഴിഞ്ഞു് ആറാംമൊഴിപ്പുരാജയാം വരെ എത്തുന്നു. മണ്ണടിക്കാവിൽ ഭദ്രകാളിയ്ക്കു നരബലി കൊടുത്തു് ധൂമകേതുവിൻെറ സാമ്രാജ്യവിധ്വംസകശക്തിയ്ക്കു് ശാന്തി നൽകി ദോഷപരിഹാരം ചെയ്തു. ശേഷം ചിന്ത്യം എന്നു കണിയാൻഭാഷയിൽ നിവ്വഹണവും സാധിച്ചു. സന്ധികളുടെ ബന്ധത്തിനുള്ള ശൈഥില്യം ഏതു ഗാത്രത്തിനും ത്രാസകാരണമാണ്. അങ്ങിനെയുള്ള ഒരു അപരാധം ഈ ഗ്രന്ഥത്തിൽ പരിപൂർണ്ണമായി കാണുന്നുണ്ട്. എങ്കിലും പ്രേക്ഷകരുടെ സന്തോഷത്തിനു വേണ്ട സകല ഒരുക്കങ്ങളും ചെയ്തിട്ടുണ്ട്. അതു തന്നെയാണ് ഒരു പ്രേക്ഷകൻ നാടകാവസാനത്തിൽ നിദ്രാസേവനത്തിനൊരുങ്ങിയപ്പോഴും കണ്ണടയാഴ്ത്തുകൊണ്ടു് പരിലുഠനം ചെയ്യുമ്പോഴും അംബികയുടെ പ്രേമഗീതം കേട്ടു് പിന്നെയും രംഗസ്ഥിതനാകുന്നതു്.

അംഗംപ്രതി സൂക്ഷിക്കുമ്പോൾ സുന്ദരമെങ്കിലും ആകെ സന്തോഷദായകമല്ലാത്തതെന്നും ഓരോ അവയവത്തിനു് പ്രത്യേകിച്ചു ഗുണമില്ലെങ്കിലും ആകെ ഒരു ആനച്ചന്തമുള്ളതെന്നും സൗന്ദര്യത്തെ രണ്ടായിത്തിരിക്കാറുണ്ടു്. ഈ ഗ്രന്ഥം ഒന്നാമിനത്തിൽ ചേർന്നതെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. "അവയവസൃഷ്ടിക്കുള്ള സാമർത്ഥ്യം അചിരേണ സന്ധാനപാടവം നൽകു"മെന്നൊരു സിദ്ധാന്തമുണ്ടു്.

മി: പത്മനാഭപിള്ളയുടെ ആദ്യശ്രമം തന്നെ ഇതു വിജയപരിണാമിയായതുകൊണ്ടു് നിമ്മത്സരബുദ്ധികൾ അനുമോദിക്കതന്നെ ചെയ്യും. കാളിദാസമഹാകവിയുടെ നാടകത്രയങ്ങളിൽ അന്ത്യമായ ശാകുന്തളത്തിനുള്ള സ്ഥിരപ്രതിഷ്ഠ മററുള്ളവയ്ക്കു് സിദ്ധിച്ചിട്ടില്ലെന്നുള്ളതു സവ്വവിദിതമല്ലെ.? അതിനാൽ മി: പിള്ളയുടെ ഈ സംരംഭത്തിനു സവ്വവിജയവും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു. *

---

* കേശവദാസൻ, സീതാലക്ഷ്മി മുതലായ ചരിത്രനാടകങ്ങളും അടുത്തുതന്നെ വിമർശനം ചെയ്യുന്നതാണ്.

(പത്രാധിപർ)

# ഉദ്ധാരണങ്ങൾ.

## ഇൻഡ്യയുടെ മോക്ഷമാർഗ്ഗം.

അലഹബാദ് സർവ്വകലാശാലയിലെ ബിരുദദാനാവസരത്തിൽ സർ. സി. വി. രാമൻ ചെയ്ത പ്രസംഗം ഏററവും ശ്രദ്ധേയമായ ഒന്നാകുന്നു. അതിന്റെ അവസാനഭാഗം 'കല്ക്കത്താറവ്യൂ'വിൽനിന്നും താഴെ ഉദ്ധരിക്കുന്നു:-

ഞാൻ ഭാവിയിലേയ്ക്കു് ഒന്നു ദൃഷ്ടി ഓടിക്കട്ടെ. പ്രവചിക്കാൻ പുറപ്പെടുന്നവൻ ഒരു ധീരനാകുന്നു. എന്നാൽ നമ്മുടെ ദൃഷ്ടിയിൽ നിന്നും ഭാവിയെ മറച്ചുവച്ചിരിക്കുന്ന വിസ്മയാവരണത്തെ നീക്കുന്നതു് ചിലപ്പോൾ ആശാസ്യമായിരിക്കും. എന്റെ യുവസ്നേഹിതന്മാരായ നിങ്ങളുടെ ഹൃദയത്തിൽനിന്നും മാതൃഭൂമിയോടുള്ള ബഹുമാനവും ഭക്തിയും കല്ലോലജാലം പോലെ ഇളകി മറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നു് എനിക്കറിയാം. നമ്മളിൽ ആരാണു് ഇൻഡ്യയിലെ ഒരു ദേശാഭിമാനിയല്ലാത്തതു്? എന്നാൽ ഇൻഡ്യയെ ഏതു തരത്തിലാക്കണമെന്നാണു് നിങ്ങൾ ആഗ്രഹിക്കുന്നതെന്നു് നമ്മോടു ചോദിക്കുക. നിങ്ങൾക്കും മററുള്ളവർക്കും താല്പര്യമുള്ള ഇൻഡ്യയുടെ ഭാവിയായ ഈ വിഷയം നമ്മുടെ ചിന്തയെ സവിശേഷം ആവശ്യപ്പെടുന്ന ഒന്നാണെന്നാണു് എന്റെ യുവസ്നേഹിതന്മാരോടു് എനിക്കു പറയുവാനുള്ളതു്. നൂറു സംവത്സരത്തിനു മുമ്പുണ്ടായിരുന്നതിനേക്കാൾ എത്രയും വിഭിന്നമായ ഒരു ദശയിലും സംഭവങ്ങളുടെ മദ്ധ്യത്തിലുമാണു് നാം ഇന്നു ജീവിതം തരണംചെയ്യുന്നതു്. കഴിഞ്ഞ നൂററാണ്ടിന്റെ മദ്ധ്യമകാലത്തു് ജപ്പാൻ ഇതരദേശങ്ങളുമായി ഇടപെടാതെ മറഞ്ഞിരുന്നു എന്നും, അമേരിക്കയുടെ പീരങ്കികൾ ആ മറയെ അകററണമെന്നു് പഠിപ്പിച്ചു എന്നും തൽഫലമായി ആ രാജ്യം ആധുനികപരിഷ്കാരപ്രവാഹത്തിൽ അകപ്പെട്ടു എന്നും നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ. ആ പരിഷ്കാരത്തോടു് നാം ഏതു നിലയിലാണു് അനുവർത്തിക്കേണ്ടതു്.? അതു് അസുഖദായകവും മൃഗീയവുമായി നമുക്കു കരുതാമോ? ഇൻഡ്യയുടെ ഭാവിമോക്ഷം ആ മാർഗ്ഗത്തിലാണെന്നു് ഞാൻ വിചാരിക്കുന്നില്ല. ഭാരതം പതിനഞ്ചു നൂററാണ്ടോളം ഉറങ്ങിയെങ്കിലും, അവൾ മനുഷ്യാഭിവൃദ്ധിയുടെ മുന്നണിയിൽ നില്ക്കുകയും, ഇൻഡ്യയിലെ സന്യാസിമാരും പണ്ഡിതന്മാരും കേവലം പുസ്തകപ്പുഴുക്കളല്ലാതിരിക്കുകയും അവർ പ്രകൃതിയെപ്പററി പഠിക്കുന്നതിന് സ്വയം ശ്രമിക്കുകയും മററും ചെയ്ത ഒരു കാലമുണ്ടായിരുന്നു എന്ന്

നാം വിസ്മരിച്ചുകൂട. കണക്കശാസ്ത്രവും ബീജഗണിതവും ഇൻഡ്യ കണ്ടുപിടിച്ചു. ജ്യോതിഷത്തിലും രസതന്ത്രത്തിലും മാതൃഭൂമി വളരെ അഭിവൃദ്ധി പ്രാപിച്ചു. വൈദ്യം, എൻജിനിയറിംഗ് മുതലായവയിൽ അവർ വളരെ നൈപുണ്യം കാണിച്ചു. പതിനഞ്ചു നൂററാണ്ടത്തെ സുഷുപ്തി നമ്മെ പരിപൂർണ്ണമായ അന്ധകാരത്തിലകപ്പെടുത്തി എന്നു പറയാമോ? നമുക്ക് ആ സുഷുപ്തിയിൽ നിന്നും ഉണന്ന് ആ പഴയ ചൈതന്യം നമ്മളിലുണ്ടെന്നും ഒരിക്കൽക്കൂടി മഹത്തായ ജ്ഞാനാഭിവൃദ്ധിയിൽ പങ്കുകൊള്ളാമെന്നും തെളിയിക്കരുതേ? നമുക്ക് ഈ വിജ്ഞാനപുരോഗതി ഇഷ്ടമായെന്നും ഇല്ലെന്നും വരാം—നാം അതു് സമ്മതിച്ചു എന്നും ഇല്ലെന്നും വരാം—എന്നാൽ അതു് അഭിവൃദ്ധിപ്പെട്ടുകൊണ്ടു തന്നെ ഇരിക്കും. നമ്മെ അഭിമുഖീകരിച്ചുവരുന്ന ജ്ഞാനപ്രവാഹത്തിൽനിന്നും മറഞ്ഞിരിക്കാമെന്നു വിചാരിക്കുന്നതുകൊണ്ടു് പ്രയോജനമില്ലെന്നു ഞാൻ പറയുന്നു.

ലോകത്തിൽ ഇൻഡ്യയ്ക്കു് സ്ഥാനമെന്തെന്നു നാം അന്വേഷിക്കുന്നു. നാം ലോകത്തിലെ മഹാദേശങ്ങളിലൊന്നായിരിക്കണമെന്ന് ആഗ്രഹിക്കുന്നു എങ്കിൽ ആ സ്ഥാനലബ്ധിക്ക് വിലകൊടുത്താൽ മാത്രമെ അതു് സാധിക്കയുള്ളൂ. അതിൻെറ ശരിയായ വില എന്തെന്ന് ഞാൻ പറയാം. ആ വില പ്രയത്നിക്കുന്നതിന് സന്നദ്ധത കാണിക്കുകയാണ്. അഥവാ അതു പ്രയത്നമാണ്; ധീരതയാണ്; സധീരമായ ചുണയാണ്. അതു് പ്രാപ്യസ്ഥാനത്തെത്തുവാൻ അസംഖ്യം പ്രവൃത്തികൾ നടത്തുകയും ത്യാഗങ്ങൾ അനുഭവിക്കുകയും ചെയ്യുവാനുള്ള തീരുമാനമാണ്; നമ്മെ—നമ്മുടെ ചൈതന്യത്തെയാണ്—ഭാരതത്തിൻെറ ഭാവി ആശ്രയിച്ചിരിക്കുന്നതു്. ആ രമാത്രം—വിശ്വാസം മാത്രം—നിങ്ങളും ഞാനും ആഗ്രഹിക്കുന്നതു് സാധിച്ചുതരുമെന്നു വിചാരിക്കണ്ട. ഇൻഡ്യയുടെ സന്താനങ്ങളുടെ അവിരാമമായ പരിശ്രമത്തിൽക്കൂടിയും കഷ്ടാനുഭവത്തിൽക്കൂടിയും ത്യാഗത്തിൽക്കൂടിയും മാത്രമെ ഇൻഡ്യക്ക് ലോകത്തിൽ യഥാർത്ഥമായ സ്ഥാനം ലഭിക്കയുള്ളൂ. ഞാൻ ശ്രമിച്ചുനോക്കാത്തതിനെപ്പററി പ്രസംഗിക്കയില്ലെന്ന് നിങ്ങൾ ഓർമ്മിക്കണം. ഇൻഡ്യ ഒരു നശിച്ച പഴയ രാജ്യമല്ലെന്നും, വളരെക്കാലമായി ബാധിച്ചിട്ടുള്ള സുഷുപ്തിയിൽ നിന്നും ഉണരുവാൻ സാധിക്കുമെന്നും കാണിച്ചുകൊടുക്കേണ്ടതു് നമ്മുടെ ചുമതലയെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളട്ടെ. ഞാൻ ശാസ്ത്രത്തിനുവേണ്ടി ഇരുപതു സംവത്സരം പ്രയത്നിച്ചു. ഞാൻ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതു് എനിക്കു മാത്രം വേണ്ടിയുള്ള ഒരു പ്രവൃത്തിയല്ല; എൻെറയും നിങ്ങളുടേയും രാജ്യത്തിനു വേണ്ടിയുള്ള ഒരു പ്രവൃത്തിയാണ്. അതു് നമ്മുടെ പൂർവികന്മാരുടെ ഓർമ്മയ്ക്കു വേണ്ടിയുള്ള ഒരു പ്രവൃത്തിയാണ്. അതു് നമ്മുടെ ജ

നങ്ങൾ ഭൂമുഖത്ത് അധിവസിക്കുന്നുണ്ടെന്ന് നീതീകരിക്കുവാനുള്ള ഒരു പ്രവൃത്തിയാണ്. നമുക്ക് അഭിവൃദ്ധി പ്രാപിക്കുവാൻ സാധിക്കയില്ലെങ്കിൽ—ലോകത്തിലെ മഹാരാജ്യങ്ങളുടെ ഇടയിൽ നമ്മുടെ സ്ഥാനത്തെ നിലനിറുത്തുവാൻ കഴികയില്ലെങ്കിൽ—നാം ഭൂമുഖത്തുനിന്നും വിലയം പ്രാപിക്കുന്നതാണ് ഉത്തമം. നാം ഉത്തമസ്ഥാനത്തെ അധിരോഹണം ചെയ്യട്ടെ; അല്ലെങ്കിൽ നാം നശിക്കട്ടെ. ഈ സന്ദേശമാണ് ഞാൻ നിങ്ങൾക്കു നൽകുവാനിച്ഛിക്കുന്നതു്.

# സോവിയററ് യൂണിയനിലെ വിദ്യാഭ്യാസാഭിവൃദ്ധി.

സോവിയററ്ഗവർമെൻറിൻെറ പഞ്ചവത്സരപദ്ധതിയുടെ ഫലമായി രാജ്യത്തിലെ വിദ്യാഭ്യാസം വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ടുകൊണ്ടു കാണുന്നു. 1929ൽ 1500000, പേർക്കും, 1930-ൽ 5500000, പേർക്കും 1931-ൽ 10, 500, 000 പേർക്കും അഭ്യസനം സിദ്ധിച്ചിട്ടുണ്ട്. 1932-ൽ 3800000 പേരുടെ അജ്ഞാനം അകന്നുപോകുന്നതാണെന്ന് കാണുന്നു. അതോടുകൂടി ആ രാജ്യത്തിലെ അജ്ഞത തീരെ ഇല്ലാതാകുന്നതാണ്. ഇതോടുകൂടിത്തന്നെ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരുടെ ജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. 1932-ൽ 1631ലക്ഷത്തോളം 1½ ഇരട്ടി ആളുകൾ അവരുടെ ജ്ഞാനത്തെ വർദ്ധിപ്പിച്ചിട്ടുണ്ട്. നിർബന്ധിതപ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്തിയതാണ് വേറൊരുവിജയം. 1931-ൽ 8--11 വയസ്സുവരെയുള്ള എല്ലാ കുട്ടികളേയും പാഠശാലകളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. 1931-ൽ പല കലകളിൽ അഭ്യസനം നൽകുന്ന പദ്ധതി ഏർപ്പെടുത്തുവാൻ സാധിച്ചു. 1932-ൽ ഏർപ്പെടുത്തിയ ഏഴു സംവൽസരത്തെ നിർബന്ധിത വിദ്യാഭ്യാസം ഈ രാജ്യത്തിലെ വിദ്യാഭ്യാസാഭിവൃദ്ധിയുടെ ഒരു പ്രധാനലക്ഷണമാകുന്നു. പുതിയപാഠശാലകളിൽ 2969000 കുട്ടികളെപ്രവേശിപ്പിക്കും. കഴിഞ്ഞ കൊല്ലത്തിൽ അവിടെപഠിച്ചിരുന്നവരുടെ സംഖ്യ 1879000 ആയിരുന്നു. ഏഴുസംവൽസരത്തെ നിർബന്ധിത വിദ്യാഭ്യാസം 1931-ൽ തന്നെ ചില പട്ടണങ്ങളിലും വ്യവസായകേന്ദ്രങ്ങളാകുന്ന ജില്ലകളിലും ഏർപ്പെടുത്തിയി

രുന്നു. 1931-ൽ വ്യവസായപാഠശാലകളിൽ പഠിച്ചിരുന്ന കുട്ടികളുടെ സംഖ്യ 152000 ആയിരുന്നു. 1932-ൽ അതു് 293000 ആകും. 1931-ൽ കൂലിവേലക്കാരുടെ സർവ്വകലാശാലകളിൽ 76000 അദ്ധ്യേതാക്കളുണ്ടായിരുന്നു 1432-ൽ 155000 പേരുണ്ടാകും. സങ്കേതികപാഠശാലകളിൽ 1931-ൽ 323000 വിദ്യാർത്ഥികളേ പ്രവേശിപ്പിച്ചിരുന്നു. 1932-ൽ 473000 പേരെപ്രവേശിപ്പിക്കും. 1931-ൽ കാളേജുകളിൽ 83000 കുട്ടികൾ പഠിച്ചിരുന്നു. 1932-ൽ 136000 ആയിരിക്കും. 1932-ൽ സോവിയററ് യൂണിയനിലെ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 365000 ആയിരിക്കും. അതായതു് ജനസംഖ്യയിൽ 10000ന് 32 പേർവീതമുണ്ടായിരിക്കും. ഇക്കാര്യത്തിൽ സോവിയററ് യൂണിയൻ, ജമ്മനി, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീരാജ്യങ്ങളെ ജയിച്ചിട്ടുണ്ട്. ജമ്മനിയിൽ 10000ന് 14-ം, ഇംഗ്ലണ്ടിൽ 18 ം, ഫ്രാൻസിൽ. 8. 6-ം ആണ് സവ്വകാശാലാവിദ്യാഭ്യാസം സിദ്ധിക്കുന്നവരുടെ സംഖ്യകൾ. 1932-ൽ സോവിയററ് കാളേജിൽ പഠിക്കുന്ന അദ്ധ്യേതാക്കളിൽ 75 ശതമാനം വേലക്കാരും കഷ്കരുമായിരിക്കും. എല്ലാവരേയും ഗവമെൻറാണ് പ പഠിപ്പിക്കുന്നതു്. ഈ വിഷയത്തിൽ ഒരു വലിയതുകവീതം കൊല്ലംതോറും ചിലവാക്കുന്നുണ്ട്. 1932-ൽ അദ്ധ്യാപകന്മാരുടെ ശമ്പളം 25 മുതൽ 30 ശതമാനംവരെ വദ്ധിപ്പിച്ചിട്ടുണ്ട്.

# ഇൻഡ്യയിലെ പട്ടുവ്യവസായം.

ശ്രീമാൻ ആർ. എൻ. ബെൻസികരുടെ ഒരു പ്രസംഗത്തിലെ ഒരു ഭാഗമാണ് താഴെ ചേക്കുന്നതു്:-

നല്ലവണ്ണം ഒരു നേരത്തെ ഭക്ഷണത്തിനു പോലും നിവൃത്തിയില്ലാത്ത വലിയ ഒരു ജനസംഖ്യയോടുകൂടിയ ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്തിന് പട്ടുവ്യവസായം അതിപ്രധാനമായ ഒരു തൊഴിലാകുന്നു. ജനങ്ങളുടെ മുഖ്യതൊഴിലായ കൃഷിയുമായി ബന്ധമുള്ളതും കഷ്കന്മാക്ക് അതിലാഭം ഉണ്ടാകത്തക്കവണ്ണം കൃഷിയുമായി ഘടിപ്പിച്ചു ചെയ്യാവുന്നതുമായ ഒന്നാണ് പട്ടുവ്യവസായം. ചില സന്ദർഭങ്ങളിൽ അതു് ഒരു യഥാത്ഥ കുടിൽവ്യവസായവും മററു ഘട്ടങ്ങളിൽ അതു് കുടിൽവ്യവസായമാക്കിത്തീക്കാവുന്നതുമാകുന്നു. ജനസംഖ്യ എപ്പോഴും വദ്ധിച്ചുവരുന്നതുകൊണ്ടു് ഓരോ ഘട്ടങ്ങളിലും പ്രവൃത്തിയുണ്ടാക്കിക്കൊടുക്കുന്നതിന് ഇതുകൊണ്ടു സാ

ധിക്കുന്നതാണ്. പട്ടുപ്പുഴുവിൽനിന്നും നൂൽക്കൂട്ടുകൾ എടുക്കുന്ന പ്രഥമഘട്ടത്തിൽപോലും സാധാരണ കരിമ്പുകൃഷിയേക്കാൾ കൂടുതൽ ആദായകരമാകുന്നു. ഇതിൽനിന്നും ലഭിക്കുന്ന പരമമായ ആദായം ഒന്നാംതരം കരിമ്പുകൃഷിയുടെ ആദായത്തിന്റെ നാലിരട്ടിയാകുന്നു. ഗൃഹാന്തർഭാഗത്തുവച്ചു് നടത്താവുന്നതും നാലുമുതൽ ആറു ആഴ്ചവരെ മതിയാകുന്നതുമായ ഒന്നാണ് പട്ടുനൂൽവ്യവസായം. കരിമ്പുകൃഷിക്കു വേണ്ടുന്നതിനേക്കാൾ പ്രയത്നവും ബുദ്ധിമുട്ടും ഇതിനു കുറച്ചു മതിയാകുന്നതാണ്. ഈ ജോലി സ്ത്രീകൾക്കു് ചെയ്യാവുന്നതാകുന്നു. ഒരു വർഷത്തിൽ ആറു പ്രാവശ്യം വരെ പട്ടുനൂൽക്കൂട്ടുകൾ വിളവായി എടുക്കുന്നതിന് ഇൻഡ്യക്കല്ലാതെ ലോകത്തിൽ മറ്റൊരു രാജ്യത്തിനും സാധിക്കുന്നതല്ല. ഇററലിയിലും ഫ്രാൻസിലും കൊല്ലത്തിൽ ഒരു പ്രാവശ്യവും ചൈനയിലും ജപ്പാനിലും മൂന്നു പ്രാവശ്യവും മാത്രമെ വിളവു ലഭിക്കുന്നുള്ളു. പട്ടുനിർമ്മാണത്തിനുള്ള സകലവിധ ഉപകരണങ്ങളും, അതായതു് വിസ്തീർണ്ണമായ ഭൂതലം, കുറഞ്ഞ കൂലിക്കുള്ള വേലക്കാർ, അനുകൂലമായ ശീതോഷ്ണാവസ്ഥ എന്നിവ ഇൻഡ്യക്കുണ്ടു്. ഇൻഡ്യക്കു് ഇന്നാവശ്യമുള്ള പട്ടുതുണികൾ മാത്രം ഉണ്ടാക്കിയാൽപോലും ഏകദേശം 16 ലക്ഷം കുടുംബങ്ങൾക്കു് തൊഴിലുണ്ടാക്കി കൊടുക്കുവാൻ സാധിക്കുന്നതാണ്. ഈ വ്യവസായത്തെ ഇനിയും അഭിവൃദ്ധിപ്പെടുത്തേണ്ടതാകുന്നു.

---

# ഓർമ്മപ്പൂക്കൾ.

പരേതനായ

ശ്രീമാൻ,

## കെ. ആർ. ഗോവിന്ദപ്പിള്ള അവർകൾ

---

'ഗുരുനാഥൻ'മാസികയുടെ പ്രാരംഭപ്രവർത്തകന്മാരിൽ ഒരാളും ഉത്തമസുഹൃത്തും ആയിരുന്ന ശ്രീമാൻ കെ. ആർ. ഗോവിന്ദപ്പിള്ള അവർകൾ ഈ അടുത്തകാലത്തു് ചരമം പ്രാപിച്ച വിവരം ഞങ്ങൾ വ്യസനപൂ

വും വായനക്കാരെ അറിയിച്ചുകൊള്ളുന്നു. മാസികയുടെ ശൈശവദശയിലുണ്ടായിരുന്ന വിഷമതകളെ സഹിക്കുന്നതിനും കഴിയുംവിധം അതിനെ വളൎത്തിക്കൊണ്ടുവരുന്നതിനും അദ്ദേഹം ആഗ്രഹിച്ചിരുന്നു എന്നുള്ളതു് പ്രവൎത്തകന്മാർ ഈ അവസരത്തിൽ കൃതജ്ഞതാപൂൎവ്വം അനുസ്മരിക്കുന്നു. പാലിയം ഹൈസ്കൂളിൽ വളരെക്കാലം സംസ്കൃതപണ്ഡിതനായിരുന്ന അദ്ദേഹം നല്ല വ്യുൽപത്തിയുള്ള ഒരു വിദ്വാനും ഒന്നാംതരം സാഹിത്യരസികനും സംഗീതജ്ഞനും കൂടി ആയിരുന്നു. സരസവും ലളിതവുമായ ഒരു ഭാഷാരീതി അദ്ദേഹത്തിനു വശമുണ്ടായിരുന്നു. അദ്ധ്യാപനവിഷയത്തിൽ സമൎത്ഥനായ അദ്ദേഹം വിദ്യാൎത്ഥികളുടേയും മററുള്ളവരുടേയും സ്നേഹബഹുമാനാദികൾക്കു് ഒരുപോലെ പാത്രമായിത്തീൎന്നിരുന്നു. ബന്ധുജനങ്ങൾക്കു് അദ്ദേഹം ഉത്തമനായ ഒരു ഉപദേഷ്ടാവും വിശ്വസ്തനായ ഒരു മിത്രവുമായിരുന്നു. എന്നാൽ അദ്ദേഹം അൎഹിക്കുന്നിടത്തോളം പ്രശസ്തിയും വിജയവും ജീവിതത്തിൽ അദ്ദേഹത്തിനു ലഭിക്കുവാൻ ഭാഗ്യമുണ്ടായില്ല. അപരിമിതമായ ആലോചനയും എല്ലാത്തിലും ഉള്ള സംശയദൃഷ്ടിയും ആയിരിക്കാം അദ്ദേഹത്തെ ഒരു കൎമ്മവിമൂഢനാക്കിത്തീൎത്തതു്. അല്പമായ ഈ ന്യൂനതകൊണ്ടാണല്ലോ അദ്ദേഹത്തിനു ലഭിക്കേണ്ട ശരിയായ ഉയൎച്ച ഉണ്ടാകാതെ ഇരുന്നതു് എന്നോൎത്തുള്ള വ്യസനം ഒന്നു മാത്രമാണു് ഇത്രയും സൂചിപ്പിക്കുവാൻ ഞങ്ങളെ പ്രേരിപ്പിച്ചതു്. രോഗബാധിതനായി കുറെ നാൾ കിടക്കുകയും, ഉത്തമമായ രീതിയിൽ ചികിത്സ, ശുശ്രൂഷ ഇവ നടക്കുകയും ചെയ്തു എങ്കിലും രോഗം ഇന്നതെന്നു് ആരും പറഞ്ഞു കേട്ടില്ല. മരിക്കുമ്പോൾ അദ്ദേഹത്തിനു് 55 വയസ്സിലധികം പ്രായമില്ല. കുഡുംബനാഥന്റെ ഒരു രക്ഷിതാവും ഉത്തമനായ ഒരദ്ധ്യാപകനും മാന്യനായ ഒരു സുഹൃത്തും ആയിരുന്ന അദ്ദേഹത്തിന്റെ ഈ അകാലദേഹവിയോഗത്തിൽ ഞങ്ങൾക്കുള്ള തീവ്രമായ വ്യസനത്തെ രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മാവിനു് നിത്യശാന്തിക്കായി പ്രാൎത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

## വിദ്യാഭ്യാസക്കമ്മററി.

തിരുവതാംകൂറിലെ വിദ്യാഭ്യാസപദ്ധതി പരിഷ്കരിക്കുന്നതിനെപ്പററി ആലോചിക്കുന്നതിനായി ഒരു കമ്മിററിയെ നിൎദ്ദേശിച്ചിട്ടുണ്ടെന്നുള്ള വിവരം എല്ലാവൎക്കും അറിയാമല്ലോ. കമ്മിററിക്കാർ എന്താണു് ചെയ്തിട്ടു

ള്ളതെന്നൊ, ചെയ്യുവാൻ പോകുന്നതെന്നൊ വിദ്യാഭ്യാസപരിഷ്കാരം ഏതുരീതിയിലാണ് നടപ്പിൽവരുത്തുന്നതെന്നൊ ഇതുവരെയായിട്ടും അറിഞ്ഞുകൂടാ. കമ്മിററിയിൽ വിദ്യാഭ്യാസഡയറക്ടർ, ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ, മലയാളംസ്കൂൾ ഇൻസ്പെക്ടർ, ചില ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ, കാളേജ് പ്രിൻസിപ്പാൾമാർ ആദിയായവരാണ് ഉൾപ്പെട്ടിട്ടുള്ളതു്. അതിൻെറ ഘടനയെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങളുടെ ഇടയിൽ അതൃപ്തിയാണ് കാണുന്നതു്. അംഗങ്ങളിൽ അധികംപേരും വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ച് നല്ലപോലെ പഠിച്ചിട്ടുള്ളവരൊ, വിദ്യാഭ്യാസ പരിഷ്കാരത്തെപ്പററി എന്തെങ്കിലും ഇതിനുമുമ്പ് പറയുകയൊ രേഖപ്പെടുത്തുകയൊ ചെയ്തിട്ടുള്ളവരൊ അല്ല. ഇങ്ങിനെയുള്ള ഒരു കമ്മിററി എന്തുപരിഷ്കാരമാണ് നടപ്പിൽവരുത്തുവാൻ പൊകുന്നതെന്ന് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ശ്രീമാന്മാരായ രങ്കസ്വാമി അയ്യങ്കാർ, ആർ. ഈശ്വരപിള്ള, രാമവർമ്മതമ്പാൻ, സി. ആർ. കൃഷ്ണപിള്ള, ഒ. എം. ചെറിയാൻ മുതലായ വിദഗ്ദ്ധന്മാരെക്കൂടി കമ്മിററിയിൽ ഉൾപ്പെടുത്താതിരുന്നതു് തെററായിപ്പോയെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഈ വിഷയത്തിൽ ഇവരെപ്പോലെ ചിന്തിച്ചിട്ടുള്ളവരൊ, ചിന്തിക്കുന്നവരൊ തിരുവിതാംകൂറിൽ അധികം പേരുണ്ടാകുമെന്നു തോന്നുന്നില്ല. ഏതായാലും, വിദ്യാഭ്യാസസൌധത്തിൻെറ അസ്ഥിഭാരംതന്നെ പൊളിക്കേണ്ടിയിരിക്കുന്നു എന്നും, ചില കേടുപാടുകൾ തീർത്തുകൊണ്ടു മാത്രം പ്രയോജനമുണ്ടാകുകയില്ലെന്നും, കമ്മിററിക്കാർ മനസ്സാക്ഷിയോടുകൂടി പ്രവർത്തിക്കണമെന്നും, മാത്രം ഞങ്ങൾ ഈയവസരത്തിൽ പറഞ്ഞുകൊള്ളുന്നു.

## ബോധനസമിതി.

മി. ഗിരിഭൂഷൻ മുക്കർജി എം. ഏ. ബി. എൽ. എന്നമഹാൻെറ അതിപരിശ്രമഫലമായി ബോധനസമിതി എന്ന ഒരു സ്ഥാപനം ബങ്കാളിൽ ആരംഭിച്ചിരിക്കുന്നു. ഇതിൻെറ ഉദ്ദേശ്യം മനശ്ശക്തി കുറഞ്ഞവരും മാനസികരോഗങ്ങളുള്ളവരുമായ കുട്ടികളെ– ഇവരിൽ ചിലർ അപസ്മാരരോഗമുള്ളവരാണ് – സംരക്ഷിച്ച് പരിശീലനം നൾകുകയാണ്. മഹാകവി ടാഗോർ ആണ് ഈ സ്ഥാപനത്തിന് ഈ പേരുനൾകിയതു്. അവിടെ പരിശീലനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാരും ധാത്രിമാരുമുണ്ടു്. ഇതു് അഭിനന്ദനീയമായ ഒരു പ്രവർത്തിയാണെന്നുള്ളതിന് സംശയമില്ല. ഈ സ്ഥാപനത്തിൻെറ ഭരണസമിതിയുടെ അദ്ധ്യക്ഷൻ മാഡേൺറവ്യൂ പത്രാധിപർ മി: രാമാനന്ദചാറർജി എം. ഏ. ആകുന്നു. ഹീനവും ആഭാ

സവ്യമായ സാഹിത്യം, ദുർമാർഗ്ഗത്തിക്ക് പ്രലോഭനം നൽകുന്ന നാടകങ്ങൾ, നൃത്തങ്ങൾ, ചിത്രങ്ങൾ എന്നിവയെ തടയുന്നതിന് ആരംഭിച്ചിട്ടുള്ള "സുനീതി" സംഘത്തിൻെറ അദ്ധ്യക്ഷനും ഇദ്ദേഹംതന്നെയാണ്.

## തിരുവിതാംകൂറിലെ ശിക്ഷാക്രമ പാഠശാലകൾ.

പൊതുസ്ഥാപനങ്ങൾ എല്ലാം അതതിൻെറ ആവശ്യക്കാർക്ക് ഉപകരിക്കത്തക്ക പരിസരത്തിൽ സ്ഥാപിക്കേണ്ടതാണ്. വിദ്യാലയങ്ങൾ തികച്ചും ഈ തത്വം അടിസ്ഥാനപ്പെടുത്തി പ്രതിഷ്ഠിക്കപ്പെട്ടിരിക്കണം. തിരുവിതാംകൂറിലെ ശിക്ഷാക്രമപാഠശാലകളുടെ സ്ഥാപനം ഈ അവസരത്തിൽ ഞങ്ങൾ അധികാരികളുടെ ശ്രദ്ധക്ക വിഷയീഭവിപ്പിച്ചുകൊള്ളുന്നു. മദ്ധ്യതിരുവിതാംകൂറിൽ മൈൽക്കററികൾ പോലെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈ സ്ഥാപനങ്ങൾ ഒന്നു മാററിപ്രതിഷ്ഠിക്കേണ്ടസമയം അതിക്രമിച്ചിരിക്കയാണ്. ഒരു താലൂക്കിൽത്തന്നെ ഇത്തരം ഒന്നിലധികം ഗവർമേണ്ടുസ്ഥാപനങ്ങൾ ഉള്ളതു് ഇതേവരെ അധികാരികളുടെ ശ്രദ്ധക്ക വിഷയീഭവിച്ചിട്ടില്ലെന്നു് തോന്നിപ്പോകുന്നു. ഇതിൻെറ സ്ഥാപകന്മാരുടെ ഉദ്ദേശം എന്തുതന്നെ ആയിരുന്നാലും തിരുവിതാംകൂറിൻെറ നാനാഭാഗത്തുനിന്നും വന്നുചേരേണ്ട അദ്ധ്യാപകന്മാർക്ക് വിശേഷിച്ച് ഉത്തരദേശീയർക്ക് ഈ സ്ഥാപനങ്ങളുടെ സ്ഥാനം അസൗകര്യപ്രദമായിട്ടാണിരിക്കുന്നതു്. ഏററുമാനൂർ, കോട്ടയം, ചങ്ങനാശേരി, തിരുവല്ല എന്നിങ്ങനെയുള്ള സ്ഥലങ്ങളിലെ വിദ്യാലയങ്ങളുടെ സ്ഥാനം തിരുവിതാംകൂറിലെ ഉത്തരഭാഗത്തെ സ്പർശിക്കാതെതന്നെ കടന്നുപോയിരിക്കുന്നു. തൊടുപുഴമുതൽ പറവൂർ വരെയുള്ള സ്ഥലങ്ങളുടെ മദ്ധ്യത്തിൽ എവിടെയെങ്കിലും ഒരു ശിക്ഷാക്രമപാഠശാലയുടെ ആവശ്യം ഒഴിച്ചുകൂടാത്ത ഒന്നാണ്. ഈ അവസരത്തിൽ പെരുമ്പാവൂർ, ആലുവ എന്നീ രണ്ടു സ്ഥലങ്ങളാണ് വിദ്യാലയസ്ഥാനപത്തിന് പററിയതായി ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതു്. ഇവയിൽ, സഞ്ചാരസൗകര്യം, ജലസമൃദ്ധി, സുഖവാസസ്ഥാനം, പരിസരങ്ങളിലുള്ള സ്കൂളുകളുടെയും മററും സമൃദ്ധി, കാളേജുകളുടെ സാമീപ്യം എന്നിവയിൽ ആലുവ അഗ്രസ്ഥാനം അർഹിക്കുന്നു. അതുകൊണ്ട് ഏററുമാനൂർ സ്ഥിതിചെയ്യുന്ന ശിക്ഷാക്രമപാഠശാല ആലുവായ്ക്കു മാററി സ്ഥാപിക്കുന്നതു് സർവഥാ ആദരണീയമായിരിക്കുമെന്നാണ് ഞങ്ങളുടെ ദൃഢമായ വിശ്വാസം. ചീഫ് ഇൻസ്പെക്ടരുടെ നിഷ്പക്ഷമായ ദൃഷ്ടി ഇതിൽ പതിഞ്ഞു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

# വീരാരാധന.

അഥവാ

ബാബുസുരേന്ദ്രനാഥബാനർജി.

വില 6 ണ.

ഗ്രന്ഥകത്താ:— സി. ജി. അനന്തൻപിള്ള ബി. ഏ.

"ലക്ഷ്മീഭായി" ഈ പുസ്തകത്തെപ്പററി ഇങ്ങിനെ അഭിപ്രായപ്പെടുന്നു:-

"പേരിന്നല്ല പ്രമേയത്തിനാണ് പ്രാധാന്യം കല്പിക്കേണ്ടതു്. "വീരാരാധന" എന്ന ശബ്ദംകൊണ്ടു് ഒരു ഗ്രന്ഥാവലിയുടെ നാമധേയം മാത്രമെ കരുതേണ്ടതുള്ളു. ഈ ഗ്രന്ഥാവലിയിലെ ഒന്നാംപുസ്തകമായി പ്രസിദ്ധപ്പെട്ടത്തിയിട്ടുള്ളതു് ലോകപ്രസിദ്ധനായ ആ സുരേന്ദ്രനാഥബാനർജിയുടെ ജീവചരിത്ര സംഗ്രഹമാണ്. മഹാഭാരതംപോലെ പറഞ്ഞാലൊടുങ്ങാത്ത ആ മഹാത്മാവിൻെറ ചരിത്രം സംക്ഷേപിച്ചെഴുതി അദ്ദേഹത്തിൽ ഭക്തിബഹുമാനങ്ങൾ വായനക്കാർക്കുണ്ടാക്കിത്തീർക്കുന്ന ഗ്രന്ഥകത്താവിൻെറ രചനാപാടവം പ്രശംസനീയമായിരിക്കുന്നു. ഭാഷാരംഗത്തിൽ പ്രവേശിച്ചു് അവതാളംചവിട്ടി അരങ്ങുമുഷിപ്പിക്കുന്ന ഇപ്പോഴത്തെ പുത്തൻകൂററുകാരുടെ കൂട്ടത്തിലല്ല, ഇതിൻെറ പ്രണേതാവായ ശ്രീമാൻ സി. ജി. അനന്തൻപിള്ള അവർകൾ ബി. എ. എന്നു പറയുന്നതിൽ ഞങ്ങൾക്കു് അപാരമായ സന്തോഷമുണ്ടു്.

"ഗുരുകാരുണ്യഃമാടെൻെറ ഗുരുനാഥനമെപ്പൊഴും
പരിചോടുമനക്കാമ്പിൽ പരിശോഭിക്കണം ക്ഷണം"

എന്നു നിത്യവും പ്രാത്ഥിക്കുന്നവക്കു് മറിച്ചുവരാൻ വഴിയില്ലല്ലൊ.. വിതയ്ക്കുവാൻ കൊണ്ടുപോകുന്ന വിത്തിലും ഇടയ്ക്കു് ഓരോ പതിരുകണ്ടാൽ അതു് ആരും അത്ര വകവെക്കാറില്ല. ഈ യുവകവിയുടെ പ്രയത്നം ഉത്തരോത്തരം അഭിവൃദ്ധി പ്രാപിപ്പാൻ ഞങ്ങൾ സവേശ്വരനെ ഹൃദയപൂവം പ്രാത്ഥിച്ചുകൊള്ളുന്നു."

## ഇക്കൊല്ലത്തെ പാഠപുസ്തകങ്ങൾ

# വില്പാനുണ്ടു്.

ലയാളം ഇംഗ്ലീഷ് സ്കൂളുകളിലേക്കു് ഇക്കൊല്ലം നിശ്ചയിച്ചിട്ടുള്ള പാഠപുസ്തകങ്ങൾ വില്പാനുണ്ടു്.

ഈശ്വരവിലാസം പുസ്തകശാല,
പറവൂർ.